www.malankaralibrary.com

ഡിസംബർ 2023

# ക്രൈസ്തവ കാഹളം



## ദൈവം നമ്മോടുകൂടെ

www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, മഹത്ത്വത്തിലും അപമാനത്തിലും സത്കീർത്തിയിലും ദുഷ്കീർത്തിയിലും വഞ്ചകയെന്നു കരുതപ്പെട്ടപ്പോഴും സത്യസന്ധയായി, എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com

Merry Christmas



# ക്രിസ്തുമസ്
# പുതുവത്സരാശംസകൾ

www.malankaralibrary.com






# ഉള്ളടക്കം

ഡിസംബർ 2023 വാല്യം 84 ലക്കം 12

ക്രൈസ്തവ കാഹളം

രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

എഡിറ്റോറിയൽ 5
പിതൃമൊഴി 6
ഇതാ ഇമ്മാനുവേൽ 8
വിശ്വസാഹിത്യത്തിലെ തിരുപ്പിറവിക്കഥകൾ 12
മഹാനായ വി. ലിയോ മാർപാപ്പ 22
മ്യൂസിയത്തിലാകുന്ന നവകേരളം 31
ശ്ഹോഗോ ദ് ഉറ്ഹോ (വഴിവിളക്ക്) 36
ഗ്രന്ഥനിരൂപണം 39
സിനിമാ നിരൂപണം 40

www.malankaralibrary.com

# എഡിറ്റോറിയൽ

## കൂടെ വസിക്കുന്ന ദൈവം

ക്രിസ്തുമസ് സമാഗതമാകുന്നു. ക്രിസ്തുമസിന് ഒരുക്കമായിട്ടുള്ള 25 നോമ്പിലേക്ക് നാം പ്രവേശിക്കുകയാണ്. നോമ്പുനോക്കി പ്രാർത്ഥിച്ച് ഒരുങ്ങാൻ മാത്രം ക്രിസ്തുമസിന് എന്താണിത്ര പ്രത്യേകത? മനുഷ്യചരിത്രം പരിശോധിക്കുമ്പോൾ ദൈവം മനുഷ്യന് തൊട്ടടുത്തെത്തിയ ധാരാളം സംഭവങ്ങൾ വിശുദ്ധ വചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മനുഷ്യൻ ദൈവത്തെ തൊട്ടറിഞ്ഞ നിമിഷങ്ങൾ ക്രിസ്തു സംഭവത്തിൽ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏക സത്യദൈവവിശ്വാസം ലോകത്തിന് നൽകിയത് ഇസ്രായേലാണ്, യഹൂദരാണ്. ഹെബ്രായനായ മോശയാണ് ഏകസത്യദൈവവിശ്വാസത്തിന്റെ അടിസ്ഥാന കൽപന സീനായ് മലയിൽ വച്ച് ദൈവത്തിൽ നിന്ന് കൈപ്പറ്റി ലോകത്തിനു നൽകിയത്. അന്നുമുതൽ ഈ ഏകസത്യദൈവത്തെ കണ്ടാരാധിക്കുവാൻ മനുഷ്യൻ ആഗ്രഹിക്കുന്നു. എന്നാൽ അതിന് മനുഷ്യ സമൂഹം വേണ്ടത്ര ഒരുക്കപ്പെട്ടിരുന്നില്ല. അന്നുമുതൽ പ്രവചനങ്ങളെല്ലാം മനുഷ്യാവതാരം സ്വീകരിക്കുന്ന ദൈവത്തെക്കുറിച്ചായിരുന്നു. അതിലും വലിയ ഒരു പ്രവചനവും ആ കാലഘട്ടത്തിലോ പിൽക്കാലത്തോ നടന്നിട്ടില്ല. മനുഷ്യചരിത്രത്തിന്റെ ഗതിനിർണ്ണയിച്ച സംഭവമായിരുന്നു യേശുവിന്റെ ജനനം. യേശുവിന്റെ ജനനത്തോടെ ചരിത്രം യേശുവിനു മുൻപും യേശുവിനു ശേഷവും എന്ന് രണ്ടായി പിരിഞ്ഞു. ക്രിസ്തുവിന്റെ ജനനത്തോടെ മനുഷ്യകുലം പ്രകാശം കണ്ടു എന്നുള്ളത് ഈ ചരിത്രത്തിന്റെ പ്രത്യേകതയാണ്. ഇടയന്മാർ വലിയ വെളിച്ചം കണ്ടു എന്ന് രേഖപ്പെടുത്തിയത് ഹൈ വോൾട്ടേജിലുള്ള പ്രകാശം കണ്ടു എന്നല്ല. ആ വെളിച്ചം അവരുടെ ഉള്ളിലാണ് നിറഞ്ഞത്. ആ വെളിച്ചത്തിന്റെ പ്രത്യേകത ദൈവത്തെകണ്ടാൽ തിരിച്ചറിയും എന്നുള്ളതാണ്. അതുകൊണ്ടാണവർ പുൽതൊഴുത്തിലെ ശിശുവിനെകണ്ട് ആരാധിച്ച് മടങ്ങിയത്. അന്ധകാരത്തിലുള്ള ജനതയ്ക്ക് ക്രിസ്തു ദൈവമാണെന്ന് തിരിച്ചറിയണമെങ്കിൽ അവനെ ആരാധിക്കണമെങ്കിൽ ഈ വെളിച്ചം ആവശ്യമാണ്.

യേശുവിന്റെ ജനനത്തിലൂടെ കൂടെ വസിക്കുന്ന ഒരു ദൈവത്തെയാണ് മനുഷ്യന് ലഭിച്ചത്. മനുഷ്യവംശത്തിന്റെ ഏറ്റവും വലിയ ഭാഗ്യവും അവന്റെ ദൈവം അവനോടുകൂടെ താമസിക്കുവാൻ സന്നദ്ധനായി എന്നുള്ളതാണ്. ഇതിലും ശ്രേഷ്ടമായ ഒരു കാര്യവും ഈ ലോകത്ത് നടന്നിട്ടില്ല, ഇനി നടക്കാൻ പോകുന്നുമില്ല. ക്രിസ്തുമസ് ചുരുളഴിയുന്ന ദൈവിക പദ്ധതിയുടെ കലവറയാണ്. മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതികൾ വ്യത്യസ്തമാണ്.



**റവ. ഫാ. ബോവസ് മാത്യു**
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com

# പിതൃമൊഴി



# ക്രിസ്തുമസ്: സകല മനുഷ്യർക്കുമുള്ള ദൈവസാന്നിദ്ധ്യം

ഇമ്മാനുവേൽ! ദൈവം നമ്മോടുകൂടെ! തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട നമ്മോടുള്ള അനന്ത സ്നേഹത്തെപ്രതി നമ്മോടൊപ്പം വസിക്കുവാൻ ദൈവം സ്വർഗ്ഗം ചായിച്ചിറങ്ങി വന്ന തിരുനാൾ! ക്രിസ്തുമസ്! അകലങ്ങൾ കുറച്ച് അടുത്ത് വന്ന് കൂടെ പാർക്കുന്നവന്റെ ജന്മദിനത്തിന്റെ ഓർമ്മ; അതാണ് ക്രിസ്തുമസ്! മനുഷ്യരൂപം ധരിച്ച ദൈവം ഇമ്മാനുവേലായി നിങ്ങളോടുകൂടെയിരിക്കട്ടെ!

“നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ലാ, അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയായി സ്വപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം” (1 യോഹ 4: 10) എന്ന ദൈവവചനം ആഴത്തിൽ ധ്യാനവിഷയമാകേണ്ടതുണ്ട്. തന്റെ ഏകജാതനെ മനുഷ്യനായി ലോകത്തിലേക്കയക്കുന്ന ദിനം! എല്ലാ ദിനവും ദൈവം ലോകത്തിന് ഉറപ്പു നല്കുന്ന ദിവസമാണ്. ക്രിസ്തുമസ് ദിനം അപ്രകാരം വലിയ ഒരു ഉറപ്പ് ദൈവം ലോകത്തിനു നൽകുന്നു - ഞാൻ ഇമ്മാനുവേൽ - കൂടെ വസിക്കുന്ന ദൈവം! ഇനിമേൽ നിങ്ങൾ അന്യരല്ലാ, എനിക്ക് പ്രിയപ്പെട്ട ജനം! ഞാൻ നിങ്ങളോടൊത്ത് വസിക്കുന്ന നിങ്ങളുടെ ദൈവം! മനുഷ്യകുലത്തിന്റെ ദൈവാന്വേഷണവും ദൈവത്തിന്റെ തന്നെക്കുറിച്ചുള്ള വെളിപ്പെടുത്തലിന്റെ പൂർണ്ണതയും യേശുക്രിസ്തുവിൽ സമ്മേളിക്കുന്നു. മനുഷ്യനെ ദൈവത്തിലേക്ക് നയിക്കുന്ന നേർപാതയും ആ പാതയിൽ പ്രകാശവുമാണ് നിത്യപ്രകാശമായ യേശുക്രിസ്തു - വിശ്വദീപ്തി! സകല മനുഷ്യർക്കുമുള്ള ദൈവത്തിന്റെ സന്തോഷവാർത്തയായി ക്രിസ്തുമസ് രൂപപ്പെട്ടത് ആയതിനാലാണ്. സകല മനുഷ്യർക്കും പ്രകാശം സകല മനുഷ്യർക്കും ജീവൻ സകല മനുഷ്യർക്കും ദൈവസാമീപ്യം ഇതിനേക്കാൾ ദൈവസമ്പാദനം ഉറപ്പുവരുത്തുവാൻ മനുഷ്യർക്ക് എങ്ങനെ കഴിയും? മനുഷ്യരെ അനാഥരായി വിട്ടുകളയാത്ത ദൈവത്തിന്റെ

www.malankaralibrary.com

സംരക്ഷണത്തിന്റെ മഹാപെരുന്നാളാണ് ക്രിസ്മസ്! യേശുക്രിസ്തുവെന്ന ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ വിസ്മയനീയ കാരണങ്ങൾ പരിശോധിക്കുമ്പോൾ ദൈവം മനുഷ്യനായി നമ്മുടെ ഇടയിൽ എന്തിനു വന്നു എന്നത് ഏവരേയും വിസ്മയ ഭരിതരാക്കുന്നു, നമ്ര ശിരസ്കരാക്കുന്നു.

ദൈവം മനുഷ്യനായി ഈ മണ്ണിൽ പിറന്നതു വഴി ഈ ലോകം കൂടുതൽ പ്രത്യാശാ നിർഭരമായിരിക്കുന്നു; മനുഷ്യകുലം കൂടുതൽ മഹത്വമാർന്നിരിക്കുന്നു. എന്നാൽ മനുഷ്യാന്തസ്സിനെ അൽപ്പം പോലും വിലമതിക്കാതെ അവരുടെ ജീവനെ നിഷ്കരുണം നശിപ്പിക്കുന്ന യുദ്ധങ്ങളുടെ കാഹളങ്ങൾക്കിടയിലാണ് നമ്മളീ തിരുനാൾ ആഘോഷിക്കുന്നത് എന്നത് എത്ര ദുഃഖകരമാണ്. മനുഷ്യരെ ബന്ദികളാക്കുകയും കുഞ്ഞുങ്ങൾ ഉൾപ്പടെയുള്ളവരെ വധിക്കുകയും ചെയ്യുന്ന ആസുരകാലത്താണ് നാമീ സ്വാതന്ത്ര്യത്തിന്റെ പെരുന്നാൾ ഘോഷിക്കുന്നത്! കാപട്യത്തെ അത്രമേൽ വെറുത്ത നിഷ്ക്കളങ്കനായ മനുഷ്യപുത്രന്റെ ജനനപ്പെരുന്നാളിൽ പോലും കാപട്യമില്ലാത്ത മനുഷ്യരെ കണ്ടെത്തുക എത്ര പ്രയാസമാണ്! ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിക്കാതെ എല്ലാം ഉപേക്ഷിച്ച് മനുഷ്യനായവന്റെ തിരുനാൾ പണത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി എന്തു ചെയ്യാൻ മടിക്കാത്ത മനുഷ്യരാൽ ആഘോഷിക്കപ്പെടുന്നതു കാണേണ്ടി വരുന്നത് എത്ര ഹൃദയഭേദകമാണ്. എന്നിരുന്നാലും ക്രിസ്തുമസ് സന്മനസുള്ള മനുഷ്യരെ പ്രതീക്ഷിക്കുന്നു. സമാധാനകാംക്ഷികളിൽ പ്രത്യാശ വയ്ക്കുന്നു.

യേശു സർവ്വജനത്തിന്റെയും രക്ഷകനായിട്ടാണ് ബെത്‌ലഹേമിൽ ജനിക്കുന്നത്. ഭയപ്പെട്ടുപോയ ആട്ടിടയരോട് യേശുവിന്റെ ജനനത്തെക്കുറിച്ച് സ്വർഗ്ഗത്തിലെ മാലാഖമാർ പാടിയത് “സർവ്വലോകത്തിനുമായുള്ള സന്തോഷത്തിന്റെ സദ്‌വാർത്ത‘ എന്നാണ്. നിങ്ങൾക്കായി ഒരു രക്ഷകൻ ബെത്‌ലഹേമിൽ ജനിച്ചിരിക്കുന്നു. യേശുവിന്റെ ജനനത്തിന് മുന്നോടിയായി സുവിശേഷങ്ങളിൽ അവിടുത്തെ വംശാവലി പ്രതിപാദിക്കുന്നു. യേശുവിന്റെ വംശം മനുഷ്യവംശവും അവന്റെ കുലം മനുഷ്യകുലവുമാണ്. അവന്റെ അമ്മ മറിയമാണ്. യൗസേപ്പാണ് അവൻറെ വളർത്തുപിതാവ്. ദാവീദിന്റേതാണ് അവന്റെ കുടുംബം. എന്നാൽ സ്വർഗ്ഗം പ്രഘോഷിക്കുന്നു ഈ ശിശു സർവ്വലോകത്തിന്റേതുമാണെന്ന്. മൃഗങ്ങളാണ് അവന്റെ ജനനത്തിന് സാക്ഷ്യം. അവൻ ജനിച്ചത് സർവ്വ ജീവജാലങ്ങൾക്കും വേണ്ടി. ഒരു ദേശത്ത് പരിമിതപ്പെടുവാൻ ആവാത്ത വിശാലമായ മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളിലും നിറഞ്ഞു നിൽക്കുന്ന യേശുസമീപനമാണ് അവന്റെ ജനനത്തിനും പ്രകടമാകുന്നത്. പരിമിതികളില്ലാത്ത ദൈവകരുണയുടെ ശ്രേഷ്ഠമായ അവതരണം. അതാണ് ബെത്‌ലഹേമിലെ പുൽക്കൂട്. ജനനമെന്ന യേശു ജീവിതത്തിന്റെ ഘട്ടം നമ്മുടെ മുമ്പിൽ ഒരുകാര്യം വെളിവാക്കുന്നു. യേശു എന്നത് ഒരു കാലഘട്ടത്തെയോ ഒരു പ്രത്യേക ജനവിഭാഗത്തെയോ അല്ല പ്രതിനിധീകരിക്കുന്നത്. പിന്നെയോ അവൻ എല്ലാവർക്കും വേണ്ടിയാണ്, എല്ലാറ്റിനും വേണ്ടിയാണ്. മനുഷ്യകുലത്തിലെ സകലർക്കും വിശിഷ്യാ തനിക്ക് ആരുമില്ലായെന്ന് വിചാരിക്കുന്നവർക്കും ദൈവം നൽകുന്ന ഉറപ്പാണ് യേശുവിന്റെ നാമം! അവൻ ഇമ്മാനുവേലാണ്; നമ്മോടു കൂടെയുള്ള ദൈവമാണ്!

ക്രൈസ്തവ കാഹളത്തിന്റെ മാന്യ സുഹൃത്തുക്കൾക്കും വായനക്കാരായ നിങ്ങൾ എല്ലാവർക്കും ക്രിസ്തുമസ്സിന്റെ സർവ്വ അനുഗ്രഹങ്ങളും ആശംസിക്കുന്നു. പുതുവത്സരം, ദൈവതിരുസാന്നിദ്ധ്യത്തിന്റെ മേർക്കാഴ്ചയായി, വേറിട്ട കാലഘട്ടമായി നിങ്ങൾക്ക് ഏവർക്കും അനുഭവവേദ്യമായിരിക്കട്ടെ!

നിങ്ങളുടെ പിതാവ്,

+Baselios Cleemis

✠കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ്
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

www.malankaralibrary.com





# ബേത്‌ലഹേം ധ്യാനാത്മകതയുടെ ഇടം



**റവ. ഫാ. ഗീവർഗ്ഗീസ് വലിയചാങ്ങവീട്ടിൽ**

അസ്ഥിരവും ക്ഷണികവുമായ ഈ ലോകത്തിൽ നിറവും വെളിച്ചവും മങ്ങിയ നക്ഷത്രങ്ങൾ വഴി കാട്ടാതെ വരുമ്പോൾ ബേത്‌ലഹേം നമ്മുക്കു നഷ്ടമാകും. നമുക്കു ചുറ്റും തിന്മ ആടിതിമിർക്കുമ്പോൾ സ്വത്വബോധം നഷ്ടപ്പെടാൻ സാധ്യതയേറെയാണ്. അപ്പോൾ നാം പോകേണ്ടത് ബേത്‌ലഹേമിന്റെ നിശ്ശബ്ദതയിലേക്കാണ്. 'Rabbi Ben Ezra' എന്ന കവിതയിൽ റോബർട്ട് ബ്രൗണിംഗ് കുറിച്ചതുപോലെ 'The best is not yet to be' - നമ്മിലെ ഏറ്റവും നല്ലതു ഇനിയും യാഥാർത്യമായിട്ടില്ല. ആതിനുവേണ്ടി ബേത്‌ലഹേമിലേക്ക് നമ്മുക്ക് ഒരു യാത്ര തുടങ്ങാം. നിശ്ശബ്ദതയെ തഴുകിയുള്ള ഒരു തുടക്കം. ആഘോഷങ്ങൾക്കും ആരവങ്ങൾക്കും അപ്പുറം ജീവിതം കൂടുതൽ ധ്യാനാത്മകമാക്കാം.

ദൈവത്തിന്റെ മനുഷ്യാവതാരത്തിന്റെ ദൈവശാസ്ത്ര വിശകലനവും ആരാധനാധിഷ്ഠിത വിചിന്തനവും ക്രിസ്തുമസ് ആത്മീയമായൊരു ആഘോഷമാക്കാൻ നമ്മെ സഹായിക്കും. ദൈവം കൂടെ വസിക്കുന്ന ആത്മീയാനുഭവം പഴയനിയമത്തിൽ ഇസ്രായേൽ ജനത്തിനുണ്ടായിരുന്നു. (മേഘം, ദീപസ്തംഭം, മന്ന, കാടപക്ഷി, വാഗ്ദാനപേടകം, പാറയിലെ ജലം) അവരുടെ ജീവിതത്തെയാകമാനം സംരക്ഷിക്കുന്നത് അവരുടെ കൂടെയുണ്ടായിരുന്ന ദൈവസാന്നിധ്യമാണ്. അതവരെ എല്ലാ ജനതകളിലും വ്യത്യസ്തരാക്കി. വിപ്രവാസകാലത്തും ദൈവസാന്നിധ്യം അവർക്ക് അന്യമായിരുന്നില്ല. എന്നാൽ ദൈവസാന്നിധ്യത്തിന്റെ സമ്പൂർണ്ണത ലോകം കണ്ടത് ബേത്‌ലഹേമിൽ മനുഷ്യനായി അവതരിച്ച യേശുവിലാണ്. “ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും” മത്താ 1: 23).

### ബേത്‌ലഹേം

ജറുസലേമിന് തെക്കുകിഴക്കു ഭാഗത്തുള്ള ഒരു ചെറിയ ഗ്രാമം. ഹെബ്രായ ഭാഷയിൽ ഇതിനർത്ഥം ‘അപ്പത്തിന്റെ ഭവനം’ എന്നാണ്. മരുഭൂമിയിൽ മന്നായേകി തന്റെ ജനത്തെ സംരക്ഷിച്ച ദൈവം കാലത്തികവിൽ ബേത്‌ലഹേമിൽ വന്നു പിറന്നു. പഴയനിയമത്തിൽ ദൈവസാന്നിധ്യം അദൃശ്യമായിരുന്നു. എന്നാൽ മനുഷ്യാവതാരത്തിൽ യേശുവിൻ സാന്നിധ്യം ജനത്തിന് ദൃശ്യമായി, സമീപസ്ഥമായി. യേശുവിന്റെ ജനനത്തിൽ ദൈവസാന്നിധ്യാനുഭവം അതിന്റെ പൂർണ്ണതയിൽ നമുക്ക് സംലഭ്യമായി

www.malankaralibrary.com

മനുഷ്യനെത്തേടി വന്ന ദൈവത്തെയാണ് പുൽക്കൂട്ടിൽ നാം കാണുന്നത്.

അക്കാലത്തെ ജനങ്ങൾക്ക് പ്രത്യാശ നൽകിയ എന്നാൽ അധികാരവർഗ്ഗത്തിൽ വിസ്മയവും അവിശ്വാസവും ജനിപ്പിച്ച യേശുവിന്റെ ജനനം മനുഷ്യബുദ്ധിക്ക് അതീതമായ ദൈവ പദ്ധതിയുടെ വെളിപ്പെടലായിരുന്നു. യേശുവിന്റെ ജനനം വിളിച്ചറിയിക്കുന്ന അനേകം പ്രതീകങ്ങൾ പ്രകൃതിയിലും ആകാശത്തും ഉദിച്ചു, ഇവിടെ ഉദിച്ചുയർന്ന നക്ഷത്രം മിശിഹായെക്കുറിച്ചുള്ള ബാലാമിന്റെ പ്രവചനം അനുസ്മരിപ്പിക്കുന്നു. "യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും. ഇസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും (സംഖ്യ 24:17). വാനിലുയർന്ന നക്ഷത്രത്തെ ദൈവപുത്രന്റെ അടയാളമായവർ മനസ്സിലാക്കി, "ഞങ്ങൾ കിഴക്ക് അവന്റെ നക്ഷത്രം കണ്ട് അവനെ ആരാധിക്കാൻ വന്നിരിക്കുകയാണെന്ന്" ജ്ഞാനികൾ പറയുന്നത് (മത്താ 2:2) അതുകൊണ്ടാണ്. നന്മയുടെ നക്ഷത്രങ്ങളെല്ലാം ദൈവസാന്നിധ്യത്തിന്റെ അടയാളങ്ങളാണ്. അവ പ്രത്യാശ പകരുന്നവയാണ്. നമ്മിൽ പ്രതീക്ഷയുണർത്തുന്ന ദിവ്യതേജസ്സാണ്.

**പ്രകാശം മങ്ങുന്ന നക്ഷത്രങ്ങൾ**

നക്ഷത്രത്തെക്കുറിച്ച് കേട്ടപ്പോൾ ഹേറോദേസ് രാജാവ് അസ്വസ്ഥനായി. ദൈവസാന്നിധ്യത്തിൽ അസ്വസ്ഥരാകുന്നവരുടെ പ്രതീകമാണ് രാജാവ്. നന്മയ്ക്കു നിറം മങ്ങുന്ന കാലമാണിത്. അത്തരം നക്ഷത്രങ്ങളെ ക്രമേണ ഇല്ലാതാക്കാനുള്ള ശ്രമമാണെവിടയും. നമ്മിൽ സംഭവിക്കുന്ന ആത്മീയ ജീർണ്ണതയും മൂല്യാപചയവും നമ്മിലെ വെളിച്ചത്തെ ഇല്ലാതാക്കുന്നു. തിന്മ ശക്തി പ്രാപിക്കുന്ന ഇക്കാലത്ത് നമുക്കു ചുറ്റും അന്ധകാരം വർദ്ധിക്കുകയാണ്. ആരമീയത നഷ്ടപ്പെട്ട ആരവങ്ങളും ആഘോഷങ്ങളുമാണ് നമുക്കിഷ്ടം. ദൈവസാന്നിധ്യാവബോധം നമ്മിലിന്ന് അന്യമായിപ്പോകുന്നു. എല്ലാറ്റിനോടും നിസംഗത പുലർത്തുന്ന നമ്മൾ അനുദിനം കൂടുതൽ സ്വാർത്ഥരാകുന്നു. സ്നേഹവും ആത്മാർത്ഥതയും അങ്ങനെ നഷ്ടപ്പെടുത്തി. ലഹരിയും മൂല്യശോഷണവും സാമൂഹ്യബന്ധങ്ങളിലും വ്യക്തികളിലും തകർച്ചയ്ക്ക് കാരണമാകുന്നു. അധികാരാധിപത്യത്തിൽ തീർക്കുന്ന കാപട്യത്തിന്റെ മാസ്മരിക ലോക ലോകത്തിൽ, ജീവിക്കാനുള്ള അവ കാശം പോലും നിഷേധിക്കപ്പെടുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്തങ്ങൾ ഏറ്റുവാങ്ങുന്ന ദരിദ്രരായ അനേകായിരങ്ങളുടെ ജീവനും നിലനിൽപ്പും സമ്പന്നലോകം നിസ്സാരമാക്കി വിസ്മരിക്കുന്നു.

സ്വാർത്ഥനേട്ടങ്ങൾക്കും സ്വജനപക്ഷപാതത്തിനും വേണ്ടി നിയമങ്ങൾ വ്യാഖ്യാനിച്ച് സ്വന്തം പ്രവത്തികളെ ന്യായികരിക്കുന്ന ഉത്തരവാദിത്തപ്പെട്ടവർ അഴിമതിയും അരാജകത്വവും സൃഷ്ടിക്കുന്നു. മദ്യം എന്ന മഹാവിപത്തിന്റെ ലഭ്യത വർദ്ധിപ്പിച്ച് മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ആഹ്വാനം നൽകുന്ന അധികാരികൾ മരണത്തിന്റെ മൊത്തവ്യാപാരികളാണ്. വെർച്വൽ ലോകത്ത് ജീവിക്കാൻ ഇഷ്ടപ്പെടുന്ന ഇന്നത്തെ തലമുറയ്ക്ക് യാഥാർത്ഥ്യബോധം നഷ്ടമാകുന്നു. സ്നേഹത്തെ വെറും ലൈംഗികാസക്തിയായി കണ്ട് അതിന്റെ തന്മയീഭാവങ്ങളോടെ ത്യാഗവും വിശുദ്ധിയും അവഗണിക്കുന്നു. സ്നേഹിക്കുന്നവരുടെ ജീവനെടുക്കുന്ന പ്രണയപകകളും കൊലപാതകങ്ങളും വർദ്ധിക്കുമ്പോൾ സ്നേഹം സമ്മാനമായി തന്ന ക്രിസ്തുമസ് നമ്മിലുണർത്തുന്ന നവോന്മേഷവും പുത്തൻ കാഴ്ചപ്പാടും ആത്മീയതയും നാം തിരിച്ചറിയണം.



പ്രകാശം മങ്ങുന്ന നക്ഷത്രങ്ങൾ വഴികാട്ടാതെ വരുമ്പോൾ മുമ്പോട്ടുള്ള യാത്ര ഏറെ ദുഷ്കരമാകുന്നു. രക്ഷകനെത്തേടിയുള്ള യാത്രയിൽ വഴിതെറ്റി രാജകൊട്ടാരത്തിലെത്തിയ ജ്ഞാനികളെപ്പോലെ നമുക്കും വഴിതെറ്റിപ്പോയെന്നുവരാം.

**ക്രിസ്തുമസ്: ആത്മീയതയുടെ ആഘോഷം**

ബേത്‌ലഹേമിൽ പിറന്ന ദൈവപുത്രനെ അന്ധകാരത്തിൽ ഉദിച്ചുയർന്ന പ്രകാശമെന്നും മരണനിഴലിൽ കഴിഞ്ഞവർക്കായി തെളിഞ്ഞ ദീപ്



www.malankaralibrary.com

തിയെന്നും (മത്താ 4:16) സുവിശേഷകൻ സാക്ഷ്യപ്പെടുത്തുമ്പോൾ എല്ലാത്തരത്തിലുമുള്ള അന്ധകാരത്തിലായൊരു ജനതയുടെ ജീവിതത്തിലേക്ക് പ്രതീക്ഷയായി ദൈവപുത്രൻ വീണ്ടും വരികയാണ്. അങ്ങനെയെങ്കിൽ ആലസ്യം വിട്ടുണരാനുള്ള ആഹ്വാനമാണ് ക്രിസ്തുമസ് നൽകുന്നത്. 'Lord I Need You' എന്ന പാട്ടൊരു ഓർമ്മപ്പെടുത്തലാണ് – ദൈവമേ എനിക്കു നിന്നെ വേണം. നീയില്ലെങ്കിൽ ഞാൻ വീണു പോകും. നിയാണെന്റെ ഹൃദയത്തെ നയിക്കുന്നവൻ –മനോഹരമായ ഈ ഗാനത്തിന്റെ വരികൾ പ്രതീക്ഷയോടെ ദൈവത്തെ വരവേൽക്കാനാണ് നമ്മോടാവശ്യപ്പെടുന്നത്.

ആദിമാതാപിതാക്കളുടെ അനുസരണക്കേടിലൂടെ പാപവും മരണവും മനുഷ്യജീവിതത്തിലെത്തി അന്നുമുതൽ രക്ഷകനുവേണ്ടിയുള്ള കാത്തിരിപ്പും ആരംഭിച്ചു. കൂടെ നടന്ന ദൈവം അദൃശ്യനായപ്പോൾ പ്രവാചകന്മാരിലൂടെയും ന്യായാധിപന്മാരിലൂടെയും ദൈവമന സംസർഗ്ഗം അനസ്യൂതം തുടർന്നു. അവർ ദൈവഹിതത്തിന്റെയും വചനത്തിന്റെയും പ്രഘോഷകരായി ഇസ്രായേൽ ജനത്തെ നയിച്ചു. ജനങ്ങളിൽ പാപബോധമുളവാക്കി തിന്മയെ ഉപേക്ഷിക്കാൻ നിരന്തരം ആവശ്യപ്പെട്ടു. ദൈവത്തെ മറുതലിച്ച് പാപവഴിയിലൂടെ നടന്നപ്പോൾ ദൈവസ്നേഹത്തെ ഓർമ്മപ്പെടുത്തി വീണ്ടും അവരെ തിരികെ ദൈവത്തിലേക്കടുപ്പിച്ചു. സമൂഹത്തിൽ നിലനിന്ന അനാചാരങ്ങളും അസമത്വങ്ങളും ദുഷ്ടതയും അവസാനിപ്പിക്കാൻ ആവർത്തിച്ച് പറഞ്ഞ് ഹൃദയപരിവർത്തനത്തിന് വഴിയൊരുക്കി ജീവിതത്തിൽ പിന്തുടർന്ന തെറ്റുകൾ തിരുത്താനും മൂല്യാവബോധത്തിൽ സംഭവിച്ച ജീർണ്ണതകൾ പരിഹരിക്കാനും ധീരതയോടെ സംസാരിച്ച പ്രവാചകന്മാർ ദൈവപുതനെ സ്വീകരിക്കാൻ മനുഷ്യരെ ഒരുക്കുകയായിരുന്നു.

ആത്മീയത നഷ്ടപ്പെടുന്ന ആഘോഷമായി ക്രിസ്തുമസ് മാറുന്ന ഈ കാലത്ത് മനുഷ്യാവതാര രഹസ്യം അർത്ഥ വത്തായി ആഘോഷിക്കാൻ ഇത്തരത്തിലുള്ള മുന്നൊരുക്കങ്ങൾ ആവശ്യമാണ്. ആഘോഷങ്ങളുടെ എണ്ണത്തിലും രീതിയിലും വ്യത്യസ്തത പുലർത്തി കോലാഹലങ്ങളുടെയും കച്ചവടതാല്പര്യത്തോടെയും ഉത്സവമായും ക്രിസ്തുമസ് മാറുമ്പോൾ അതിന്റെ ആത്മിയമാനം അവഗണിക്കപ്പെടുന്നു. സ്വയം ശൂന്യവൽക്കരിച്ച ദൈവപുത്രന്റെ ജനനം ഭൗതികസമൃദ്ധിയുടെ അലയടികളായി ഊരുന്നു. സ്നേഹമാണ് ദൈവത്തെ മനുഷ്യപുത്രനായി പിറക്കാൻ പ്രേരിപ്പിച്ചതെങ്കിൽ ഇന്നത്തെ ക്രിസ്തുമസ് പലപ്പോഴും സ്നേഹരാഹിത്യത്തിന്റെ പൊള്ളയായ ആവിഷ്ക്കാരമാകുന്നു. 25 ദിവസത്തെ നോമ്പും ഉപവാസവും മാത്രമായി നമ്മുടെ ഒരുക്കങ്ങൾ നാം ചുരുക്കുന്നു. ക്രിസ്തുമസ് ദിനം കഴിയുമ്പോൾ അവ അവസാനിപ്പിക്കും. ആവർത്തന വിരസതയിൽ ആത്മീയത നഷ്ടമാക്കി ക്രിസ്തുമസിനെ മറ്റ് ആഘോഷങ്ങളിലൊന്നായി നാമെല്ലാം കാണുന്നു. ചിലയവസരങ്ങളിൽ നമ്മൾ പോലും മനുഷ്യാവതാര രഹസ്യം മനസ്സിലാക്കാതെ ഒരു പാതിരാ വി. കുർബാനയിൽ സംബന്ധിച്ച് ആഘോഷങ്ങളുടെ ആരവങ്ങളിലേക്കും മയക്കത്തിലേക്കും വഴുതിവീഴുന്നു. വഴിതെറ്റി രാജാവിന്റെ കൊട്ടാരത്തിലെത്തിയവർ രക്ഷകനെ കണ്ട് മറ്റൊരു വഴിയെ സ്വദേശത്തേക്കു മടങ്ങിയെന്ന് (മത്താ 1 12) വചനം പറയുമ്പോൾ ക്രിസ്മസിൽ ദൈവ പുത്രനെ കണ്ടിട്ട് വന്നവഴിയെ തന്നെ തിരികെപ്പോകുന്നു. 'വഴിമാറിപ്പോയെന്നത്' ജീവിതശൈലിയിലും കാഴ്ചപ്പാടിലും വരേണ്ട മാറ്റത്തിന്റെ സൂചനയാണ്. ഓരോ ക്രിസ്തുമസും ഒരു മരണവും പുനർജനനവുമാണ്. നമ്മിലെ പഴയ മനുഷ്യനും മനോഭാവങ്ങളും മരിക്കണം. T. S. എലിയട്ടിന്റെ 1927–ലെ 'Journey of the



www.malankaralibrary.com

Magi' എന്ന കവിത സംക്ഷിപ്തമായി അവതരിപ്പിക്കുന്നത് യേശുവിനെ സന്ദർശിക്കുന്ന മൂന്നു ജ്ഞാനികളെയാണ്. ആത്മീയമായ പുനർജനനത്തിന്റെ വേദന അനുഭവമാക്കുന്ന കവിതയാണിത്. സാങ്കൽപ്പിക രചനാരീതിയിൽ എഴുതപ്പെട്ടതാണ്. അപരിചിതമായ വഴികളിലൂടെ ദുഷ്കരമായ യാത്ര ചെയ്ത് എത്തുന്ന ജ്ഞാനികൾ ഈ ആത്മീയമായ പുനർജനനത്തെ സൂചിപ്പിക്കുന്നു. യേശുവുമായി കണ്ടുമുട്ടുമ്പോൾ നമ്മിൽ സംഭവിക്കേണ്ടതാണിത്. പുത്തൻ കാഴ്ചപ്പാടുകളും മൂല്യങ്ങളും ഉള്ളവരായി വീണ്ടും ജനിക്കണം. ഇത്തരത്തിലുള്ള അനേകം വ്യക്തികളെ സുവിശേഷത്തിൽ നാം കാണുന്നുണ്ട്. (സക്കേവൂസ്, പാപിനിയായ സ്ത്രീ, ചുങ്കക്കാരൻ മത്തായി, മീൻപിടിക്കുന്ന പത്രോസും കൂട്ടുകാരും, സാവൂൾ എന്ന പൗലോസ്).

അനുവർത്തിച്ചവരാണ്. വചനാനുസൃതം ജീവിക്കാൻ തയ്യാറായപ്പോൾ അനുഗ്രഹസമൃദ്ധി അവർക്കൊക്കെ ലഭിക്കുന്നു.

ജീവിതകാലം മുഴുവൻ ദൈവനീതി ജീവിതത്തിൽ അർത്ഥവത്തായി ജീവിക്കുമ്പോൾ ദൈവപുത്രന്റെ ജനനം ഓരോ ദിവസവും നമ്മിൽ സംഭവിക്കും. വി. കുർബാനയിലൂടെ യേശു നമ്മിൽ കൗദാശികമായി ഇടം കണ്ടെത്തുമ്പോൾ അത് തിരുപ്പിറവിയുടെ അനുഭവമാകുന്നു. അങ്ങനെയെങ്കിൽ ക്രിസ്തുമസ് ആത്മീയാനുഭവത്തിന്റെ ആഘോഷമാകാനുള്ള ആദ്യപടി ദൈവഹിതം അനുസരിച്ച് ജീവിക്കുക എന്നതാണ്. അങ്ങനെ മനസിലെ അന്ധതയകറ്റി വിശുദ്ധിയോടെ ജീവിക്കുമ്പോൾ നമ്മുടെ ഹൃദയങ്ങൾ പുൽക്കൂടുകളാകും



**കിസ്തുമസ് കാലമല്ല, ജീവിതമാണ്**
**(Not a season, but a life)**

ദൈവപുത്രന്റെ മനുഷ്യാവതാരം എല്ലാ ദിവസവും നമ്മിൽയാഥാർത്ഥ്യമാകേണ്ട രക്ഷാകരകർമ്മമാണ്. ഓരോ ക്രിസ്തുമസിനുശേഷവും ദൈവത്തെ വരവേൽക്കാനുള്ള ഒരുക്കമായിരിക്കണം നമ്മുടെ ജീവിതം. വചനിപ്പു കാല ത്തിൽ സുവിശേഷം നമുക്ക് പരിചയപ്പെടുത്തുന്ന വ്യക്തികളെല്ലാം ദീർഘനാളായി ദൈവത്തിന്റെ ഇടപെടലിനായി ഒരുക്കത്തോടെ കാത്തിരിക്കുന്നവരാണ്. ദൈവസന്നിധിയിൽ നീതിനിഷ്ഠരും, കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം പാലിച്ചിരുന്നവരുമായ സഖറിയായും എലിസബത്തും (ലൂക്കാ 1:6) ദൈവകൃപനിറഞ്ഞ മറിയം (ലൂക്കാ1:28) നിതിമാനനായ ജോസഫും (മത്താ1:19). ഇവരെല്ലാം ദൈവഹിതം

സ്വന്തം സുരക്ഷിത ഇടങ്ങൾ വിട്ടിറങ്ങി രക്ഷകനെ കണ്ടെത്താനുള്ള അവസരമാണ് ക്രിസ്തുമസ്. ആട്ടിടയരൊപ്പാലെയും ജ്ഞാനികളെപ്പോലെയും നാമും അന്വേഷിച്ചിറങ്ങണം. ജീവിതനൊമ്പാരങ്ങൾക്കും നഷ്ടങ്ങൾക്കും മനസ്സ് തകർന്ന് ഭയപ്പെട്ട് നിൽക്കുന്ന നമ്മുടെ സഹോദരങ്ങളെ തിരക്കിയിറങ്ങണം. അവർക്ക് അപ്പമായി മാറണമി ക്രിസ്തുമസിൽ. സ്നേഹിതനുവേണ്ടി ജീവനർപ്പിക്കുന്നതിനേക്കാൾ മഹത്തായ സ്നേഹമില്ലെന്നു പറഞ്ഞ ഈശോയെപ്പോലെ നമുക്കും നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കാം. ബേതലഹേമിൽ തുടങ്ങി കാൽവരിയിലേക്കുള്ള ഈ യാത്രയിൽ അനേകർക്ക് ജീവൻ നിലനിർത്താനുള്ള അപ്പമായി നമുക്ക് മാറാം. ദൈവസാന്നിധ്യം അനുഭവവേദ്യമാക്കുന്ന നന്മയുടെ നക്ഷത്രങ്ങളായി നമുക്കും ജ്വലിച്ചു നിൽക്കാം, ഈ ക്രിസ്തുമസ് നാളിൽ.

www.malankaralibrary.com





# വിശ്വസാഹിത്യത്തിലെ തിരുപ്പിറവിക്കഥകൾ

## ലോകരക്ഷകനായ യേശുവിന്റെ തിരുജനനം പ്രമേയമാക്കി വിശ്വസാഹിത്യത്തിൽ പിറവിയെടുത്ത മനോഹരമായ ഏതാനും ക്രിസ്തുമസ് രചനകൾ!

(തയ്യാറാക്കിയത്: റവ. ഫാ. ഷീൻ പാലക്കുഴി)



## 1

## The Gift of the Magi

ഒ. ഹെൻട്രി എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്ന വില്യം സിഡ്നി പോർട്ടർ എന്ന അമേരിക്കൻ എഴുത്തുകാരൻ 1905 ൽ എഴുതിയ മനോഹരമായ ഒരു ക്രിസ്മസ് കഥയാണ് *The Gift of the Magi*.

ഡെല്ലയും ജിമ്മും ഭാര്യാ ഭർത്താക്കൻമാരാണ്. സാമ്പത്തികമായി വലിയ ഉയർന്ന നിലയിലല്ലെങ്കിലും സന്തോഷത്തോടെ അധ്വാനിച്ചു കഴിയുന്ന ഒരു കുടുംബം. ജിമ്മിന് ഡെല്ലയെന്നു വച്ചാൽ ജീവനാണ്. ഡെല്ലയ്ക്കു തിരിച്ചും അങ്ങനെ തന്നെ.

അങ്ങനെ ഒരു ക്രിസ്മസ് കാലം വന്നെത്തി. ക്രിസ്മസ് തലേന്ന് ഡെല്ല ചിന്തിച്ചു: ജിമ്മിന് ഒരു നല്ല ക്രിസ്മസ് സമ്മാനം കൊടുക്കണം. എന്താണ് കൊടുക്കുക. ഒടുവിൽ അവൾ ഒരു തീരുമാനത്തിലെത്തി. ജിമ്മിന് പാരമ്പര്യമായി കൈമാറിക്കിട്ടിയ വില കൂടിയ ഒരു വാച്ചുണ്ട്. ജിം പൊന്നുപോലെ വലിയ അഭിമാനത്തോടെ സൂക്ഷിക്കുന്ന ഒരു നിധിയാണത്. പക്ഷെ അതിനു നല്ലൊരു ചെയിനില്ല. നല്ലൊരു ചെയിൻ വാങ്ങിക്കൊടുത്താൽ ജിമ്മിന് വലിയ സന്തോഷമാവും. പക്ഷെ പണം എങ്ങനെ കണ്ടെത്തും. ഒടുവിൽ അതിനും അവൾ വഴി കണ്ടെത്തി. തന്റെ സ്വർണ്ണവർണ്ണമാർന്ന മുടി വിൽക്കുക. അവൾക്കും ജിമ്മിനും ഏറെ ഇഷ്ടമുള്ള, വലിയ അഭിമാനത്തോടെ അവൾ പരിപാലിക്കുന്ന ഒരു കാര്യമാണ് അവളുടെ മുടി. അതു മുറിക്കുന്നത് സങ്കടകരമാണ്. എന്നാൽ ജിമ്മിനു വേണ്ടി അതു ത്യജിക്കാൻ അവൾ തയ്യാറായി. അങ്ങനെ തന്റെ



www.malankaralibrary.com



സ്വർണ്ണവർണ്ണമാർന്ന മുടി മുറിച്ചു വിറ്റ് അവൾ ജിമ്മിന്റെ വാച്ചിന് മനോഹരമായ ഒരു ചെയിൻ വാങ്ങി.

വൈകുന്നേരം ജോലി കഴിഞ്ഞ് ജിം മടങ്ങിയെത്തി. ഡെല്ലയെ കണ്ട് അവൻ അമ്പരന്നു. അവളുടെ മനോഹരമായ മുടി മുറിച്ചു മാറ്റിയിരിക്കുന്നു. ജിം ഡെല്ലയോടു കാര്യം തിരക്കി. അവൾ നടന്നതെല്ലാം പറഞ്ഞു. പിന്നെ താൻ വാങ്ങിയ ക്രിസ്മസ് സമ്മാനം ജിമ്മിന്റെ നേരേ നീട്ടി. ജിമ്മിന്റെ വാച്ചു തരൂ, ഞാൻ തന്നെ ആ വാച്ചിൽ ഈ ചെയിനിട്ടു തരാം. അതു കേട്ടു ജിമ്മിന് വലിയ സന്തോഷവും സങ്കടവും വന്നു. നിറഞ്ഞ കണ്ണുകളോടെ ജിം ഡെല്ലയെ ആശ്ലേഷിച്ചു. പിന്നെ പോക്കറ്റിൽ നിന്ന് മറ്റൊരു സമ്മാനപ്പൊതിയെടുത്ത് അവൾക്കു നീട്ടി. വലിയ ആകാംഷയോടെ അവളാ പൊതിയഴിച്ചു. വില കൂടിയ മനോഹരമായ ഒരു ചീപ്പായിരുരുന്നു അത്. ഡെല്ലയുടെ മനോഹരമായ മുടി ചീകിയൊതുക്കാനുള്ള, ഡെല്ല ഏറെ ആഗ്രഹിച്ചിരുന്ന ഒരു സമ്മാനം. ഡെല്ലയ്ക്കു കരച്ചിൽ വന്നു. അവളുടെ കണ്ണു തുടച്ചു കൊണ്ട് ജിം അവളുടെ കാതിൽ പറഞ്ഞു: ഡെല്ലാ നിനക്കീ സമ്മാനം വാങ്ങാൻ വേണ്ടി ഞാനെന്റെ വാച്ചു വിറ്റു. അവൾ ഒരു ഞെട്ടലോടെ ഭർത്താവിന്റെ മുഖത്തേക്കും സമ്മാന ങ്ങളിലേക്കും മാറി മാറി നോക്കി. വാച്ചില്ലാതെ ചെയിനും ചീകിയൊതുക്കാൻ മുടിയില്ലാതെ ചീപ്പും അവരെ നോക്കി പുഞ്ചിരിച്ചു.

അവർ രണ്ടു പേരും വാങ്ങിയ സമ്മാനങ്ങൾ പാഴായിപ്പോയല്ലോ എന്ന് നമുക്കു തോന്നിയേക്കാം. പക്ഷെ അവരുടെ ജീവിതത്തിലൊരിക്കലും അത്രയും വിലപ്പെട്ട സമ്മാനങ്ങൾ അവർ പരസ്പരം നൽകിയിട്ടില്ല. കാരണം അവർ നൽകിയ സമ്മാനം വെറുമൊരു ചെയിനോ ചീപ്പോ ആയിരുന്നില്ല. മറിച്ച് അവരുടെ നിസ്വാർത്ഥമായ സ്നേഹം തന്നെ ആയിരുന്നു. തനിക്കേറ്റവും ഇഷ്ടപ്പെട്ടത് തന്റെ പങ്കാളിക്കു വേണ്ടി ത്യാഗം ചെയ്യാൻ അവർ തയ്യാറായി. ആ ത്യാഗത്തേക്കാൾ വലിയ സമ്മാനമെന്തുണ്ട്. ജീസസും ചെയ്തത് ഇതു തന്നെയാണ്.

ഫിലിപ്പിയ ലേഖനത്തിൽ പറയുന്നതുപോലെ ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു (2: 68)!

അങ്ങനെ ദൈവം തന്നെത്തന്നെ താഴ്ത്തി മനുഷ്യന്റെ രൂപം ധരിച്ച ത്യാഗത്തിന്റെ ഓർമ്മയാണ് ക്രിസ്മസ്. ഈ ക്രിസ്മസ് കാലത്ത് ഇതുപോലൊരു സമ്മാനം മറ്റുള്ളവർക്കു നൽകാൻ കഴിഞ്ഞാൽ നിങ്ങളുടെ ക്രിസ്മസ് മനോഹരമാകും.

www.malankaralibrary.com

# 2

## A Christmas Carol

ഇംഗ്ലീഷ് എഴുത്തുകാരനായ ചാൾസ് ഡിക്കൻസിന്റെ പ്രസിദ്ധമായ ചെറു നോവലാണ് *A Christmas Carol*. 1843 ലാണ് നോവൽ പുറത്തിറങ്ങിയത്.

പിശുക്കനും അത്യാഗ്രഹിയുമായ എബനേസർ സ്ക്രൂജ് എന്ന വ്യക്തിയുടെ ജീവിതത്തിൽ സംഭവിക്കുന്ന ചില കാര്യങ്ങളാണ് നോവലിന്റെ ഉള്ളടക്കം. അമ്മാവനായ സ്ക്രൂജിന് ക്രിസ്മസ് ആശംസകൾ നേരാനായി സ്ക്രൂജിന്റെ വീട്ടിൽ ഒരു ക്രിസ്മസ് കാലത്ത് സ്ക്രൂജിന്റെ സഹോദരിയുടെ മകനായ ഫ്രെഡ് എത്തുന്നു. ക്രിസ്മസിനെ സമയവും പണവും പാഴാക്കുന്ന അനാവശ്യ ധൂർത്തായി കാണുന്ന സ്ക്രൂജ് ഫ്രഡിന്റെ ആശംസ നിഷേധിക്കുന്നു. ഫ്രെഡ് പോയ ശേഷം കുറച്ചു സാമൂഹ്യപ്രവർത്തകർ സംഭാവനയ്കായി എത്തുന്നു. അവർക്ക് ഒന്നും കൊടുക്കാതെ സ്ക്രൂജ് പറഞ്ഞുവിടുന്നു. പിന്നീട് തന്റെ ജോലിക്കാരനായ ബോബ് ക്രാചിറ്റ് ക്രിസ്മസിന് അവധി ആവശ്യപ്പെടുമ്പോൾ അയാളോടും സ്ക്രൂജ് വളരെ പരുഷമായി പെരുമാറുന്നു.

അന്നു രാത്രി ഉറങ്ങാൻ തുടങ്ങിയപ്പോൾ സ്ക്രൂജ് ഒരു രൂപം മുന്നിൽ കാണുന്നു. ഏഴ് വർഷങ്ങൾക്കുമുൻപ് മരിച്ചുപോയ തന്റെ വ്യാപാരത്തിലെ പങ്കാളിയായ ജേക്കബ് മാർലിയുടെ ആത്മാവ് ആയിരുന്നു അത്. ചങ്ങലയിൽ ബന്ധിതനായ നിലയിലാണ് ആ രൂപം കാണപ്പെട്ടത്. താൻ ഈ അവസ്ഥയിൽ എത്താൻ കാരണം തന്റെ സ്വാർത്ഥതയും പണത്തോടുള്ള അത്യാഗ്രഹവുമാണെന്ന് ആത്മാവ് സ്ക്രൂജിനെ അറിയിക്കുന്നു. അതുപോലെ തന്നെ ജീവിക്കുന്ന സ്ക്രൂജിനെ സമാനമായ വിധിയിൽ നിന്നും രക്ഷിക്കാനാണ് ജേക്കബ് മർലി എത്തിയത്. രാത്രി സ്ക്രൂജിനെ മൂന്ന് ആത്മാക്കൾ സമീപിക്കുമെന്നുകൂടി അറിയിച്ച ശേഷം മാർലി പോകുന്നു. ഭയന്നുവിറച്ച സ്ക്രൂജ് ഉറക്കത്തിലേക്ക് വഴുതി വീണു.

രാത്രി ഒരു മണിയ്ക്ക് സ്ക്രൂജിന്റെ വീട്ടിലേക്ക് വെള്ളവസ്ത്രം ധരിച്ച അസാധാരണമായ ഒരു രൂപം എത്തുന്നു. ഗതകാല ക്രിസ്മസുകളുടെ ആത്മാവ്. ആത്മാവ് സ്ക്രൂജിനെ ഭൂതകാല ക്രിസ്മസ് ഓർമകളിലേക്ക് കൊണ്ടുപോകുന്നു. മരിച്ചുപോയ തന്റെ അനിയത്തിയുടെ ഒപ്പമുള്ള ബാല്യകാലം കാണുന്ന സ്ക്രൂജ് അനിയത്തിയുടെ മകനായ ഫ്രെഡിന്റെ ക്രിസ്മസ് ആഘോഷത്തിനുള്ള ക്ഷണം നിരാകരിച്ചത് വിഷമത്തോടെ ഓർക്കുന്നു. താൻ സ്നേഹിച്ചിരുന്ന ബെൽ എന്ന പെൺകുട്ടിയെ പിന്നീട് ആത്മാവ് കാണിക്കുന്നു. ധനസമ്പാദനത്തോടുള്ള താല്പര്യം ഇതിനകം വളരെ കൂടിയതിനാൽ അവൾ സ്ക്രൂജിനോടുള്ള ബന്ധം അവസാനിപ്പിക്കുന്നതാണ് കാണുന്നത്. ഓർമ്മകൾ കണ്ട് തളർന്നുപോയ സ്ക്രൂജ് തന്നെ തിരികെ സ്വന്തം മുറിയിലേക്ക് കൊണ്ടുപോകാൻ അപേക്ഷിക്കുന്നു. തിരിച്ചെത്തിയെ സ്ക്രൂജ് വീണ്ടും ഉറക്കത്തിലേക്ക് വീഴുന്നു.



www.malankaralibrary.com



രണ്ടാമതായി സ്ക്രൂജ് കാണുന്നത് പച്ച വസ്ത്ര ധാരിയായ 'ഇപ്പോഴത്തെ ക്രിസ്മസിന്റെ ആത്മാവി' നെയാണ്. ആത്മാവിന്റെ ഒപ്പം സഞ്ചരിക്കുന്ന സ്ക്രൂജ് പരസ്പരം ക്രിസ്മസ് ആശംസിക്കുന്ന മനുഷ്യരെ കാണുന്നു. പിന്നീട് ക്രാചിറ്റിൻറെ വീട്ടിലെത്തുന്ന സ്ക്രൂജ് കാണുന്നത് മോശമായ സാമ്പത്തിക സ്ഥിതിയിലും സന്തോഷത്തോടെ ക്രിസ്മസ് ആഘോഷിക്കുന്ന ക്രാചിറ്റിന്റെ കുടുംബത്തെയാണ്. ക്രാച്ചിറ്റിന്റെ വൈകല്യമുള്ള ഇളയ മകനായ കൊച്ചു റ്റിമ്മിനെ കാണുമ്പോൾ ആ കുട്ടിയുടെ ഭാവിയെപ്പറ്റി സ്ക്രൂജ് ആത്മാവിനോട് ചോദിക്കുന്നു. അടുത്ത ക്രിസ്മസ് ദിനത്തിൽ റ്റിമ്മുണ്ടാവില്ലെന്ന് ആത്മാവ് സൂചിപ്പിക്കുന്നു. പിന്നീട് ഫ്രെഡിന്റെ വീട്ടിലെ ക്രിസ്മസ് ആഘോഷത്തിലേക്ക് സ്ക്രൂജിനെ കൊണ്ടുപോകുന്നു. ക്രിസ്മസ് ആഘോഷത്തിന്റെ ആനന്ദം അവിടെ നിന്ന് മനസ്സിലാക്കുന്ന സ്ക്രൂജ് ഒടുവിൽ അവിടെ നിന്നും ഇറങ്ങുന്നു. വഴിയിൽ പട്ടിണി കിടക്കുന്ന രണ്ടു കുട്ടികളെ കണ്ട സ്ക്രൂജ് അവർക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിയില്ലേ എന്ന് ആത്മാവിനോട് ചോദിക്കുമ്പോൾ ഇവരോടുള്ള സ്ക്രൂജിന്റെ മുൻ സമീപനം പോലെ ആത്മാവ് പ്രതികരിക്കുന്നു.

മൂന്നാമതായി എത്തുന്നത് വരാനിരിക്കുന്ന ക്രിസ്മസിന്റെ ആത്മാവാണ്. കറുത്ത വസ്ത്രം ധരിച്ച് മുഖം മൂടിയ നിശ്ശബ്ദനായ ആ ആത്മാവിന്റെ കൂടെ സ്ക്രൂജ് യാത്ര ചെയ്യാൻ തുടങ്ങി. മരിച്ചുപോയ ധനികനായ ഒരു വ്യാപാരിയെക്കുറിച്ച് ഏതാനും വ്യാപാരികൾ ചർച്ച ചെയ്യുന്നതാണ് സ്ക്രൂജ് കാണുന്നത്. ആരും തന്നെ ഈ മരണത്തിൽ ദുഃഖിക്കുന്നതായി കാണുന്നില്ല. പരേതന്റെ വീട്ടിൽനിന്ന് ആളുകൾ ഓരോന്നായി എടുത്തുകൊണ്ടും പോകുന്നു. പിന്നീട് ആത്മാവ് കാണിക്കുന്നത് ഈ മരണം മൂലം സമാധാനിക്കുന്നപരേതന് കടം തിരികെ നൽകാനുള്ള ദമ്പതികളെയാണ്. ഇതിനുശേഷം ക്രാചിറ്റിന്റെ വീട് കാണുന്ന സ്ക്രൂജ് അവിടെയും മരണം നടന്നിട്ടുള്ളതായി കാണുന്നു. ഇളയ മകനായ ടിം മരിച്ചുകഴിഞ്ഞു. തിരികെ പോകുവാൻ ആഗ്രഹിക്കുന്ന സ്ക്രൂജിനു മുൻപിൽ ഇനി ഒരു ദർശനം കൂടിയുണ്ട്. ആദ്യം കണ്ട മരിച്ചുപോയ വ്യാപാരിയുടെ കല്ലറ. കല്ലറയിലെ പേര് സ്വന്തം പേരുതന്നെയാണെന്നു കാണുന്ന സ്ക്രൂജ് ഞെട്ടിത്തരിക്കുന്നു. തന്റെ ജീവിതരീതി മാറ്റാമെന്ന് പ്രതിജ്ഞ ചെയ്യുന്നു. സാവധാനം ആത്മാവ് അപ്രത്യക്ഷമാവുകയും സ്ക്രൂജ് തിരികെ തന്റെ മുറിയിലെത്തുകയും ചെയ്യുന്നു.

തികച്ചും വ്യത്യസ്തനായൊരു മനുഷ്യനായാണ് സ്ക്രൂജ് ഉറക്കമെഴുനേൽക്കുന്നത്. ആഹ്ളാദത്തോടെ പുറത്തിറങ്ങുന്ന സ്ക്രൂജ് ക്രാച്ചിറ്റിന് ടർക്കി വാങ്ങുവാനായി പണം ഒരു കുട്ടിയെ ഏല്പിക്കുന്നു. നേരത്തേ സംഭാവന ചോദിച്ചുവന്ന ആൾക്ക് പണം കൊടുക്കുകയും മുൻപത്തെ പെരുമാറ്റത്തിന് ക്ഷമ ചോദിക്കുകയും ചെയ്യുന്നു. പിന്നീട് ഫ്രെഡിന്റെ വീട്ടിലേക്ക് പോകുകയും ഫ്രെഡിനൊപ്പം ക്രിസ്മസ് ആഘോഷിക്കുകയും ചെയ്യുന്നു. പിറ്റേന്ന് ക്രാച്ചിറ്റിന്റെ ശമ്പളം വർധിപ്പിക്കുന്ന സ്ക്രൂജ് ടിമ്മിന്റെ ചികിത്സക്കായുള്ള സഹായവും ചെയ്യുന്നു. അങ്ങനെ സ്ക്രൂജ് മൂന്നാം ആത്മാവിന്റെ ദർശനങ്ങളും മാർലിയുടെ സമാനമായ വിധിയും ഒഴിവാക്കുന്നു.

ഇംഗ്ലീഷുകാരുടെ ക്രിസ്മസ് ആഘോഷ രീതികളെ വളരെയധികം സ്വാധീനിച്ച ഒരു നോവലാണിത്. ക്രിസ്മസിനെ സംബന്ധിച്ച് വളരെ പ്രസക്തമായ ആശയങ്ങൾ ഈ നോവൽ മുന്നോട്ടു വയ്ക്കുന്നു. ദൈവം മനുഷ്യനെ സന്ദർശിക്കാനെത്തിയ തിരുനാളാണല്ലോ ക്രിസ്മസ്. നമ്മുടെയും മുറിഞ്ഞുപോയ ബന്ധങ്ങളെ വീണ്ടും കൂട്ടിച്ചേർക്കാനും ഒരുമിച്ച് സൗഹൃദം പങ്കുവയ്ക്കാനുമുള്ള സൂചനയാണ് ക്രിസ്മസ്. അതോടൊപ്പം പാവങ്ങളെയും ദുർബലരെയും ചേർത്തു പിടിക്കാനും ഈ കഥ നമ്മെ ഓർമിപ്പിക്കുന്നു. എബനേസർ സ്ക്രൂജിനേപ്പോലെ ഒരു മാനസാന്തരത്തിനുള്ള അവസരവും ക്രിസ്മസ് നൽകുന്നു.

www.malankaralibrary.com

# 3

# Papa Panov's Special Christmas



ഫ്രഞ്ച് എഴുത്തുകാരനായ റൂബൻ സെയിലൻസ് എഴുതിയ സുന്ദരമായ ഒരു ക്രിസ്മസ് സ്റ്റോറിയാണ് *Papa Panov's Special Christmas.* പിന്നീട് ലിയോ ടോൾസ്റ്റോയിയാണ് അത് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത്. ബൈബിളിൽ വിശുദ്ധ മത്തായി എഴുതിയ സുവിശേഷം 25-ാം അധ്യായത്തിലെ 'എന്തെന്നാൽ എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു...' എന്നു തുടങ്ങുന്ന ബൈബിൾ വചന ഭാഗത്തെ അടിസ്ഥാനപ്പെടുത്തി എഴുതിയ കഥയാണിത്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കാവുന്ന ഒരു നല്ല ക്രിസ്മസ് കഥ.

വൃദ്ധനായ പാപ്പാ പാനോവ് റഷ്യയിലെ ഒരു ഗ്രാമത്തിൽ ജീവിച്ചിരുന്ന ഒരു ചെരിപ്പുകുത്തിയാണ്. ഭാര്യ നേരത്തെ മരിച്ചു. മക്കളൊക്കെ പട്ടണത്തിലാണ് താമസം. പാപ്പാ പാനോവ് ഒറ്റയ്ക്കാണു താമസം. എങ്കിലും എപ്പോഴും സന്തോഷവാനായി കാണപ്പെട്ടിരുന്ന ഒരു പാവം മനുഷ്യൻ. അന്നു ക്രിസ്മസിന്റെ തലേന്നായിരുന്നു. നല്ല മഞ്ഞുകാലമാണ്. പാപ്പാ പാനോവ് നേരത്തേ തന്നെഷോപ്പൊക്കെ അടച്ച് വീട്ടിലേക്കു പോയി. വീട്ടിലെത്തി ജോലിയൊക്കെ കഴിഞ്ഞ് ബൈബിൾ വായിക്കാനിരുന്നു. ജീസസിന്റെ ജനനത്തെക്കുറിച്ചാണു വായിച്ചത്. ബേത്‌ലഹേമിൽ വച്ച് യൗസേപ്പും മേരിയും കൂടി സത്രത്തിൽ സ്ഥലം കിട്ടാതെ വിഷമിച്ചതു വായിച്ചപ്പോൾ പാപ്പാ പാനോവിനു സങ്കടം വന്നു. ഇവിടെ വന്നിരുന്നെങ്കിൽ ഉറപ്പായും ഞാനവർക്കു സ്ഥലം കൊടുക്കുമായിരുന്നു. ഉണ്ണിയേശുവിനു തണുക്കാതിരിക്കാൻ ഞാനെന്റെ കമ്പിളിപ്പുതപ്പു കൊടുത്തേനേ! പാനോവ് സ്വയം പറഞ്ഞു. വീണ്ടും അദ്ദേഹം ബൈബിൾ വായന തുടർന്നു. പൗരസ്ത്യ ദേശത്തു നിന്ന് ഉണ്ണിയേശുവിനെ കാണാനെത്തിയ രാജാക്കൻമാർ ഉണ്ണിയേശുവിന് സമ്മാനങ്ങൾ നൽകിയതു വായിച്ചപ്പോൾ അദ്ദേഹത്തിന്റെ മുഖം മങ്ങി. ഉണ്ണിയേശുവിന് ഞാനെന്താണു കൊടുക്കുക? എന്റെ കയ്യിൽ വിലപ്പെട്ടതൊന്നുമില്ലല്ലോ! പക്ഷെ എന്തോ ഓർത്തപോലെ പെട്ടന്ന് അദ്ദേഹത്തിന്റെ കണ്ണുകൾ വിടർന്നു. അദ്ദേഹം എഴുന്നേറ്റ് അലമാരയിൽ നിന്ന് ഒരു പഴയ പെട്ടിയെടുത്തു തുറന്നു. അതിനുള്ളിൽ ചെറിയ കുഞ്ഞുങ്ങൾക്കുള്ള ഒരു ജോഡി ഷൂസുണ്ടായിരുന്നു. മുൻപെന്നോ പാപ്പാ പാനോവു തന്നെ ഉണ്ടാക്കിയതാണ്. ഇത് ഉണ്ണീശോയ്ക്കു കൊടുക്കാം. അതു പറഞ്ഞ് അദ്ദേഹം നിഷ്കളങ്കമായി പുഞ്ചിരിച്ചു. ഉണ്ണീശോയെ ഒന്നു കാണാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് അദ്ദേഹം അതിയായി ആഗ്രഹിച്ചു.

ഉറങ്ങാൻ കിടന്ന പാപ്പാ പാനോവിന്റെ സ്വപ്നത്തിൽ ഈശോ പ്രത്യക്ഷപ്പെട്ടു. നീയെന്നെ കാണാൻ ആഗ്രഹിച്ചതു കൊണ്ട് ഞാൻ നാളെ നിന്റെ വീട്ടിൽ വരും. ശ്രദ്ധയോടെ കാത്തിരിക്കണം. അതു പറഞ്ഞ് ഈശോ മറഞ്ഞു. പിറ്റേന്നു രാവിലെ വലിയ സന്തോഷത്തോടെയാണ് അദ്ദേഹം ഉറക്കമുണർന്നത്. രാത്രിയിൽ കണ്ട സ്വപ്നം അദ്ദേഹം ഓർത്തു. ഇന്ന് ഈശോ എന്നെ കാണാൻ വരും. ഒരു ചൂടു കാപ്പിയൊക്കെ ഉണ്ടാക്കി പാനോവ് ജനാലയിലൂടെ പുറത്തേക്കു നോക്കി. ക്രിസ്മസ് ദിവസമായതു കൊണ്ട് ആരും ജോലിക്കൊന്നും പോകാനിറങ്ങിയിട്ടില്ല. തെരുവ് വിജനമാണ്. തെരുവിലെ തൂപ്പുകാരൻ മാത്രം കടുത്ത മഞ്ഞും തണുപ്പും വകവയ്ക്കാതെ തന്റെ ജോലി ചെയ്യുന്നുണ്ട്. അയാൾ വല്ലാതെ ക്ഷീണിതനായിരുന്നു. പാനോവിനു അയാളോട് അനുകമ്പ തോന്നി. അയാളെ വീട്ടിലേക്കു വിളിച്ചു. നല്ല ചൂടു കാപ്പിയുണ്ടാക്കി അയാൾക്കു കൊടുത്തു. അയാളത് ആർത്തിയോടെ കുടിച്ചു. മുറിക്കുള്ളിലിരുന്ന് അയാളുടെ തണുപ്പൊക്കെ മാറി. അപ്പോഴും പാപ്പാ പാനോവിന്റെ കണ്ണുകൾ പുറത്താരെയോ തിരയുന്നുണ്ടായിരുന്നു. ആരെങ്കിലും വരാനുണ്ടോ? തൂപ്പുകാരൻ ചോദിച്ചു. തന്റെ സ്വപ്നത്തെക്കുറിച്ച് പാനോവ് അയാളോടു പറഞ്ഞു. നിങ്ങളുടെ സ്വപ്നം സഫലമാവട്ടെ എന്നാശംസിച്ച് പാനോവിനു നന്ദി പറഞ്ഞ് തൂപ്പുകാരൻ പുറത്തേക്കു പോയി.

ഉച്ചയാവുന്നു. ഈശോ ഇതുവരെ വന്നില്ല. പാനോവ് തന്റെ കാത്തിരിപ്പ് തുടർന്നു. കുറച്ചു കഴിഞ്ഞപ്പോൾ തണുത്തു വിറച്ച് ഒരു സ്ത്രീ തന്റെ കൈക്കുഞ്ഞുമായി അതുവഴി വന്നു. അടുത്ത ഗ്രാമത്തിലേക്കുള്ള യാത്രയാണ്. തണുപ്പു കാരണം അവർ വല്ലാതെ ക്ഷീണിതരായിരുന്നു. പാപ്പാ പാനോവ് അവരെ സ്നേഹത്തോടെ അകത്തേക്കു

www.malankaralibrary.com



വിളിച്ചു. നെരിപ്പോടിനരികിലിരുത്തി. പിന്നെ ഒരു മുത്തശ്ശന്റെ കരുതലോടെ ആ സ്ത്രീയ്ക്കും കുഞ്ഞിനും ആഹാരം കൊടുത്തു. തണുത്തു വിറയ്ക്കുകയായിരുന്ന ആ കുഞ്ഞിന്റെ കാലിലിടാൻ താൻ ഉണ്ണീശോയ്ക്കു കരുതിവച്ചിരുന്ന ഷൂസും നൽകി. പിന്നെ സംതൃപ്തിയോടെ അവരെ യാത്രയാക്കി. പാപ്പാ പാനോവിന് നന്മകൾ നേർന്ന് അവർ യാത്ര തുടർന്നു.

നേരം വൈകുന്നേരമായി. ഈശോ ഇതുവരെ വന്നില്ല. പാപ്പാ പാനോവിന് നിരാശ തോന്നി. തന്റെ സ്വപ്നം സ്വപ്നമായിത്തന്നെ അവസാനിക്കട്ടെ. ഇനി ഈശോ വന്നിട്ട് താൻ കാണാത്തതാണോ? ഏയ് അങ്ങനെ വരാൻ വഴിയില്ല. തന്റെ കണ്ണുവെട്ടിച്ച് ആർക്കും ഇതുവഴി പോകാനാവില്ല. പാനോവ് പുറത്തേക്കു നോക്കി. അയൽക്കാരും പരിചയക്കാരും യാചകരും മാത്രമേ വഴിയിലുള്ളൂ. ഈശോ അക്കൂട്ടത്തിലില്ല. യാചകരെ കണ്ടപ്പോൾ പാനോവിന് ദയ തോന്നി. ക്രിസ്മസായിട്ടും ഇവരിങ്ങനെ ഭിക്ഷ യാചിക്കേണ്ട അവസ്ഥ വന്നല്ലോ. അദ്ദേഹം അകത്തേക്കു പോയി ഈശോയ്ക്കായി തയ്യാറാക്കി വച്ചിരുന്ന ചൂടുള്ള കാബേജ് സൂപ്പ് എടുത്തു കൊണ്ടുവന്ന് യാചകർക്ക് വയറു നിറയെ കൊടുത്തു. അവർ പാനോവിന് നന്ദി പറഞ്ഞ് ക്രിസ്മസ് ആശംസകൾ നേർന്നു മടങ്ങിപ്പോയി.

സന്ധ്യയായി. ഇരുട്ടു പരന്നു. ക്രിസ്മസ് ദിനം കൊഴിഞ്ഞു വീഴുകയാണ്. ഇനി ഈശോ വരില്ല. വാതിലടച്ച് സങ്കടത്തോടെ പാനോവ് ചാരുകസേരയിലേക്കു ചാഞ്ഞു. പെട്ടന്ന് ആ മുറിയിൽ തന്നെക്കൂടാതെ മറ്റാരൊക്കെയോ ഉണ്ടെന്ന് അദ്ദേഹത്തിനു തോന്നി. അതെ അതു സത്യമാണ്. സ്വപ്നമാണോ. കണ്ണു തിരുമ്മി വീണ്ടും നോക്കി. റോഡിലെ തൂപ്പുകാരനും കുഞ്ഞുമായി വന്ന അമ്മയും യാചകനുമെല്ലാം ഒരു പുഞ്ചിരിയോടെ മുറിയുടെ ഒരു കോണിൽ നിൽക്കുന്നത് അദേഹം കണ്ടു. പെട്ടന്ന് ഒരു സ്വരം കേട്ടു. സ്വപ്നത്തിൽ കേട്ട അതേ സ്വരം. 'എനിക്കു വിശന്നു. നീയെനിക്കു ഭക്ഷണം തന്നു. ഞാൻ നഗ്നനായിരുന്നു, നീയെന്നെ ഉടുപ്പിച്ചു. ഞാൻ പരദേശിയായിരുന്നു, നീയെന്നെ സ്വീകരിച്ചു. പാവപ്പെട്ട മനുഷ്യരുടെ രൂപത്തിൽ നിന്റെയടുക്കൽ വന്നത് ഞാൻ തന്നെയായിരുന്നു.' പെട്ടന്ന് ആ ശബ്ദവും കാഴ്ചകളും എല്ലാം അവസാനിച്ചു. പാപ്പാ പാനോവിന്റെ കണ്ണുകൾ നിറഞ്ഞു ഒപ്പം ഹൃദയത്തിൽ വലിയ സമാധാനവും സന്തോഷവും.

'സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്' (മത്തായി 25: 40). ഒരൊറ്റ കാര്യം നമുക്കോർക്കാം: ദൈവത്തിലേക്കുള്ള ഏറ്റവും എളുപ്പമുള്ള വഴി – അത് നമുക്കു ചുറ്റുമുള്ള മനുഷ്യരുടെ ഹൃദയങ്ങളിലൂടെയാണ്.



www.malankaralibrary.com

# 4

## The Other Wise Man

രണ്ടായിരത്തിലധികം വർഷങ്ങൾക്കു മുമ്പ് യേശുവിന്റെ ജനനസമയത്ത് ബേതലഹേമിലെത്തി യേശുവിനെ കാണുന്ന മൂന്നു ജ്ഞാനികളെക്കുറിച്ച് ബൈബിളിൽ പരാമർശമുണ്ട്. എന്നാൽ യേശുവിനെ കാണാനെത്തുന്ന നാലാമത്തെ ജ്ഞാനിയെക്കുറിച്ച് ഒരു ചെറുനോവൽ എഴുതപ്പെട്ടിട്ടുണ്ട്. അമേരിക്കൻ എഴുത്തുകാരനായ ഹെൻട്രി വാൻ ഡൈക്ക് എഴുതി 1895 ൽ പ്രസിദ്ധീകരിച്ച ആ നോവലാണ് *The Other Wise Man.*

പേർഷ്യയിൽ ജീവിച്ചിരുന്ന പണ്ഡിതനും ധനികനുമായ ഒരാളായിരുന്നു അർത്തബാൻ. അദ്ദേഹത്തിന് ബാബിലോണിൽ നിന്നുള്ള ജ്ഞാനികളായ മൂന്നു സുഹൃത്തുക്കൾ. ദിവ്യശിശുവിന്റെ ജനനം സൂചിപ്പിക്കുന്ന ദിവ്യ നക്ഷത്രം ആകാശത്ത് പ്രത്യക്ഷപ്പെടുമ്പോൾ ആ ശിശുവിനെ കാണാൻ ഒരുമിച്ച് പോകാം എന്ന് അവർ തീരുമാനിച്ചു. പേർഷ്യയിൽ നിന്ന് ബാബിലോണിലേക്ക് നല്ല യാത്രാദൂരമുണ്ട്. അതുകൊണ്ട് ആദ്യം പുറപ്പെടേണ്ടത് അർത്തബാനാണ്. അതുകൊണ്ടുതന്നെ അദ്ദേഹം യാത്രയ്ക്കുള്ള ഒരുക്കങ്ങളാരംഭിക്കുന്നു. തന്റെ സ്വത്തുക്കളെല്ലാം വിറ്റ് ദിവ്യശിശുവിന് സമ്മാനിക്കാൻ മൂന്നു വിലമതിക്കാനാവാത്ത രത്നങ്ങൾ വാങ്ങി. നല്ലൊരു കുതിരയെ വാങ്ങി. ആകാശത്ത് അടയാളമായി താരമുദിച്ചയുടനേ തന്നെ അർത്തബാൻ ബാബിലോണിലേക്ക് യാത്ര പുറപ്പെട്ടു.

പോകുന്ന വഴിക്ക് ഒരു വൃദ്ധനായ മനുഷ്യൻ കടുത്ത പനി ബാധിച്ച് അവശനായി കിടക്കുന്നത് അദ്ദേഹം കണ്ടു. ആരെങ്കിലും ശുശ്രൂഷിക്കാനില്ലെങ്കിൽ ആ മനുഷ്യൻ മരണപ്പെട്ടു പോകും. പക്ഷെ ആ മനുഷ്യനെ ശുശ്രൂഷിക്കാൻ നിന്നാൽ ബാബിലോണിലെത്താൻ വൈകും. പക്ഷെ രോഗിയായ മനുഷ്യന്റെ അവസ്ഥ കണ്ടപ്പോൾ അയാളെ ഉപേക്ഷിച്ചു പോകാൻ അർത്തബാനു മനസ്സുവന്നില്ല. അദ്ദേഹം കുതിരപ്പുറത്തു നിന്നിറങ്ങി ആ മനുഷ്യന് ആഹാരവും മരുന്നും നൽകി. ആ മനുഷ്യന് ബോധം വീണ്ടും കിട്ടുന്നതു വരെ എറെ നേരം അവിടെയിരുന്ന് ശുശ്രൂഷിച്ചു. അയാൾ അപകടനില തരണം ചെയ്തു എന്നുറപ്പാക്കിയ ശേഷം തന്റെ യാത്ര തുടർന്നു. പക്ഷെ ബാബിലോണിലെത്തിയപ്പോഴേക്കും വൈകിപ്പോയി. സുഹൃത്തുക്കളായ മൂന്നു ജ്ഞാനികളും ബേതലഹേമിലേക്ക് പൊയ്ക്കഴിഞ്ഞിരുന്നു. അവരെഴുതിയ ഒരു കുറിപ്പു മാത്രം അദ്ദേഹത്തിനു കിട്ടി. 'അർത്തബാൻ, സമയം വൈകുന്നതിനാൽ ഞങ്ങൾ യാത്ര പുറപ്പെടുകയാണ്. മരുഭൂമിയിലൂടെ ഞങ്ങളെ പിൻതുടരുക.'

അർത്തബാൻ നിരാശനായി. കാരണം മരുഭൂമിയിലൂടെ യാത്ര ചെയ്യാനാനാവശ്യമായ ഒട്ടങ്ങളോ മറ്റു സന്നാഹങ്ങളോ തന്റെ കയ്യിലില്ല. ഒടുവിൽ ദിവ്യശിശുവിന് സമ്മാനമായി കരുതിയിരുന്ന മൂന്നു രത്നങ്ങളിലൊന്നു വിറ്റ് മരുഭൂമിയിലെ യാത്രയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കി. അങ്ങനെ യാത്ര ചെയ്ത് ബേതലഹേമിലെത്തി. പലയിടത്തും അന്വേഷിച്ചെങ്കിലും ജ്ഞാനികളെക്കുറിച്ചോ ദിവ്യ ശിശുവിനെക്കുറിച്ചോ വിവരമൊന്നും കിട്ടിയില്ല. ഒടുവിൽ അവിടെയുള്ള ഒരു വീട്ടിൽ ഒരമ്മയേയും കുഞ്ഞിനേയും അദ്ദേഹം കണ്ടത്തി. അവർ പറഞ്ഞതനുസരിച്ച് തന്റെ കൂട്ടുകാർ ദിവ്യശിശുവിനെ കണ്ട് കാഴ്ചകൾ സമർപ്പിച്ച് മടങ്ങിപ്പോയതായും. ദിവ്യശിശു മാതാപിതാക്കൾക്കൊപ്പം ഈജിപ്തിലേക്കു പോയതായും അദ്ദേഹം മനസ്സിലാക്കി.

പെട്ടന്ന് ആ വീടിനു പുറത്ത് പട്ടാളക്കാരുടെ ബഹളം കേട്ടു. ഹെറോദേസ് രാജാവിന്റെ പട്ടാളമാണ്. രണ്ടു വയസ്സിനു താഴെയുള്ള എല്ലാ ശിശുക്കളേയും വധിക്കാൻ രാജാവിന്റെ കൽപ്പനയുണ്ടത്രേ! പെട്ടന്ന് വാതിൽ ചവിട്ടിത്തുറന്ന് ഒരു പട്ടാളക്കാരൻ വീട്ടിലേക്കു കയറി വന്നു. അമ്മയുടെ കയ്യിൽ നിന്ന് കുഞ്ഞിനെ പിടിച്ചെടുത്തു കൊല്ലാൻ അയാൾ ശ്രമിച്ചു. അമ്മ നിലവിളിച്ചു കരയാൻ തുടങ്ങി. ആ സങ്കടം കണ്ടിട്ട് അർത്തബാനു വെറുതെയിരിക്കാൻ കഴിഞ്ഞില്ല. തന്റെ കയ്യിൽ ശേഷിച്ചിരുന്ന രണ്ടാമത്തെ രത്നമെടുത്ത് പട്ടാളക്കാരനു നീട്ടി. അയാളുടെ കണ്ണുകൾ ആർത്തി കൊണ്ടുതിളങ്ങി. 'ഈ രത്നമെടുത്ത് കുഞ്ഞിനെ വെറുതെ വിടൂ.' അർത്തബാൻ യാചിച്ചു. അയാൾ രത്നം കൈക്കലാക്കി കുഞ്ഞിനെ വെറുതേ വിട്ട് പുറത്തേക്കു പോയി. അമ്മയുടെ കണ്ണുകളിലെ ആശ്വാസവും സന്തോഷവും കണ്ട് അർത്തബാന്റെ ഹൃദയം നിറഞ്ഞു.

ദൈവപുത്രനെ കാണാൻ വേണ്ടി ഈജിപ്തിലേക്കു പോകാൻ അദ്ദേഹം തീരുമാനിച്ചു. ഇനി ദിവ്യശിശുവിനു കാഴ്ച വയ്ക്കാൻ ഒരു രത്നമേയുള്ളു. അദ്ദേഹം അത് മടിശ്ശീലയിൽ ഭദ്രമായി



www.malankaralibrary.com



സൂക്ഷിച്ചു. പിന്നെ ഈജിപ്തിലേക്കു പുറപ്പെട്ടു. പക്ഷെ ഈജിപ്തിലും അദ്ദേഹത്തിന് ഉണ്ണിയേശുവിനെ കണ്ടെത്താനായില്ല. എന്തുവന്നാലും ദൈവപുത്രനെ കണ്ടേ മടങ്ങൂ എന്ന് അദ്ദേഹം തീരുമാനിച്ചു. യാത്ര തുടർന്നു. ആ യാത്ര അത്ര ചെറിയ ഒരു യാത്രയായിരുന്നില്ല. നീണ്ട മുപ്പത്തിരണ്ടു വർഷങ്ങൾ ആ യാത്ര തുടർന്നു. ഹൃദയത്തിൽ വലിയ അലിവുള്ള വനായിരുന്നു അർത്തബാൻ. ഒരുപാടു പാവങ്ങളെ സഹായിച്ച്, ഒരുപാടു നന്മ ചെയ്ത് ആ യാത്രയങ്ങനെ തുടർന്നു.

ഒടുവിൽ അദ്ദേഹം ജറുസലേമിലെത്തി. പെസഹാത്തിരുനാളിന്റെ സമയമാണ്. പക്ഷെ പതിവുള്ള ഒരുത്സാഹം ആളുകളിൽ കാണുന്നില്ല. മുഖങ്ങളിൽ സങ്കടവും നിരാശയും. അടുത്തു കണ്ടയാളോട് അദ്ദേഹം കാര്യം തിരക്കി. 'ഇന്ന് ഗോൽഗോഥയിൽ മൂന്നുപേരെ ക്രൂശിൽ തറച്ചു കൊല്ലുകയാണ്. രണ്ടു പേർ കള്ളൻമാരാണ്. എന്നാൽ മൂന്നാമൻ നല്ല മനുഷ്യനാണ്. ദൈവപുത്രനെന്ന് അവകാശപ്പെട്ടതിന്റെ പേരിലാണ് അദ്ദേഹത്തെ കൊല്ലുന്നത്.' ദൈവപുത്രനെന്ന വാക്കു കേട്ടതും അദ്ദേഹത്തിന്റെ ഹൃദയം തുടിച്ചു. ഇത്രയും വർഷമായി താൻ തേടി നടന്നത് ഇവനെയല്ലേ. കാണണം. കാഴ്ച സമർപ്പിക്കണം. അദ്ദേഹം ഗോഗുൽത്തായിലേക്കു പോകാൻ തീരുമാനിച്ചു.

പെട്ടന്ന് എതാനും പട്ടാളക്കാർ ചേർന്ന് ഒരു പെൺകുട്ടിയെ വലിച്ചിഴച്ചു കൊണ്ട് ആ വഴി വന്നു. അവൾ അലറിക്കരയുന്നുണ്ടായിരുന്നു. കാര്യം തിരക്കിയപോൾ അവളുടെ പിതാവ് വലിയ കടബാധ്യതയുള്ളയാളാണ്. അദ്ദേഹം പെട്ടന്ന് മരണപ്പെട്ടു. കടം വീട്ടാത്തതു കൊണ്ട് മകളെ അടി മയായി പിടിച്ചു കൊണ്ടുപോവുകയാണ്. അവളുടെ ഹൃദയഭേദകമായ കരച്ചിൽ അർത്തബാന്റെ ഹൃദയ ത്തെ ഉലച്ചു. അദ്ദേഹം ഒരു നിമിഷം ആലോചിച്ചു. പിന്നെ തന്റെ കയ്യിൽ അവശേഷിച്ചിരുന്ന വിലയേറിയ മൂന്നാമത്തെ രത്നം പട്ടാളക്കാരെ ഏൽപ്പിച്ചു. 'ഇതാ ഇതു കൊണ്ടു കടം വീട്ടൂ. അവളെ സ്വതന്ത്രയാക്കൂ.' പട്ടാളക്കാർ രത്നം സ്വീകരിച്ച് ആ പെൺകുട്ടിയെ സ്വതന്ത്രയാക്കി.

അർത്തബാൻ ഗോഗുൽത്തയിലേക്കു പോകാൻ തിടുക്കം കൂട്ടി. പെട്ടന്ന് വലിയ ശബ്ദത്തോടെ ഒരു ഭൂമികുലുക്കമുണ്ടായി. അത് യേശുവിന്റെ കുരിശുമരണത്തിന്റെ സമയമായിരുന്നു. അർത്തബാൻ നിന്നിരുന്ന കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്ന് കുറച്ചുഭാഗം അടർന്ന് അദ്ദേഹത്തിന്റെ തലയിൽ പതിച്ചു. മാരകമായി മുറിവേറ്റ് അദ്ദേഹം നിലത്തു വീണു. പ്രാണൻ പിരിയുന്ന വേദനയിൽ അദ്ദേഹം പിടയുകയാണ്. അദ്ദേഹത്തിന് അതികഠിനമായ നിരാശ തോന്നി. ദൈവപുത്രനെ കാണാൻ കഴിഞ്ഞില്ല. സമ്മാനം കൊടുക്കാൻ കഴിഞ്ഞില്ല. കിടന്ന കിടപ്പിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: 'ദൈവമേ, ഞാൻ വിശന്നവർക്കു ഭക്ഷണം കൊടുത്തിട്ടുണ്ട്. ദാഹിച്ചിരുന്നവർക്ക് വെള്ളം കൊടുത്തിട്ടുണ്ട്. രോഗികളെ ശുശ്രൂഷിച്ചിട്ടുണ്ട്. അടിമകളെ സ്വതന്ത്രരാക്കിയിട്ടുണ്ട്. നഗ്നർക്ക് വസ്ത്രം നൽകിയിട്ടുണ്ട്. പക്ഷെ നിന്നെ ഒരു നോക്കു കാണാൻ നീയെന്നെ അനുവദിച്ചില്ലല്ലോ!' നിറഞ്ഞ കണ്ണുകളോടെ അദ്ദേഹം മരണത്തിനായി ഒരുങ്ങി. അപ്പോൾ അദ്ദേഹം ശാന്തമായ ഒരു സ്വരം കേട്ടു. 'അർത്തബാൻ, എന്റെ ഏറ്റവും എളിയ സഹോദരങ്ങൾക്ക് നീയിതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്.'

അർത്തബാന്റെ മനസ്സിൽ വീണ്ടും വീണ്ടും ആ വാക്കുകൾ മുഴങ്ങി. എന്റെ ഏറ്റവും എളിയ സഹോദരങ്ങൾക്ക് നീയിതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്. അത് ദൈവപുത്രനായ യേശുവാണെന്ന് അദ്ദേഹത്തിനു മനസ്സിലായി. താൻ സഹായിച്ചവരുടെയൊക്കെ മുഖങ്ങളിൽ അദ്ദേഹമപ്പോൾ ദൈവപുത്രന്റെ മുഖം കണ്ടു. അവർക്കു സമർപ്പിച്ച ശുശ്രൂഷകൾ ദൈവപുത്രനാണു സ്വീകരിച്ചതെന്ന് അദ്ദേഹത്തിനു മനസ്സിലായി. തന്റെ കാഴ്ചകൾ സ്വീകരിക്കപ്പെട്ടിരിക്കുന്നു. ദിവ്യമായ ഒരാന്തരിക സമാധാനത്തിൽ അദ്ദേഹം മിഴികൾ പൂട്ടി.

www.malankaralibrary.com

# 5

# Christmas Day in the Morning

അമേരിക്കൻ എഴുത്തുകാരിയായ പേൾ എസ്. ബക്ക് 1955 ൽ പ്രസിദ്ധീകരിച്ച മനോഹരമായ ഒരു ചെറുകയാണ് *Christmas Day in the Morning*. ക്രിസ്മസ് പശ്ചാത്തലത്തിൽ എഴുതപ്പെട്ട ഈ കഥ ഒരപ്പന്റെയും മകന്റെയും ഹൃദയസ്പർശിയായ ബന്ധത്തെ വരച്ചുകാട്ടുന്നു.

റോബ് എന്നു പേരുള്ള ഒരു പതിനഞ്ചുകാരൻ. അവൻ മാതാപിതാക്കളോടും സഹോദരിമാരോടും ഒപ്പമാണു താമസം. വളരെ പാവപ്പെട്ട ഒരു കുടുംബ മാണ് റോബിന്റേത്. കന്നുകാലി വളർത്തലാണ് റോബിന്റെ പിതാവിന്റെ തൊഴിൽ. അവർക്ക് ഏതാനും പശുക്കളുണ്ട്. അതിൽ നിന്നു കിട്ടുന്ന വരുമാനമാണ് കുടുംബത്തിന്റെ ഉപജീവന മാർഗ്ഗം.

സമപ്രായക്കാരായ മറ്റു കുട്ടികളെപ്പോലെ അത്ര സുഖകരമായിരുന്നില്ല റോബിന്റെ ബാല്യം. ചെറു പ്രായത്തിൽ തന്നെ പിതാവിനൊപ്പം കുടുംബത്തിനു വേണ്ടി റോബിനും അധ്വാനിക്കേണ്ടി വന്നു. എല്ലാ ദിവസവും വെളുപ്പിന് നാലു മണിക്ക് ഉണരണം. പിതാവിനൊപ്പം തൊഴുത്തിൽ മണിക്കൂറുകൾ നീളുന്ന ജോലി. അതു കഴിയുമ്പോഴേക്കും നന്നായി ക്ഷീണിക്കും. പിന്നെ പഠിക്കാനൊന്നും അധികം സമയമുണ്ടാവില്ല. ജീവിതം ആഘോഷിക്കാനുള്ള സാമ്പത്തിക ഭദ്രതയൊന്നും അവർക്കുണ്ടായിരുന്നില്ല. ക്രിസ്മസ് പോലെയുള്ള വലിയ ആഘോഷാ വസരങ്ങൾ പോലും റോബിന്റെ ജീവിതത്തിൽ വളരെ പരിമിതമായ ചില കാര്യങ്ങളിലൊതുങ്ങി. അതിൽ റോബിന് ഉള്ളിൽ ഇത്തിരി പരിഭവമുണ്ടായിരുന്നു. പിതാവിന് തന്നോടു സ്നേഹമില്ല എന്നായിരുന്നു പതിനഞ്ചു വയസ്സുവരെ അവന്റെ ധാരണ.

എന്നാൽ പതിനഞ്ചാം വയസ്സിൽ അവന്റെ അപ്പനും അമ്മയും തമ്മിലുള്ള സംസാരം യാദൃശ്ചി കമായി മറഞ്ഞു നിന്ന് കേൾക്കാനിടയായത് അവന്റെ ധാരണകളെ തിരുത്തിക്കുറിച്ചു. അപ്പൻ അമ്മയോടു പറയുകയാണ്, 'മേരീ നമ്മുടെ റോബ് ചെറുപ്പമല്ലേ! അവനെ എല്ലാ ദിവസവും ഇങ്ങനെ വെളുപ്പിന് വിളിച്ചുണർത്തി പണിയെടുപ്പിക്കുന്നത് എനിക്ക് വലിയ വിഷമമാണ്. അവൻ വളരുന്ന പ്രായമാണ്. നല്ല ഉറക്കവും വിശ്രമവും അവനാവശ്യമാണ്.' അമ്മ അപ്പനെ ആശ്വസിപ്പിച്ചു. 'സാരമില്ല, നിങ്ങളെക്കൊണ്ട് ഈ ജോലിയെല്ലാം ഒറ്റയ്ക്കു ചെയ്യാൻ കഴിയാത്ത തുകൊണ്ടല്ലേ. എല്ലാം നമ്മുടെ കുടുംബത്തിനു വേണ്ടിയല്ലേ. മാത്രമല്ല അവനത്ര ചെറിയ കുട്ടിയ ല്ലല്ലോ!' അമ്മ അങ്ങനെ പറഞ്ഞെങ്കിലും അപ്പൻ അവനെയോർത്ത്, അവന്റെ ഭാവിയോർത്ത് വീണ്ടും സങ്കടപ്പെട്ടുകൊണ്ടിരുന്നു. റോബിന് അത് ആദ്യത്തെ അനുഭവമായിരുന്നു. അപ്പന്റെ ഉള്ളിൽ തന്നോട് അങ്ങനെയൊരു പരിഗണനയുണ്ടെന്ന്, അത്രമേൽ സ്നേഹമുണ്ടെന്ന് അവനറിഞ്ഞിരുന്നില്ല. വളരെ പരുക്കൻ ജീവിത സാഹചര്യങ്ങളോടു മല്ലിട്ടു വളർന്ന



www.malankaralibrary.com

അദ്ദേഹത്തിനാകട്ടെ തന്റെ ഉള്ളിലെ ആ സ്നേഹം പ്രകടിപ്പിക്കാനും അറിയില്ലായിരുന്നു. അപ്പനെ തെറ്റിദ്ധരിച്ചതോർത്ത് അവൻ സങ്കടപ്പെട്ടു.

അങ്ങനെ ക്രിസ്മസ് കാലം വന്നെത്തി. കടുത്ത മഞ്ഞും തണുപ്പുമാണ്. അതു കൊണ്ടു തന്നെ പ്രഭാതത്തിലെ ജോലികൾ കൂടുതൽ കഠിനമായി. റോബ് വലിയ ഉത്സാഹത്തോടും സ്നേഹത്തോടും കൂടി തന്നാൽ കഴിയും വിധം അപ്പനെ സഹായിച്ചു. ഇത്തവണ ക്രിസ്മസിന് അപ്പന് ഒരു സ്പെഷ്യൽ സമ്മാനം കൊടുക്കണം. പണം മുടക്കി വലിയ സമ്മാനങ്ങളൊന്നും വാങ്ങാൻ നിവൃത്തിയില്ല. എന്തുവേണം? അപ്പൻ പറഞ്ഞു കേട്ടിട്ടുള്ള ക്രിസ്മസ് കഥകളിൽ ഉണ്ണിയേശുവിന് വലിയ രാജാക്കൻമാർ സമ്മാനങ്ങൾ നൽകിയത് ഒരു കാലിത്തൊഴുത്തിൽ വച്ചായിരുന്നു. അതുകൊണ്ട് കാലിത്തൊഴുത്തുമായി ബന്ധപ്പെട്ട ഒരു സമ്മാനം അപ്പനു നൽകിയാലോ? അവൻ തല പുകഞ്ഞാലോചിച്ചു. ഒടുവിൽ ഒരു വഴി കണ്ടെത്തി.

ക്രിസ്മസിന്റെ തലേരാത്രി റോബ് ഉറങ്ങിയില്ല. വീട്ടിലെല്ലാവരും ഉറങ്ങിക്കഴിഞ്ഞപ്പോൾ അവൻ എഴുന്നേറ്റു. സമയം അർദ്ധരാത്രി കഴിഞ്ഞിരിക്കുന്നു. അവൻ ഒച്ചയുണ്ടാക്കാതെ കോണിപ്പടികളിറങ്ങി തൊഴുത്തിലേക്കു നടന്നു. നല്ല മരം കോച്ചുന്ന തണുപ്പാണ്. ഇതുപോലൊരു രാത്രിയിലാണ ല്ലോ ഉണ്ണിയേശു പിറന്നതെന്ന് അവനോർത്തു. പതിവിലും നേരത്തേ വന്ന റോബിനെ കണ്ട് പശുക്കൾ അമ്പരപ്പോടെ തലയുയർത്തി. ഒരു പുഞ്ചിരിയോടെ റോബ് തൊഴുത്തു വൃത്തി യാക്കാൻ തുടങ്ങി. ചാണകമെല്ലാം വാരിമാറ്റി തൊഴുത്തെല്ലാം കഴുകി വൃത്തിയാക്കി. പശുക്കളെയും വൃത്തിയാക്കി പാൽ കറന്ന് പാത്രങ്ങൾ നിറച്ചു. പശുക്കൾക്ക് തീറ്റ നൽകി. പശുക്കിടാക്കളെ തള്ളയുടെ അടുക്കലെത്തിച്ച് പാൽ കുടിപ്പിച്ചു. എല്ലാ ദിവസം റോബും അവന്റെ അപ്പനും കൂടി ചെയ്തിരുന്ന എല്ലാ ജോലികളും നാലു മണിക്ക് അപ്പൻ ഉണരുന്നതിനു മുമ്പ് അവൻ ഒറ്റയ്ക്കു, വളരെ പ്രയാസപ്പെട്ട് ചെയ്തു തീർത്തു. ഓരോ ജോലി ചെയ്തു തീർക്കുമ്പോഴും അവന്റെ മനസ്സിൽ അപ്പന്റെ മുഖമായിരുന്നു. അപ്പൻ തങ്ങൾക്കു വേണ്ടി എന്തു മാത്രം കഷ്ടപ്പെടുന്നുണ്ട്. ഓർത്തപ്പോൾ അവന്റെ കണ്ണു നിറഞ്ഞു. എല്ലാ ലജാലിയും തീർത്ത് ഒന്നും സംഭവിക്കാത്തതുപോലെ മുറിയിൽ വന്നു കിടന്നു. ഉറങ്ങിയില്ല, ഉറക്കം നടിച്ചു കിടന്നു. ഇന്നു ക്രിസ്മസല്ലേ. ഇന്നെങ്കിലും അപ്പൻ ഒന്നു വിശ്രമി ക്കട്ടെ. ഇതാണ് അപ്പനുള്ള എന്റെ ക്രിസ്മസ് സമ്മാനം.

റോബിന്റെ അപ്പൻ പതിവുപോലെ വെളുപ്പിന് നാലു മണിക്ക് ഉണർന്നു. റോബിന്റെ മുറിയുടെ വാതിൽക്കൽ വന്ന് പതിവുപോലെ അവനെ വിളിച്ചിട്ട് തൊഴുത്തിലേക്കു പോയി. അവിടെയെത്തിയപ്പോൾ അദ്ദേഹം അമ്പരന്നു. എല്ലാ ജോലികളും ആരോ ചെയ്തിരിക്കുന്നു. പാൽ കറന്ന് പാത്രങ്ങളിൽ നിറച്ചു വച്ചിരിക്കുന്നു. കണ്ണു തിരുമ്മി വീണ്ടും നോക്കി സ്വപ്നമല്ല, സത്യമാണ്. റോബാണതു ചെയ്തതെന്ന് അദ്ദേഹത്തിനു മനസ്സിലായി. അദ്ദേഹത്തിന്റെ കണ്ണു നിറഞ്ഞു. അദ്ദേഹം റോബിന്റെ മുറിയിലേക്കു നടന്നു. അപ്പൻ കോണിപ്പടി കയറി വരുന്ന ശബ്ദം റോബ് കേട്ടു. അവന്റെ ഹൃദയമിടിപ്പു കൂടി. അവൻ ഉറക്കത്തിലെന്ന പോലെ കണ്ണടച്ചു കിടന്നു.

അപ്പൻ മകന്റെ കിടക്കക്കരികിലെത്തി. അരികിലി രുന്നു. മകന്റെ നെറുകയിൽ തലോടി. മകന്റെ ഉള്ളിൽ തന്നോടുള്ള സ്നേഹത്തെക്കുറിച്ചോർത്തപ്പോൾ അദ്ദേഹത്തിന്റെ കണ്ണു നിറഞ്ഞു. കണ്ണുനീർത്തു ള്ളികൾ മകന്റെ മുഖത്തേക്കു വീണു. റോബ് കണ്ണു തുറന്നു. ഒരു പുഞ്ചിരിയോടെ അപ്പന്റെ മുഖത്തക്കു നോക്കിപ്പറഞ്ഞു: അപ്പാ ഹാപ്പി ക്രിസ്മസ്. ഇത് അപ്പനുള്ള എന്റെ ക്രിസ്മസ് സമ്മാനമാണ്. സന്തോ ഷത്താൽ നിറഞ്ഞ ഹൃദയത്തോടെ അപ്പനും മകനും കെട്ടിപ്പിടിച്ചു കരഞ്ഞു. അവർ പരസ്പരം കൈമാറിയ സ്നേഹമായിരുന്നു അവരുടെ വിലമതിക്കാനാവാത്ത ക്രിസ്മസ് സമ്മാനങ്ങൾ. ആ കുടുംബത്തിന് ഒരിക്കലും മറക്കാനാവാത്ത ഒരു ക്രിസ്മസ് ദിവസമായി അതു മാറി.

സ്നേഹം അത് പ്രകടിപ്പിക്കാനുള്ളതാണ്. പിതാവായ ദൈവം തന്റെ ഏക പുത്രനെ ഈ ലോകത്തിനു സമ്മാനമായി നൽകി നമ്മോ ടുള്ള തന്റെ സ്നേഹം പ്രകടിപ്പിച്ച സമയമാണ് ക്രിസ്മസ്. റോബും പിതാവും പരസ്പരം തങ്ങളുടെ സ്നേഹം പ്രകടിപ്പിച്ചപ്പോൾ അവരുടെ ബന്ധം കുടുതൽ ദൃഢമായി. അവർക്ക് ഒരിക്കലും മറക്കാ നാവാത്ത അനുഭവമായി അത് മാറുകയും ചെയ്തു. ഈ ക്രിസ്മസ് നമുക്കും നമ്മുടെ സ്നേഹം പ്രകടി പ്പിക്കാനുള്ള അവസരമായി മാറട്ടെ. തണുത്തുറഞ്ഞു പോയ ബന്ധങ്ങൾ വീണ്ടും ഊഷ്മളമായി മാറട്ടെ. ഹൃദ്യമായ സ്നേഹാനുഭവങ്ങൾ നിങ്ങൾക്ക് ഉണ്ടാകട്ടെ എന്നാഗ്രഹിച്ചു കൊണ്ട് Merry Christmas!



www.malankaralibrary.com



# മഹാനായ വി. ലിയോ മാർപാപ്പ




റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

സഭാചരിത്രത്തിൽ ആദ്യമായി 'മഹാൻ' എന്ന സംജ്ഞ തന്റെ പേരിനോട് കൂട്ടിച്ചേർക്കത്തക്ക വിധം സഭയ്ക്കും റോമൻ ജനതയ്ക്കും അനശ്വര സംഭാവന നൽകിയ മാർപാപ്പയാണ് മഹാനായ വി. ലിയോ. ചക്രവർത്തിമാർ ഉപേക്ഷിച്ചുപോയ റോമിൽ നേതൃശൂന്യത അനുഭവപ്പെട്ടപ്പോൾ സാധാരണക്കാരുടെ പ്രതീക്ഷയും അഭയവുമായി വി. ലിയോ അവതരിച്ചു. 'നിത്യനഗരം' നിരന്തരം അക്രമങ്ങൾക്ക് വിധേയമായി ക്ഷയിച്ചപ്പോൾ ക്രിസ്തീയ വിശ്വാസത്തിന്റെ തലയിൽ കെട്ടിവച്ച പാപഭാരത്തിനെതിരെയുള്ള ആത്മീയ-ബൗദ്ധിക പ്രതിരോധമായിരുന്നു വി. അഗസ്തീനോസിന്റെ 'ദൈവത്തിന്റെ നഗരം' എന്ന വിഖ്യാത കൃതി. ഒരു വിശ്വാസിയുടെ നിത്യനഗരം ഭൂമിയിലല്ല, പിന്നെയോ സ്വർഗ്ഗത്തിലാണ് എന്നതായിരുന്നു ഈ ഗ്രന്ഥത്തിന്റെ പ്രമേയം. ചരിത്രത്താളുകളിൽ മാത്രം കാണപ്പെടുന്ന പുരാതന മഹാനഗരങ്ങളുടെ ഗണത്തിൽ ഉൾപ്പെടാതെ ഇന്നും റോം സജീവമായി നിലനിൽക്കുന്നതിനു ലിയോ മാർപാപ്പയോട് നാം കടപ്പെട്ടിരിക്കുന്നു. ക്രൂരതയുടെ പര്യായമായിരുന്ന ആറ്റില എന്ന ഹുൺ രാജാവിനെയും 'നശീകരണപ്രവണത'(vandalism) എന്ന വാക്ക് പേരിനോട് ചേർക്കപ്പെട്ടിരിക്കുന്ന വാന്തൽ രാജാവായ ജൈസെറിക്കിനെയും അനുനയിപ്പിച്ചു റോമിനെ രക്ഷിക്കുന്നതിനും മാർപാപ്പയ്ക്ക് സാധിച്ചു. എല്ലാറ്റിലുമുപരി കൽസിഡോണിയ കൗൺസിലിൽ രൂപപ്പെട്ട ക്രിസ്തുവിജ്ഞാനീയം (Christology) ലിയോ മാർപാപ്പ പകർന്നു നല്കിയ അറിവിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു. ചരിത്രത്തിലെ ഒരു നിർണ്ണായക ഘട്ടത്തിൽ സഭയ്ക്ക് ശക്തമായ നേതൃത്വം നല്കി, പ്രതിസന്ധികളെ ധീരതയോടെ നേരിട്ടു, റോമൻ ജനതയിൽ ആത്മവിശ്വാസം പകർന്ന നേതാവാണ് അദ്ദേഹം. പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ തന്റെ ജനത്തെ നയിക്കാനും സഹോദരങ്ങളെ ചേർത്തു നിർത്താനും അദ്ദേഹം ശ്രമിച്ചതുവഴി മാർപാപ്പ സ്ഥാനത്തിനു തന്നെ പുതിയ ഭാവം കൈവന്നു. ലിയോ മാർപാപ്പയുടെ ജീവിതവും ചിന്തകളും അടുത്തറിയുന്നത് നമ്മുടെ ക്രിസ്തീയ ജീവിതത്തെയും പ്രചോദിപ്പിക്കും.

www.malankaralibrary.com

**ജനനം ബാല്യം വിദ്യാഭ്യാസം**

ലിയോ മാർപാപ്പയുടെ ബാല്യകാലത്തെക്കുറിച്ചു സമകാലീന ചരിത്രകാരന്മാർ തങ്ങളുടെ രചനകളിൽ ഒന്നും പറയുന്നില്ലെങ്കിലും മാർപാപ്പയുടെ നേതൃത്വത്തെക്കുറിച്ചും അദ്ദേഹത്തിന്റെ ഭരണപരിഷ്കാരങ്ങളെക്കുറിച്ചും വാചാലമായി സംസാരിക്കുന്നുണ്ട്. അഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽഎഴുതപ്പെട്ട മാർപാപ്പമാരുടെ ജീവചരിത്രം വിവരിക്കുന്ന 'ലീബർ പൊന്തിഫിക്കാലിസ്' പറയുന്നത് ലിയോ മാർപാപ്പയുടെ ജന്മദേശം ഇറ്റലിയിലെ ടസ്കണി പ്രദേശമാണെന്നാണ്. എ.ഡി. 400 അദ്ദേഹത്തിന്റെ ജന്മവർഷമായി പൊതുവെ അംഗീകരിച്ചിരിക്കുന്നു. ലിയോയുടെ പിതാവ് ക്വീന്തിയൻ ഇറ്റലിയിലെ എത്രൂറിയ പ്രദേശത്തെ വൊളതേറയിൽ നിന്നുള്ള ആളായിരുന്നു. ടസ്ക്കണിയിലാണ് ജനിച്ചതെങ്കിലും ചെറുപ്പത്തിൽ തന്നെ അദ്ദേഹം റോമിൽ വന്നിരിക്കാനാണ് സാധ്യത. കാരണം തന്റെ 'പിതൃഭൂമി' (*patria*) എന്ന് ലിയോ വിശേഷിപ്പിച്ചിരിക്കുന്നത് റോമിനെയാണ്. ഒരു പക്ഷെ ചെറുപ്പം മുതലുള്ള തന്റെ പ്രവർത്തന മണ്ഡലമെന്ന നിലയിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞിരിക്കുന്നതുമാകാം.

ലത്തീൻ-ക്രിസ്ത്യൻ സംസ്കാരത്തിൽ വളർന്നു വന്ന ലിയോയ്ക്ക് ചെറുപ്പകാലത്ത് പേഗൻ സാഹിത്യമോ ഗ്രീക്ക് ഭാഷയോ പഠിക്കുന്നതിന് അവസരം ലഭിച്ചിരുന്നില്ല. ലത്തീൻ ഭാഷയിലും സാഹിത്യത്തിലും ആഴമായ അറിവ് ഉണ്ടായിരുന്ന മാർപാപ്പ പൂർണ്ണമായും ഈ ഭാഷയിലാണ് പ്രസംഗിക്കുകയും എഴുതുകയും ചെയ്തത്. കൂടാതെ രാഷ്ട്രീയ ബൗദ്ധീക ദൈവശാസ്ത്ര മേഖലകളിൽ റോമൻ പ്രദേശങ്ങളിൽ വലിയ മാറ്റങ്ങൾ വന്നു കൊണ്ടിരുന്ന ഒരു കാലഘട്ടവുമായിരുന്നു ഇത്. ലത്തീൻ സഭാപിതാക്കന്മാരുടെ കൃതികളിൽ അവഗാഹം നേടിയിരുന്ന ലിയോയ്ക്ക് വി. അഗസ്റ്റിനോസിനെപ്പോലെയോ, കപ്പഡോഷ്യൻ പിതാക്കന്മാരെപ്പോലെയോ വിജാതീയ സാഹിത്യ കൃതികളിലും പ്രാവീണ്യം ഉണ്ടായിരുന്നില്ല. ഇനിയും ഈ മേഖലയിൽ എന്തെങ്കിലും അറിവ് ഉണ്ടായിരുന്നെങ്കിൽ തന്നെ അത് തന്റെ രചനകളെ സ്വാധീനിക്കത്തക്ക വിധത്തിലും ആയിരുന്നില്ല.

റോമൻ സഭയിലെ ഒരു ദേവാലയ സഹായി (acolyte) എന്ന നിലയിലാണ് ലിയോ സഭയുടെ സേവന മേഖലയിലേക്ക് കടന്നുവരുന്നത്. വി. അഗസ്തീനോസിനെ ഇക്കാലയളവിൽ അദ്ദേഹം പരിചയപ്പെട്ടിരുന്നു എന്നതിന് തെളിവുകൾ ഉണ്ട്. സോസിമസ് മാർപാപ്പയുടെ ഭരണകാലയളവിൽ എ.ഡി. 418-ൽ കാർത്തേജിലെ ബിഷപ്പായിരുന്ന വി. ഔറേലിയോസിനു നല്കാനുള്ള ഒരു കത്തുമായി വടക്കൻ ആഫ്രിക്കയിലേക്ക് ലിയോ യാത്ര ചെയ്തു. പെലാജിയൂസിന്റെ പ്രബോധനങ്ങളെ അപലപിച്ചു കൊണ്ട് സിക്റ്റസ് മൂന്നാമൻ (പിന്നീട് മാർപാപ്പ) എഴുതിയ ഒരു കത്തായിരുന്നു ഇത്. യൗവ്വന പ്രായത്തിൽ തന്നെ സഭാ പ്രബോധനങ്ങളിലും ഭരണ കാര്യങ്ങളിലും അദ്ദേഹം ഇടപെട്ടിരുന്നു എന്ന് മാത്രമല്ല സഭാധികാരികൾ വലിയ ഉത്തരവാദിത്വങ്ങൾ അദ്ദേഹത്തെ ഏല്പിച്ചിരുന്നു എന്നു കൂടി വെളിവാക്കുന്നതാണ് ഇത്തരം ദൗത്യങ്ങൾ. കൂടാതെ വലിയ ഭരണ പരിചയം നേടുന്നതിനും മാർപാപ്പ ആയതിന് ശേഷം കാര്യക്ഷമതയോടെ തന്റെ കടമകൾ നിറവേറ്റുന്നതിനും ഇക്കാര്യങ്ങൾ അദ്ദേഹത്തെ സഹായിച്ചു.

**റോമൻ സഭയിലെ ആർച്ചുഡീക്കൻ**

സെലസ്റ്റിൻ മാർപാപ്പയുടെ ഭരണകാലയളവിലാണ് ലിയോ റോമിലെ ആർച്ചുഡീക്കൻ പദവിയിലേക്ക് ഉയർത്തപ്പെടുന്നത്. റോമൻ രൂപതയുടെ ഭരണത്തിൽ സഹായിച്ചിരുന്ന ഏഴ് ഡീക്കന്മാരിൽ ഒന്നാമനാ



www.malankaralibrary.com

യിരുന്നു അദ്ദേഹം. സഭയുടെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുക, പാവങ്ങൾക്കുള്ള സഹായം വിതരണം ചെയ്യുക, ചക്രവർത്തിയും മാർപാപ്പയും തമ്മിലുള്ള ആശയവിനിമയം സുഗമമായി നടത്തുക, പൗരോഹിത്യ ശുശ്രൂഷയിൽ മാർപാപ്പയെ സഹായിക്കുക എന്നിവയായിയിരുന്നു അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ. ഈ ദൗത്യങ്ങൾ കാര്യക്ഷമതയോടെ ചെയ്തതു വഴി വലിയ അനുഭവ പരിചയവും സമൂഹത്തിലെ ഉന്നതരായ വ്യക്തികളെ അടുത്തറിയുന്നതിനുള്ള അവസരവും അദ്ദേഹത്തിനു ലഭിച്ചു.

ആർച്ചുഡീക്കൻ ലിയോയുടെ ദൈവഭക്തിയും ബുദ്ധിശക്തിയും കർമ്മശേഷിയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിലുള്ള പാടവവും എല്ലാവരിലും വലിയ മതിപ്പുളവാക്കിയിരുന്നു. മാർപാപ്പമാരും റോമൻ ചക്രവർത്തിമാരും സഭയിലെയും രാജ്യത്തെയും വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അദ്ദേഹത്തെ നിയോഗിച്ചിരുന്നു. ലിയോ റോമൻ സഭയിൽ നേടിയെടുത്ത പ്രത്യേക വിശ്വാസ്യതയുടെ അടയാളമായിരുന്നു അദ്ദേഹത്തെ എ.ഡി. 440–ൽ ഒരു നയതന്ത്ര ദൗത്യവുമായി ഗൗൾ (ഇന്നത്തെ ഫ്രാൻസ്) പ്രദേശത്തേക്ക് അയച്ചത്. ലിയോ രണ്ടുപേരെയും രമ്യതയിലാക്കി വലിയൊരു പ്രശ്നം പരിഹരിച്ചു. ഈ ദൗത്യം ഇക്കാലയളവിൽ ഉടലെടുത്ത വലിയൊരു പ്രതിസന്ധി പരിഹരിക്കുന്നതിനു സഭ ഇടപെടുകയും അതിൽ വിജയിക്കുകയും ചെയ്തു എന്നതിന്റെ തെളിവുകൂടിയാണ്. അക്കാലത്തെ പണ്ഡിതന്മാരുമായും ഭരണാധികാരികളുമായും അടുത്ത ബന്ധം പുലർത്തിയിരുന്ന ലിയോ എന്നും സാധാരണ ജനങ്ങളുടെ സുഹൃത്തുമായിരുന്നു.

മാർപാപ്പ ആകുന്നതിന് മുൻപുതന്നെ അദ്ദേഹത്തിന്റെ പ്രശസ്തി എല്ലായിടത്തും വ്യാപിച്ചിരുന്നു. അലക്സാൻഡ്രിയായിലെ വി. സിറിൽ ജറുസലേമിലെ ബിഷപ്പായിരുന്ന ജുവനാൽ അമിതമായ അധികാര പ്രയോഗം നടത്തിയപ്പോൾ ഇക്കാര്യം മാർപാപ്പയെ ധരിപ്പിക്കാൻ ചുമതലപ്പെടുത്തിയത് ഡീക്കനായിരുന്ന ലിയോയെയാണ്. വി. ജോൺ കാസ്സിയൻ പൂർണ്ണമായ സന്യാസത്തിലേക്ക് തിരിയുകയും തന്റെ ബൗദ്ധിക പ്രവർത്തനങ്ങൾ മാറ്റി വയ്ക്കുകയും ചെയ്തു. എന്നാൽ ലിയോയുടെ പ്രേരണയ്ക്ക് വഴങ്ങി തുടർന്നും താൻ ക്രിസ്തീയ വിശ്വാസ സംഹിതകളെക്കുറിച്ചു എഴുതാമെന്ന് സമ്മതിക്കുന്നു. തദനന്തരം 'മനുഷ്യാവതാരത്തെക്കുറിച്ചു' എന്ന കൃതി അദ്ദേഹം എഴുതുകയും അതിന്റെ രചനയിൽ ലിയോ സഹായിച്ചതിനു നന്ദി പറയുകയും ചെയ്യുന്നു.

**പത്രോസിന്റെ പിൻഗാമി**

ഗൗൾ പ്രദേശത്തെ സൈന്യാധിപനും പ്രധാന ന്യായാധിപനും തമ്മിലുള്ള തർക്കം പരിഹരിക്കാനായി വാലന്റീനിയൻ ചക്രവർത്തി ആർച്ചുഡീക്കൻ ലിയോയെ ചുമതലപ്പെടുത്തി. ചക്രവർത്തിയുടെ സൈന്യാധിപന്മാരായിരുന്ന എയെത്തിയൂസും അൽബിനൂസും തമ്മിലുള്ള തർക്കം ഇല്ലാതാക്കുക എന്നതായിരുന്നു ഈ ദൗത്യം. ഈ സമയത്ത് സിക്സ്റ്റസ് മൂന്നാമൻ മാർപാപ്പ കാലം ചെയ്തു. റോമിലെ പൗരപ്രമുഖരും വിശ്വാസിഗണവും പുരോഹിതരും ലിയോയുടെ അസാന്നിധ്യത്തിൽ ഐകകണ്ഠ്യേന അദ്ദേഹത്തെ അടുത്ത മാർപാപ്പയായി തിരഞ്ഞെടുത്തു. അവർ ഗൗളിലേക്ക് ഒരു പ്രതിനിധി സംഘത്തെ അയക്കുകയും അദ്ദേഹത്തെ മാർപാപ്പയായി തിരഞ്ഞെടുത്ത വാർത്ത അറിയിക്കുകയും ചെയ്തു.

സിക്റ്റസ് മൂന്നാമൻ മാർപാപ്പ കാലം ചെയ്തതിന്റെ നാല്പതാം ദിവസം ലിയോ റോമിലെത്തി. അദ്ദേഹം പൗരോഹിത്യ, മെത്രാഭിഷേക പട്ടങ്ങൾ സ്വീകരിച്ചതിനു ശേഷം സഭയുടെ നാല്പത്തിയേഴാമത്തെ മാർപാപ്പയായി സ്ഥാനമേറ്റു. (ചരിത്രത്തിൽ ആദ്യമായി ഒരു മാർപാപ്പ തിരഞ്ഞെടുക്കപ്പെടുമ്പോൾ പുതിയ പേര് സ്വീകരിക്കുന്ന പാരമ്പര്യം എ.ഡി. 533 മുതൽ 535 വരെയുള്ള കാലയളവിൽ മാർപാപ്പ ആയിരുന്ന ജോൺ രണ്ടാമൻ ആരംഭിച്ചതാണ്. മാർപാപ്പയാകുന്നതിന് മുൻപുള്ള മെർക്കൂറിയസ് എന്ന നാമം പുറജാതികളുടെ ദൈവത്തിന്റേതായിരുന്നതിനാലാണ് അദ്ദേഹം പുതിയ പേര് സ്വീകരിച്ചത്). അങ്ങനെ എ.ഡി. 440 സെപ്റ്റംബർ 29–ന് ചരിത്രത്തിലെ ഏറ്റവും ദീർഘമേറിയ ഒരു പേപ്പൽ ഭരണത്തിന് ആരംഭം കുറിച്ചു.




www.malankaralibrary.com

**സത്യവിശ്വാസ സംരക്ഷകൻ**

ലിയോ മാർപാപ്പ തന്റെ സ്ഥാനാരോഹണം കഴിഞ്ഞയുടൻ ചെയ്ത ആദ്യ പ്രവൃത്തി സിക്റ്റസ് മാർപാപ്പയുടെ കാലത്ത് സഭാ നവീകരണത്തിനു വേണ്ടി താൻതന്നെ നിർദേശിച്ച കാര്യങ്ങൾ പൂർണ്ണമായും നടപ്പിൽ വരുത്തുക എന്നതായിരുന്നു. പെലാജിയനിസവും മനിക്കേയനിസവും വലിയ വെല്ലുവിളികൾ ഉയർത്തിയ കാലഘട്ടം കൂടി ആയിരുന്നു ഇത്. ആദിപാപം മനുഷ്യസ്വഭാവത്തിന് കളങ്കം വരുത്തിയില്ലെന്നും മനുഷ്യകുലത്തിന് സ്വതന്ത്ര ഇച്ഛയാൽ പരിപൂർണ്ണത പ്രാപിക്കാൻ കഴിയുമെന്നും പെലാജിയനിസം പറയുന്നു. പാപ പങ്കില ജീവിതത്തിൽ നിന്നും പെരുമാറ്റത്തിൽ നിന്നും ക്രിസ്ത്യാനി പൂർണ്ണമായും അകന്ന് എപ്പോഴും കുറ്റമറ്റ ജീവിതം മാത്രം നയിക്കണമെന്നും അല്ലാത്തവർക്ക് ക്രിസ്ത്യാനി ആകാൻ കഴിയില്ലെന്നും ഇവർ പഠിപ്പിച്ചു.

മനിക്കേയൻ വിശ്വാസം ദ്വൈതവാദത്തിൽ അധിഷ്ഠിതമായ പ്രപഞ്ചശാസ്ത്രത്തിൽ (dualistic cosmology) വിശ്വസിച്ചിരുന്നവരുടെ സമൂഹമായിരുന്നു. ഇവരുടെ വിശ്വാസമനുസരിച്ച് രണ്ടു തരത്തിലുള്ള ലോകം നിലനിൽക്കുന്നു. ഒന്ന് എല്ലാ നന്മകളുടെയും ഉറവിടമായ ഒരു നല്ല ദൈവത്തിൽ നിന്നും വരുന്നതാണ്. രണ്ടാമത്തേത് എല്ലാ തിന്മകൾക്കും കാരണമായ ദുഷ്ടദൈവത്തിൽ നിന്നും ഉത്ഭവിക്കുന്നതും. ഇത് രണ്ടും നിരന്തരമായ സമരത്തിൽ ഏർപ്പെട്ടിരിക്കുന്നു. അനേകം സാധാരണ വിശ്വാസികൾ തെറ്റായ ഈ രണ്ടു സിദ്ധാന്തങ്ങളിലൂടെ പാഷണ്ഡതയിൽ അകപ്പെട്ടു. സന്യാസത്തിനും പരിത്യാഗ പ്രവർത്തനങ്ങൾക്കും ഈ രണ്ടു സംഹിതകളും വലിയ പ്രാധാന്യം നൽകിയതിനാൽ സാധാരക്കാരും വൈദികരും ഇതിലേക്ക് ധാരാളമായി ആകർഷിക്കപ്പെട്ടു.

വി. അഗസ്തീനോസിന്റെയും മറ്റു പല സത്യവിശ്വാസ സംരക്ഷകരുടെയും പരിശ്രമഫലമായി അനേകം വിശ്വാസികൾ സഭയിലേക്ക് തിരികെ വന്നു. എന്നാൽ ഇതേതുടർന്ന് പല പ്രദേശങ്ങളിലും പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്തു. ഇവരെ സഭയിലേക്ക് തിരികെ പ്രവേശിപ്പിക്കാൻ പാടില്ലെന്നും, നിബന്ധനകളോടെ ആകാമെന്നും, നിരുപാധികം വേണമെന്നും, വാദിക്കുന്ന വിവിധ വിഭാഗങ്ങൾ സഭയിലുണ്ടായി. ലിയോ മാർപാപ്പ ഈ പ്രശ്നങ്ങളെ അവധാനതയോടെയും ദൈവീകതയോടെയും കൈകാര്യം ചെയ്തു. പാഷണ്ഡതയിൽ നിന്നും സത്യവിശ്വാസത്തിലേക്ക് വന്നവരെ യാതൊരു പ്രായശ്ചിത്തവും ചെയ്യാതെ തിരികെ പ്രവേശിപ്പിക്കുന്ന രീതി മാർപാപ്പ നിർത്തലാക്കി. അവർ പാഷണ്ഡത ത്യജിക്കുകയും സഭയുടെ വിശ്വാസം സ്വീകരിക്കുകയും ചെയ്യുന്നുവെന്ന് സത്യപ്രതിജ്ഞ ചെയ്യണം എന്ന നിർദ്ദേശം നല്കി. പൗരസ്ത്യ റോമൻ സാമ്രാജ്യത്തിലെ വിവിധ പ്രദേശങ്ങളിലുണ്ടായ രാഷ്ട്രീയ അനിശ്ചിതത്വം കാരണം റോമൻ




നഗരത്തിലേക്ക് പലായനം ചെയ്തു വന്ന മനിക്കേയൻ, പ്രിസില്ലിയൻ വിശ്വാസികളോടും കൂദാശ സ്വീകരണത്തിനു സത്യവിശ്വാസം ഏറ്റുപറയണം എന്ന നിർദ്ദേശം മാർപാപ്പ നല്കി.

**നിത്യനഗരത്തിന്റെ സംരക്ഷകൻ**

ചരിത്രത്തിന്റെ ഒരു നിർണ്ണായ ഘട്ടത്തിൽ സഭയുടെ നേതൃസ്ഥാനം ഏറ്റെടുത്തു റോമാ സാമ്രാജ്യത്തിന്റെ രക്ഷകനായി ലിയോ മാർപാപ്പ മാറി. പൗരസ്ത്യ ദേശത്തെ ബൈസാന്റിയം സാമ്രാജ്യ തലസ്ഥാനമാക്കാനുള്ള കോൺസ്റ്റന്റീൻ ചക്രവർത്തിയുടെ തീരുമാനം റോമാ നഗരത്തെ ചരിത്രപുസ്തകങ്ങളുടെ താളുകൾ അലങ്കരിക്കുന്ന കഥയാക്കി മാറ്റേണ്ടതായിരുന്നു. പുരാതന പ്രൗഢ നഗരങ്ങളായ ബാബിലോണിന്റെയും കാർത്തേജിന്റെയും പാതയിൽ സഞ്ചരിച്ചു വിസ്മൃതിയിൽ ആണ്ടുപോകുന്നതിൽ നിന്നും ഈ 'നിത്യനഗര'ത്തെ രക്ഷിച്ചത് ലിയോ മാർപാപ്പയുടെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും നേതൃത്വമാണ്. ലിയോ മാർപാപ്പയുടെ വിശുദ്ധിയുടെയും ധീരതയുടെയും വിജയമായി കണക്കാക്കുന്ന പ്രവൃത്തിയാണ് റോമിലുണ്ടായിരുന്ന രാഷ്ട്രീയ നേതൃശൂന്യത മുതലെടുത്തുകൊണ്ട് രണ്ടു പ്രാവശ്യം റോമിനെ അക്രമിച്ച ശക്തരായ എതിരാളികളെ തന്റെ ആത്മീയ-ധാർമ്മിക ശക്തിയാൽ അദ്ദേഹം കീഴ്പ്പെടുത്തിയത്.

ഹുൺസ് രാജാവായിരുന്ന ആറ്റില എ.ഡി. 452-ൽ റോമിനെ കീഴ്പ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഇറ്റലിയുടെ വടക്കുഭാഗത്ത് എത്തി. വാലന്റീനിയൻ ചക്രവർത്തിയുടെയും റോമൻ സെനറ്റിന്റെയും

www.malankaralibrary.com

ആവശ്യപ്രകാരം ലിയോ മാർപാപ്പ ആറ്റിലയെ നേരിൽ കണ്ടു. സെനറ്റർമാരായ അവിയേനൂസ്, ത്രിജെത്തിയൂസ് എന്നിവരോടൊപ്പം അദ്ദേഹം മാന്തുവാ നഗരത്തിൽ വച്ച് ആറ്റിലയോട് സംസാരിച്ചു. പൗരസ്ത്യ റോമൻ സാമ്രാജ്യത്തിന്റെ സൈന്യശക്തിയിലുള്ള ഭയത്തേക്കാൾ ലിയോ മാർപാപ്പയുടെ ധൈര്യവും വ്യക്തിത്വവും റോം അക്രമിക്കുന്നതിൽ നിന്നും ആറ്റിലയെ പിന്തിരിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ടു ധാരാളം ഐതീഹങ്ങളും പിന്നീട് നിലവിൽ വന്നു. വി. ലിയോ സംസാരിച്ചപ്പോൾ വൈദിക വസ്ത്രം ധരിച്ച ആയുധധാരിയും ശക്തനുമായ ഒരുവന്റെ രൂപം മാർപാപ്പയോടൊപ്പം കാണപ്പെട്ടുവെന്നും അതിനാൽ ലിയോയുടെ ആവശ്യങ്ങൾ അംഗീകരിച്ചു ആറ്റില പിൻവാങ്ങിയെന്നതുമാണ് ഐതീഹം. മാർപാപ്പയുടെയും ആറ്റിലയുടെയും സമാഗമം വിഷയമാക്കി പ്രസിദ്ധ ഇറ്റാലിയൻ ചിത്രകാരൻ റഫായേൽ വരച്ച ഒരു ചിത്രം വത്തിക്കാൻ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. അതിൽ വി. ലിയോ മാർപാപ്പയോട് ആറ്റില സംസാരിക്കുന്ന സമയത്ത് വി. പത്രോസിനെയും പൗലോസിനെയും അദ്ദേഹത്തിന്റെ ഇരുവശങ്ങളിലും നിൽക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു. ഇതു കൂടാതെ ഗോത്തിക്ക് രാജാവായ അലാറിക്ക് റോമിനെ കീഴടക്കിയ ഉടനെ മരിച്ചതും ആറ്റിലയെ ഭയപ്പെടുത്തിയിട്ടുണ്ടാവാം.

വാന്തൽ രാജാവായിരുന്ന ജെൻസെറിക്ക് എ.ഡി. 455-ൽ റോമിനെ അക്രമിക്കാൻ എത്തുന്ന സമയത്ത് പൗരസ്ത്യ റോമൻ ചക്രവർത്തി വാലന്റീനിയൻ



മരിച്ചതിനാൽ അവിടെനിന്നുള്ള സൈന്യ സഹായം അസാധ്യമായിരുന്നു. ലിയോ മാർപാപ്പയുടെ മാത്രം പരിശ്രമം കൊണ്ടാണ് അദ്ദേഹത്തെ റോമൻ നിവാസികൾക്ക് വലിയ നാശം ചെയ്യുന്നതിൽ നിന്നും പിന്തിരിപ്പിച്ചത്. റോമിലെ വിലപ്പെട്ട പലതും കൊള്ളയടിച്ചെങ്കിലും ആരെയും കൊല്ലാതെയും നഗരത്തിന് തീയിടാതെയും പ്രധാനപ്പെട്ട ദേവാലയങ്ങൾ അക്രമിക്കാതെയും അവർ പിൻവാങ്ങി. ഇത് മാർപാപ്പയുടെ അസാധാരണ ഇടപെടലുകൾ കൊണ്ട് മാത്രം സംഭവിച്ചതാണ്.

**കൽസിഡോണിയൻ സുന്നഹദോസും മാർപാപ്പായുടെ കത്തും**

ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും ഇന്ന് നാം മനസ്സിലാക്കുന്ന രീതിയിൽ വിശദീകരിക്കപ്പെട്ടത് എ.ഡി. 451-ലെ കൽസിഡോണിയ സുന്നഹദോസിൽ വച്ചാണ്. അതിന് അടിസ്ഥാനമായി നിലകൊണ്ടത് ലിയോ മാർപാപ്പ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസ് ഫ്ളാവിയന് എഴുതിയ 'റ്റോം' (Tome) എന്ന പേരിൽ അറിയപ്പെടുന്ന പ്രസിദ്ധമായ കത്താണ്. ക്രിസ്തുവിജ്ഞാനീയത്തിൽ സഭയുടെ നിലപാട് മാർപാപ്പ ഇതിൽ വിശദീകരിച്ചിരിക്കുന്നു. കൽസിഡോണിയ സുന്നഹദോസിൽ ഈ കത്തിന്റെ അടിസ്ഥാനത്തിലുള്ള ചർച്ചയാണ് നടന്നത്. എഫേസൂസ് സൂന്നഹദോസിന്റെ പ്രബോധനങ്ങൾ സ്ഥിരീകരിച്ച ഈ സുന്നഹദോസ് നെസ്തോറിയനിസവും ഏകസ്വഭാവവാദവും ഒരുപോലെ തള്ളിക്കളഞ്ഞു. കോൺസ്റ്റാന്റിനോപ്പിളിലെ ഫ്ളാവിയൻ പാത്രിയർക്കീസ് പുറത്താക്കിയ ഏകസ്വഭാവവാദിയായ എവുത്തിക്കസ് എന്ന സന്യാസി അതിനെതിരെ ലിയോ മാർപാപ്പയ്ക്ക് നിവേദനം സമർപ്പിച്ച സാഹചര്യത്തിൽ മാർപാപ്പയുടെ ഈ കത്തിന് വളരെ പ്രാധാന്യം ഉണ്ട്.

കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായിരുന്ന നെസ്തോറിയൂസ് (386-450) ക്രിസ്തുവിൽ രണ്ടു സ്വഭാവവും രണ്ടു വ്യക്തിത്വങ്ങളും ഉണ്ടെന്ന് പഠിപ്പിച്ചു. ഇത് ക്രിസ്തുവിൽ രണ്ടു സ്വാഭാവവും (two natures) ഒരു വ്യക്തിത്വവും (one person) എന്ന സഭയുടെ ആധികാരിക പ്രബോധനത്തിൽ നിന്നും വ്യത്യസ്തമായിരുന്നു. തുടർന്ന് പരിശുദ്ധ മാതാവ് ക്രിസ്തുവിലുള്ള മനുഷ്യസ്വഭാവത്തിന്റെ മാത്രം അമ്മയാണെന്നും അതിനാൽ 'തെയോതോക്കോസ്' (ദൈവവാഹക) എന്നതിന് പകരം 'ക്രിസ്തോതോക്കോസ്' (ക്രിസ്തുവാഹക) എന്നാണ് മാതാവിനെ അഭിസംബോധന ചെയ്യേണ്ടതെന്നും പഠിപ്പിച്ചു. തെയോഡോഷ്യസ് രണ്ടാമൻ ചക്രവർത്തി 431-ൽ എഫേസൂസിൽ വിളിച്ചു കൂട്ടിയ സാർവത്രിക സുന്നഹദോസിൽ വച്ച് നെസ്തോറിയൂസിനെ ഈ തെറ്റായ പ്രബോധനത്തിന്റെ പേരിൽ സഭയിൽ നിന്നും പുറത്താക്കി.

www.malankaralibrary.com

നെസ്തോറിയനിസത്തെ ശക്തമായി എതിർത്ത സന്യാസപ്രമുഖനായിരുന്നു എവുത്തിക്കസ്. എന്നാൽ എവുത്തിക്കസിന്റെ തീവ്രനിലപാടുകൾ 'ഏകസ്വഭാവ വാദം' (monophysitism) എന്ന പാഷണ്ഡതയിലാണ് അദ്ദേഹത്തെ എത്തിച്ചത്. ക്രിസ്തുവിലുള്ള മനുഷ്യ സ്വഭാവവും, ദൈവസ്വഭാവവും ലയിച്ചു ഒന്നായിരിക്കുന്നു എന്ന എവുത്തിക്കസിന്റെ വാദം ചർച്ചചെയ്യുന്നതിന് കൂടിയ കൗൺസിലാണ് കൽസിഡോണിയ സൂന്നഹദോസ് എന്ന് സഭാചരിത്രത്തിൽ അറിയപ്പെടുന്നത്. കൗൺസിലിൽ സംബന്ധിച്ച അഞ്ഞൂറ്റി ഇരുപത് ബിഷപ്പുമാർ ഈ വിഷയം ചർച്ച ചെയ്തു. ലിയോ മാർപാപ്പ തന്റെ കത്തിൽ എവുത്തിക്കസിന്റെ നിലപാടുകളെ അപലപിച്ചു. അങ്ങനെ ക്രിസ്തുവിന്റെ മനുഷത്വവും ദൈവത്വവും മാർപാപ്പയുടെ കത്തിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ പിതാക്കന്മാർ നിർവചിച്ചിരിക്കുന്നു. ലിയോ മാർപാപ്പ ഇപ്രകാരം എഴുതി:

''അവൻ ദൈവത്തിൽ നിന്നുള്ള ദൈവവും, സർവ്വശക്തനിൽ നിന്നുള്ള സർവ്വശക്തനും, അനാദ്യന്ത്യതയിൽ നിന്നുള്ള അനാദ്യന്ത്യനുമായി ജനിച്ചു. (അവൻ) പിന്നീട് വന്നവനോ ശക്തിയിലോ മഹത്വത്തിലോ താഴ്ന്നവനോ, സത്തയിൽ വ്യത്യസ്തനോ അല്ല. നിത്യപിതാവിന്റെ ഏകജാതനായ ഈ പുത്രൻ പരിശുദ്ധാത്മാവിന്റെയും കന്യാമറിയത്തിന്റെയും മകനായി യഥാർത്ഥത്തിൽ ജനിച്ചു. കാലത്തികവിലുള്ള ഈ ജന്മം അവന്റെ ദൈവത്വത്തിനോ, നിത്യതയ്ക്കോ കുറവുവരുത്തുകയോ, കൂട്ടിച്ചേർക്കുകയോ ചെയ്തിട്ടില്ല. (വഞ്ചിക്കപ്പെട്ട) മനുഷ്യനെ വീണ്ടെടുക്കുന്നതിനും മരണത്തെ ജയിക്കുന്നതിനും തന്റെ ശക്തിയാൽ മരണത്തിന്മേൽ അധികാരം പുലർത്തിയ പിശാചിനെ നശിപ്പിക്കുന്നതിനുമായി അവൻ തന്നെത്തന്നെ ബലിയായി അർപ്പിച്ചു.''

എവുത്തിക്കസിന്റെ നിലപാടുകളെ നിരസിച്ച കൗൺസിൽപിതാക്കന്മാർ ലിയോ മാർപാപ്പയുടെ എഴുത്തു വായിച്ചപ്പോൾ ഇപ്രകാരം പ്രഘോഷിച്ചു: "ലിയോയിലൂടെ അപ്പസ്തോല തലവനായ പത്രോസ് നമ്മോട് സംസാരിച്ചിരുന്നു".

ലിയോ മാർപാപ്പയുടെ വീക്ഷണത്തിൽ എവുത്തിക്കസിനു തെറ്റ് പറ്റിയിരിക്കുന്നത് ക്രിസ്തുവിനു നമുക്കെല്ലാവർക്കും ഉള്ള രീതിയിലുള്ള മനുഷ്യ സ്വഭാവം ഇല്ലെന്നു വാദിക്കുന്നിടത്താണ്. മാർപാപ്പയുടെ വിശകലനത്തിൽ ക്രിസ്തുവെന്ന ഒരു വ്യക്തിയിൽ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും സമുന്യയിക്കപ്പെട്ടിരിക്കുന്നു. മനുഷ്യനെന്ന നിലയിൽ അവിടുത്തെ ശരീരത്തിന് മരണമുണ്ടെങ്കിലും ദൈവമെന്ന നിലയിൽ അതില്ല. ക്രിസ്തുവിന്റെ മനുഷ്യ സ്വഭാവം നിഷേധിക്കുന്നവർ രക്ഷാകര രഹസ്യങ്ങളുടെ അടിസ്ഥാനമായ അവിടുത്തെ കുരിശുമരണവും ഉത്ഥാനവും നിഷേധിക്കുകയും ചെയ്യുന്നു. കാരണം ക്രിസ്തു മനുഷ്യനെന്ന രീതിയൽ മാത്രമാണ് ശരീരത്തിൽ സഹിച്ചത്.

**പത്രോസിന്റെ പിൻഗാമി - സഭയുടെ ഐക്യത്തിന്റെ പ്രതീകം**

ക്രിസ്തു പത്രോസിനെ അപ്പസ്തോല തലവനായി നിയമിച്ചുകൊണ്ട് സഭയെ നയിക്കാനുള്ള അധികാരം നൽകിയത് അദ്ദേഹത്തിന്റെ പിൻഗാമികളായ മാർപാപ്പമാർ നല്കുന്ന നേതൃത്വശുശ്രൂഷയിലൂടെയാണ് ഇന്ന് തുടരുന്നതെന്ന് വി. ലിയോ മാർപാപ്പ പഠിപ്പിച്ചു. മത്തായിയുടെ സുവിശേഷത്തിൽ വിവരിക്കുന്ന (16:16-19) വി. പത്രോസിന്റെ വിശ്വാസ പ്രഖ്യാപനവും അതിന്റെ തുടർച്ചയായി യേശു പത്രോസാകുന്ന പാറയിന്മേൽ സഭയെ പടുത്തുയർത്തുമെന്ന വാഗ്ദാനവുമാണ് തന്റെ വാദത്തിന് അടിസ്ഥാനമായി ലിയോ മാർപാപ്പ ചൂണ്ടിക്കാണിക്കുന്നത്. ക്രിസ്തു ജീവനുള്ള ദൈവത്തിന്റെ പുത്രനെന്ന വലിയ വെളിപാട് ലോകത്തിന് മനസ്സിലാക്കി കൊടുക്കുവാൻ പത്രോസിനെ ദൈവം തിരഞ്ഞെടുത്തത് അദ്ദേഹത്തിന്റെ അപ്പസ്തോല തലവൻ എന്ന വിളിയുടെ ഭാഗമാണ്. മാർപാപ്പ എഴുതുന്നു: "പത്രോസിന് അനുഗ്രഹത്തിന്റെ പൂർണ്ണത ലഭിച്ചിരിക്കുന്നു. ദൈവീകശക്തിയാൽ അവികലമായ 'പാറ'യിൽ പണിയപ്പെട്ടിരിക്കുന്ന സഭ നരകകവാടങ്ങളെയും മരണത്തിന്റെ നിയമങ്ങളെയും തോൽപ്പിക്കുകയും തുടർന്ന് ബന്ധിക്കാനും മോചിക്കാനുമുള്ള അധികാരം പത്രോസിലൂടെ നടപ്പാക്കപ്പെടുന്നത് സ്വർഗ്ഗം സ്ഥിരീകരിച്ചിരിക്കുന്നു.'' അങ്ങനെ സാർവത്രിക സഭ പത്രോസാകുന്ന അപ്പസ്തോലിക അടിസ്ഥാനത്തിന്മേൽ പണിതുയർത്തപ്പെട്ടിരിക്കുന്നു.

ക്രിസ്തു ഭരമേല്പിച്ച ഈ ദൗത്യം പത്രോസ് തന്റെ പിൻഗാമികളിലൂടെ ഇന്നും തുടരുന്നു. അതിനാൽ റോമൻ സഭയുടെ മാത്രമല്ല, എല്ലാ ബിഷപ്പുമാരുടെയും തലവനാണ് പത്രോസിന്റെ പിൻഗാമി. മാർപാപ്പ തന്റെ ദൗത്യം നിർവഹിക്കുമ്പോൾ പത്രോസ് തന്നെ അവിടെ സന്നിഹിതനായിരിക്കുന്നു എന്നും ലിയോ മാർപാപ്പ പഠിപ്പിച്ചു. മാർപാപ്പയോട് ദൈവജനം പ്രകടമാക്കുന്ന സ്നേഹവും വിധേയത്വവും പത്രോസിനുള്ളതാണ്. ഒരു വ്യക്തി എന്ന നിലയിൽ താൻ പത്രോസിന്റെ പിൻഗാമിയാകാൻ യോഗ്യനല്ലെങ്കിലും പത്രോസിന്റെ അധികാരവകാശങ്ങൾ നടപ്പിലാക്കാൻ കടപ്പെട്ടവനാണ്. ക്രിസ്തു തന്റെ ദൈവീക അധികാരം പത്രോസാകുന്ന പാറമേൽ മാത്രമാണ് അടിസ്ഥാനപ്പെടുത്തി സഭയെ നിർമ്മിച്ചിരിക്കുന്നത്. ഈ ശുശ്രൂഷ തുടരുകയെന്നതാണ് ഓരോ മാർപാപ്പമാരുടെയും ദൗത്യവും വിളിയും. സഭാത്മകമായ എല്ലാ അധികാരത്തിന്റെയും ചുമതലക്കാരനായ പത്രോസിന്റെ ഉത്തരവാദിത്വമാണ് സഭയുടെ സുഗമമായ നടത്തിപ്പിനായി മറ്റുള്ളവരെ ചേർത്തുനിർത്തുക എന്നത്.

പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ സുവിശേഷ പ്രഘോഷണത്തിന് വേദിയായി അവരുടെ ഭൗതീക

www.malankaralibrary.com

ശരീരം അന്ത്യ വിശ്രമം കൊള്ളുന്ന സ്ഥലമെന്ന നിലയിലും സാമ്രാജ്യ തലസ്ഥാനം റോമിൽ ആയിരുന്നതിനാലും, പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ മാർപാപ്പാമാരുടെ നേതൃത്വത്തിന് സഭയുടെ ആരംഭ കാലം മുതൽ വലിയ പ്രാധാന്യം കൈവന്നു. കോൺസ്റ്റാന്റിനോപ്പിളിനു കൈവന്ന രാഷ്ട്രീയ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ 'രണ്ടാം റോമെന്ന്' വിളിക്കപ്പെടുകയും അവിടുത്തെ പാത്രിയർക്കീസുമാർ പ്രാമുഖ്യം അവകാശപ്പെടുകയും ചെയ്യാൻ തുടങ്ങിയ കാലഘട്ടത്തിലാണ് ലിയോ മാർപാപ്പ ഇക്കാര്യങ്ങൾ വിശദീകരിച്ചത്. മാർപാപ്പ റോമിന്റെ പ്രാധാന്യം എടുത്തുപറഞ്ഞു കൊണ്ട് ഇപ്രകാരം എഴുതുന്നു: "... പത്രോസിന്റെ ആസ്ഥാനം ഇവിടെ ആയിക്കുന്നതിനാൽ നമ്മൾ വിശുദ്ധ ജനം, തിരഞ്ഞെടുക്കപ്പെട്ട ജനത, പുരോഹിത രാജകീയ നഗരം ആയിരിക്കുന്നു. ഭൗതീക പ്രതാപത്തിൽ നിന്നെന്നതിനേക്കാൾ ദൈവീകമായ വിശ്വാസസംഹിതയാൽ ലോകം മുഴുവൻ ഇത് വ്യാപിച്ചിരിക്കുന്നു. വലിയ വിജയങ്ങളാൽ കടലിലും കരയിലും നിന്റെ പ്രതാപം വ്യാപിച്ചു. നിന്റെ പോരാളികൾ യുദ്ധം ചെയ്തു നേടിയതിനേക്കാൾ വലിയ വിജയമാണ് ക്രിസ്തീയ സമാധാനം നിനക്ക് നലകിയത്" (Epistel 82.1).

**പാവങ്ങളുടെ പരിരക്ഷകൻ**

റോമിലെ അനാഥരുടെയും ദരിദ്രരുടെയും ചുതമതല ഉണ്ടായിരുന്ന ആർച്ചുഡീക്കൻ ലിയോ മാർപാപ്പ ആയതിനു ശേഷം അവരെ കൂടുതൽ കരുതേണ്ട ഉത്തരവാദിത്വത്തിലേക്ക് വരുന്നു. പാവങ്ങൾക്ക് കിട്ടിയ ഒരു അനുഗ്രമായി ലിയോയുടെ സ്ഥാനലബ്ദിയെ അവർ കണ്ടു. പുതിയ മാർപാപ്പയുടെ പാവങ്ങളോടുള്ള കരുതൽ റോമൻ സഭയെ വലിയ അജപാലനപരമായ നവീകരണങ്ങളിലേക്ക് നയിച്ചു. റോമിൽ ഇക്കാലത്തുണ്ടായ കൊടിയ ദാരിദ്ര്യത്തെ നേരിടുന്നതിന് മാർപാപ്പ ധാരാളം കാരുണ്യപ്രവർത്തനങ്ങൾ ആരംഭിച്ചു. കൂടാതെ വാന്തൽ വിഭാഗക്കാരുടെ ആക്രമണങ്ങൾ ഉണ്ടായ പ്രദേശങ്ങളിൽ നിന്ന് വലിയ നഗരമായ റോമിലേക്ക് വന്ന എല്ലാ അഭയാർത്ഥികളെയും പരിപാലിക്കുന്നതിനും അദ്ദേഹം സഭയെ സഞ്ജമാക്കി. ഈ നിയോഗത്തിലേക്ക് വിശ്വാസികൾ ഉപവസിക്കണമെന്നും അങ്ങനെ പ്രാർത്ഥിച്ചു മിച്ചം വയ്ക്കുന്ന വരുമാനം കൊണ്ട് പാവങ്ങളെ സഹായിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഇത്തരം അനുഷ്ഠാനങ്ങൾ നോമ്പുകാലങ്ങളിൽ സഭ മുഴുവൻ നടപ്പാക്കുകയും അങ്ങനെ വലിയ ഒരു ആത്മീയ ഉണർവ്വ് ലിയോ മാർപാപ്പയുടെ ഭരണകാലത്ത് സഭയിൽ ഉണ്ടാവുകയും ചെയ്തു.

പാവങ്ങളെ സ്ഥിരമായി സംരക്ഷിക്കുന്നതിന് സഭയുടെ എല്ലാവിധ സമ്പത്തും ഉപയോഗിക്കണമെന്ന നിർദേശം മാർപാപ്പ നൽകി. ഇതുകൂടാതെ സമ്പന്നരായ വിശ്വാസികളോട് ദരിദ്രരുടെ സംരക്ഷണത്തിനായി ഉദാരമായി സംഭാവന ചെയ്യാൻ മാർപാപ്പ ആവശ്യപ്പെട്ടു. തന്റെ പ്രസംഗങ്ങളിലൂടെ ഈ ആവശ്യങ്ങൾ അദ്ദേഹം നിരന്തരം വിശ്വാസികളിലേക്ക് എത്തിച്ചു. നമ്മുടെ ഭൗതീക സൗകര്യങ്ങൾ സ്വന്തം സുഖസൗകര്യങ്ങൾക്കായി മാത്രം നല്കപ്പെട്ടിരിക്കുന്നതല്ല, പിന്നെയോ ദൈവത്തെ സേവിക്കുന്നതിനായി നല്കപ്പെട്ടിരിക്കുന്നതാണ് എന്ന് അദ്ദേഹം പ്രസംഗിച്ചു. നമുക്കിഷ്ടമുള്ളതുപോലെ സമ്പത്ത് ധൂർത്തടിക്കുന്നത് ദുർവ്യയവും ദൈവത്തോടുള്ള വെല്ലുവിളിയുമാണ്. അതിനാൽ കരുണ മറ്റുള്ള എല്ലാ പുണ്യങ്ങളെക്കാളും നമ്മുടെ ജീവിതത്തെ അലങ്കരിക്കണം. വി. ഗ്രന്ഥം നമ്മോട് പറയുന്നത് പാവങ്ങളെ സഹായിക്കുന്നതിന്റെ ഫലദായകത്വം വലുതാണ് എന്നാണ്. റോമിലെ സമ്പന്നർ മനസ്സുവച്ചാൽ അവിടെയുള്ള എല്ലാ പാവങ്ങളെയും സംരക്ഷിക്കാൻ കഴിയുമെന്ന് മാർപാപ്പ വിശ്വസിച്ചിരുന്നു.

മാർപാപ്പയുടെ ഈ പ്രത്യേക കരുതലിന്റെ ഫലമായി റോമിലെ ആയിരക്കണക്കിനുള്ള പാവങ്ങളും, വിധവകളും, രോഗികളും, അംഗവൈകല്യം സംഭവിച്ചവരും, അനാഥരും, ക്രിസ്തീയ സ്നേഹത്തിന്റെ ജീവിക്കുന്ന പ്രതീകങ്ങളായി മാറി. ക്രിസ്തീയ ദൈവശാസ്ത്രം ശരിയായി നിർവചിച്ചതിന്റെ ഫലമായി പ്രസംഗത്തേക്കാൾ കൂടുതൽ പ്രവൃത്തിയിലൂടെ സഭയുടെ സുവിശേഷവത്ക്കരണം സാധ്യമായി. ഗ്രീക്ക്-റോമൻ സംസ്കാരങ്ങളിൽ 'അദൃശ്യ'രായിരുന്ന പാവങ്ങൾ സമൂഹത്തിലെ വിശേഷ അവകാശങ്ങൾ ഉള്ളവരായി മാറി. ഇത് മാർപാപ്പ ഉൾപ്പെടെയുള്ള അജപാലകർ തങ്ങളുടെ പ്രസംഗവിഷയമായി തിരഞ്ഞെടുത്തപ്പോൾ പാവങ്ങളെ സമൂഹം മുഴുവൻ ഏറ്റെടുക്കുന്ന അവസ്ഥയിലേക്ക് വന്നു. വിശ്വാസ ജീവിതത്തിന്റെ ഒഴിച്ചുകൂടാനാവാത്ത അംശമായി അനുകമ്പയും ദാനശീലവും മാറുകയും അങ്ങനെ റോമൻ ജനതയിൽ ഗണ്യമായ വിഭാഗം ലിയോ മാർപാപ്പയുടെ ഭരണകാലയവിൽ പുണ്യത്തിൽ വളരുകയും ചെയ്തു.

**ദൈവശാസ്ത്രസംഭാവനകൾ**

മാർപാപ്പയുടെ നൂറു പ്രസംഗങ്ങളും നൂറ്റൻപതോളം എഴുത്തുകളും പിൽക്കാല തലമുറയ്ക്ക് ലഭ്യമായിട്ടുണ്ട്. സുവിശേഷ കേന്ദ്രീകൃത പ്രസംഗങ്ങൾ ആരാധനാക്രമ കലണ്ടറുമായി ബന്ധപ്പെട്ട വായനകളെ ആധാരമാക്കി നല്കിയവയാണ്. ക്രിസ്തീയ സത്യങ്ങളുടെയും ദൈവീക രഹസ്യങ്ങളുടെയും വക്താവായി ലിയോ ഇവിടെ മാറുന്നു. ക്രിസ്തുവിജ്ഞാനീയം ചർച്ച ചെയ്യുന്ന പ്രസംഗങ്ങളും എഴുത്തുകളുമാണ് വി. ലിയോ പിൽക്കാല തലമുറയ്ക്കായി നൽകിയിരിക്കുന്നത്. ഈ ഗണത്തിൽ ഏറ്റം പ്രധാനപ്പെട്ടതും പ്രശസ്തവുമായത് ലിയോ മാർപാപ്പ ഫ്‌ളാവിയൻ പാത്രിയർക്കീസിനു എഴുതിയ കാൽസിഡോൺ കൗൺസിൽ ചർച്ച ചെയ്ത 'റ്റോം'

www.malankaralibrary.com

എന്ന പേരിൽ അറിയപ്പെടുന്ന എഴുത്താണ്. പൗരസ്ത്യ പാശ്ചാത്യ സഭകൾ തമ്മിലുള്ള അകൽച്ച കുറക്കുന്നതിനും ഇത്മൂലം സാധിച്ചു. ഈ എഴുത്തു കൗൺസിലിൽ വായിച്ചപ്പോൾ കൗൺസിൽ പിതാക്കന്മാരുടെ പ്രതികരണം ഇപ്രകാരം ആയിരുന്നുവെന്ന് കൗൺസിൽ രേഖകൾ സാക്ഷിക്കുന്നു: "ഇതാണ് നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം, ഇതാണ് അപ്പോസ്തോലന്മാരുടെ വിശ്വാസം. അതിനാൽ നാമെല്ലാം ഇത് വിശ്വസിക്കുന്നു, സത്യവിശ്വാസികൾ ഇത് വിശ്വസിക്കുന്നു. ഇത് വിശ്വസിക്കാത്തവർ ശപിക്കപ്പെട്ടവനാകട്ടെ. ലിയോയിലൂടെ പത്രോസ് സംസാരിച്ചിരിക്കുന്നു. അപ്പസ്തോലന്മാർ ഇതാണ് പഠിപ്പിച്ചത്. ഭക്തിയോടും വിശ്വസ്തതയോടെയും ലിയോ പഠിപ്പിക്കുന്നു, അതുതന്നെ സിറിളും പഠിപ്പിക്കുന്നു... ലിയോയും, സിറിളും ഒരേ യാഥാർത്ഥ്യം പഠിപ്പിക്കുന്നു..."

ബിഷപ്പുമാർക്കും രാജാക്കന്മാർക്കും കാൽസിഡോണിയ കൗൺസിലിൽ നിർവചിച്ച ക്രിസ്തുവിജ്ഞാനീയം പഠിപ്പിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് മാർപാപ്പ നിരവധി കത്തുകൾ എഴുതി. തന്റെ പ്രസംഗങ്ങളിൽ യേശുവിന്റ ദൈവത്വവും മനുഷ്യത്വവും സംബന്ധിച്ച വിഷയങ്ങൾ അദ്ദേഹം ചർച്ച ചെയ്തു. കൂടാതെ ഇന്ന് ക്രിസ്തു സഭയിൽ എങ്ങനെ സന്നിഹിതനായി സഭയെ നയിക്കുന്നു എന്നും ലിയോ മാർപാപ്പ വിശദീകരിച്ചു. വിശുദ്ധ ഗ്രന്ഥം, പാരമ്പര്യം, അവയുടെ വ്യാഖ്യാനം, കൂദാശകളുടെയും മറ്റു ആരാധന രീതികളുടെയും പരികർമ്മങ്ങൾ, ക്രിസ്തീയ ജീവിതം നയിക്കുന്ന വ്യക്തികൾ, സഭ എന്നിവയിലൂടെയെല്ലാം ക്രിസ്തു ഇന്നും ജീവിക്കുന്നുവെന്നും മാർപാപ്പ പ്രസംഗിച്ചു.

സഭയുടെ ഐക്യം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് പത്രോസിന്റെ പിൻഗാമിയായ മാർപാപ്പ സഭയുടെയെല്ലാം തലവനാണ് എന്ന ആശയം ലിയോ മാർപാപ്പ അവതരിപ്പിക്കുന്നത്. താൻ അയോഗ്യനാണെന്നും പത്രോസിന്റെ പ്രതിപുരുഷൻ എന്ന നിലയിലാണ് തന്റെ സഹോദരന്മാരെ ചേർത്തു നിർത്താൻ ശ്രമിക്കുന്നതെന്നും അദ്ദേഹം എഴുതി. തന്റെ ഉത്തരവാദിത്വങ്ങൾ എപ്രകാരം നിർവഹിക്കണമെന്ന് പത്രോസിന്റെ മാതൃകയിൽ നിന്ന് പഠിക്കുകയും അപ്പസ്തോല പ്രതിനിധികളായ ബിഷപ്പുമാരോട് ചേർന്ന് അത് നടപ്പാക്കുകയും ചെയ്യുന്നു. പത്രോസിനോടെന്നതുപോലെ, ക്രിസ്തു അദ്ദേഹത്തിന്റെ പിൻഗാമികൾക്കും കൃപയുടെയും അധികാരത്തിന്റെയും ഉറവിടമായി നിലകൊള്ളുന്നു.

ക്രിസ്തീയ വിശ്വാസികളുടെ ജീവിതത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചു ലിയോ മാർപാപ്പ ധാരാളം പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. സത്യവിശ്വാസത്തിലേക്ക് വിളി ലഭിച്ചിരിക്കുന്ന എല്ലാ വിശ്വാസികൾക്കും ഈ ശ്രേഷ്ഠത അവകാശപ്പെട്ടതാണ്. അതിനാൽ തന്നെ ഈ ദൈവവിളിയോട് പ്രത്യുത്തരിച്ചുകൊണ്ട്



ക്രിസ്തീയ ജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ നാം കടപ്പെട്ടവരാണ്. 'രക്ഷകന്റെ ജനനം' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്ന മാർപാപ്പയുടെ ഒരു ക്രിസ്തുമസ് പ്രസംഗത്തിൽ അദ്ദേഹം പറയുന്നു: "പ്രിയപ്പെട്ടവരേ, നമ്മുടെ രക്ഷകൻ ഇന്ന് ജനിച്ചിരിക്കുന്നു: നമുക്ക് സന്തോഷിക്കാം. ജീവന്റെ ജനനം നാം ആഘോഷിക്കുമ്പോൾ ദു:ഖത്തിന് സ്ഥാനമില്ല. കാരണം ഇതുവഴി മരണത്തിന്റെ ഭീതി നശിപ്പിച്ചു നിത്യതയുടെ സന്തോഷം ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു. ആർക്കും ഈ സന്തോഷം അവിടുന്നു അന്യമാക്കുന്നില്ല... പാപി വിമോചനത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കട്ടെ. അവിശ്വാസി ജീവനിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്നതിൽ മനശ്ശക്തിയുള്ളവനാകട്ടെ...ക്രിസ്തുവിന്റെ ജനനത്തിൽ പങ്കാളികളാകുന്ന നമുക്ക് ശരീരത്തിന്റെ തിമകളെ ഉപേക്ഷിക്കാം. ക്രിസ്തീയ വിശ്വാസീ, നിന്റെ മഹത്വം തിരിച്ചറിയുക, ദൈവസ്വഭാവത്തിൽ പങ്കുചേരുക... അന്ധകാരത്തിന്റെ ശക്തിയിൽ നിന്നും വിമോചിക്കപ്പെട്ട് ദൈവത്തിന്റെ പ്രകാശത്തിലേക്കും

www.malankaralibrary.com



രാജ്യത്തിലേക്കും വന്നവനാണ് നീ... ക്രിസ്തുവിന്റെ രക്തത്താൽ വിലക്കുവാങ്ങപ്പെട്ട നീ അവിടുത്തെ സത്യത്തിന്റെ കൃപയാൽ വിധിക്കപ്പെടും..." (Cf. Philip Schaff (1819-1893), *ed., Nicene and Post-Nicene Fathers. Series 2. Vol. 12. Leo the Great, Gregory the Great, Charles Lett Feltoe, trans.* (Edinburgh: T and T Clark.).

**ഉപസംഹാരം**

വി. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ ലിയോ മാർപാപ്പയെ 'സഭയുടെ ഐക്യത്തിന്റെ വേദപാരംഗതൻ' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ലിയോ മാർപാപ്പ കാലം ചെയ്തു ആയിരത്തിഅഞ്ഞൂറ് വർഷം പൂർത്തിയായ അവസരത്തിൽ 1961 നവംബർ 11-ന് വി. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ 'ദൈവത്തിന്റെ അനന്ത ജ്ഞാനം' (*Aeterna Dei Sapientia*) എന്ന പേരിൽ ഒരു ചാക്രികലേഖനം പ്രസിദ്ധീകരിച്ചു. ആധുനിക നാസ്തിക രീതികളായ ദൈവനിഷേധം, മതനിഷേധം, കമ്മ്യൂണിസം തുടങ്ങിയ പ്രവണതകൾക്കെതിരെ ലിയോ മാർപാപ്പയുടെ കാലത്തെന്നതുപോലെ ക്രിസ്തീയ വിശാസികൾ എല്ലാം ഒരുമിച്ചു പോരാടണമെന്ന് മാർപാപ്പ ആഹ്വാനം ചെയ്തു. എന്താണ് ലിയോ മാർപാപ്പയുടെ ഏറ്റം വലിയ സംഭാവന എന്ന ചോദ്യത്തിന് ഉത്തരമായി ജോൺ ഇരുപത്തിമൂന്നാമൻ എഴുതുന്നു: "ഈ ചോദ്യത്തിന് ഉത്തരം സഭയുടെ നീണ്ട ചരിത്രത്തിൽ മഹാനായ ലിയോയുടെ മഹാചാര്യപദവിയിൽ ശത്രുക്കളുടെമേൽ ക്രിസ്തുവിന്റെ സഭ നേടിയ വിജയമാണ്. അഞ്ചാം നൂറ്റാണ്ടിന്റെ മധ്യത്തിൽ കിസ്ത്യൻ നഭോമണ്ഡലത്തിലെ ഒരു തിളങ്ങുന്ന നക്ഷത്രമായിരുന്നു ലിയോ" (ADS 8). പുരാതന സഭയിലെ ഏറ്റം പ്രാഗത്ഭ്യമുള്ള ഭരണാധികാരിയായി ലിയോ അറിയപ്പെടുന്നതിന്റെ പ്രധാന കാരണം തന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ചുള്ള ബോധ്യത്തിൽ നിന്നും ഉരുത്തിരിഞ്ഞ അറിവിനാൽ തന്റെ അധികാരം സഭയ്ക്കും സമൂഹത്തിനും വേണ്ടി ഉപയോഗിച്ചുവെന്നതാണ്. സഭയുടെ ഐക്യത്തിനും സത്യവിശ്വാസസംരക്ഷണത്തിനുമായി വി. ലിയോ അഹോരാത്രം അദ്ധ്വാനിച്ചു. ഈ വിശുദ്ധന്റെ മാതൃക പിന്തുടർന്ന് നമുക്ക് ലഭിച്ചിരിക്കുന്ന ചെറുതും വലുതുമായ ഉത്തരവാദിത്വങ്ങൾ സ്വർഗ്ഗരാജ്യ മഹത്വത്തിനും മറ്റുള്ളവരുടെ ഉന്നമനത്തിനുമായി നമുക്കും ഉപയോഗിക്കാം.

**വി. ലിയോയോടുള്ള**
**മധ്യസ്ഥ പ്രാർത്ഥന**

എന്റെ പ്രിയ ദൈവമേ, വിശുദ്ധിയുടെ മാതൃകയായി മഹാനായ വി. ലിയോ മാർ പാപ്പയെ ഞങ്ങൾക്ക് തന്നതിന് അങ്ങേക്ക് നന്ദി പറയുന്നു. സേവനത്തിനുള്ളഅവിടുത്തെ വിളിയോട് ലിയോ സ്നേഹത്തോടെ പ്രതികരിച്ചതിനെ അനുകരിക്കാൻ ഞങ്ങളെയും സഹായിക്കുക.

മഹാനായ ലിയോ, ഒരു ഡീക്കൻ എന്ന നിലയിൽ അങ്ങ് സഭയെ വിശ്വസ്തതയോടെ സേവിക്കുകയും അങ്ങയുടെ പുണ്യങ്ങളാൽ അറിയപ്പെടുകയും ചെയ്തു. മാർപ്പാപ്പയായി സഭയെ നയിക്കാനുള്ള ദൈവത്തിന്റെ ആഹ്വാനത്തിന് അങ്ങ് ഉത്തരം നൽകി.

ദൈവം എന്നോട് ആവശ്യപ്പെടുന്നതെന്തും തുറവിയോടെ ചെയ്തുദൈവേഷ്ടം നിറവേറ്റാൻ എനിക്കുവേണ്ടി അങ്ങ് അപേക്ഷിക്കേണമേ. അങ്ങയെപ്പോലെ ഞാനും അർപ്പണബോധമുള്ള ദൈവദാസനാകാൻ എനിക്കുവേണ്ടിയും പ്രാർത്ഥിക്കുക.

www.malankaralibrary.com






# മ്യൂസിയത്തിലാകുന്ന നവകേരളം



**ബോബി ഏബ്രഹാം**

ചില കെട്ടിടങ്ങൾ കാലക്രമത്തിൽ ബലക്ഷയം നേരിടുമ്പോൾ കാര്യമായ അറ്റകുറ്റപ്പണിയൊന്നും ചെയ്യാതെ ചായം തേച്ച് മോടിപിടിപ്പിക്കാറുണ്ട്. ബലക്ഷയം അതുപോലം നിൽക്കുമെങ്കിലും എല്ലാം ഭദ്രമാണെന്ന് പുറമേ തോന്നിപ്പിക്കാൻ അതുമതി. കേരള സർക്കാർ അത്തരം ചില ചായംപൂശലുകളിൽ ഏർപ്പെട്ടിരിക്കുന്നു എന്നു കരുതേണ്ടിയിരിക്കുന്നു. ഇടതുമുന്നണി സർക്കാർ കേരളം തുടർച്ചയായി ഭരിക്കുന്നത് രണ്ടാം തവണയാണ്. 2016ൽ ആദ്യവും 2021 ൽ രണ്ടാമതും. രണ്ടാമതും ഭരണമേറിയതു മുതൽ സർക്കാരിനെതിരെ വലിയ വെളിപ്പെടുത്തലുകളാണ് ഉണ്ടായിക്കൊണ്ടിരുന്നത്. സ്വർണക്കടത്തു മുതൽ കരിമണൽ കമ്പനിയിൽ നിന്ന് മാസപ്പടി വാങ്ങിയെന്ന ആരോപണം വരെ ഉയർന്നുവന്നു. എന്നാൽ ഇതൊന്നും തങ്ങളെ ബാധിക്കുന്നില്ലെന്നാണ് സർക്കാർ കരുതുന്നത്. കേരളത്തിലെ സഹകരണ മേഖല തകർന്നടിഞ്ഞ സ്ഥിതിയിലായിട്ടും പ്രശ്നമൊന്നും ഇല്ലെന്നു ഭാവിക്കുകയാണ് അവർ. മുൻ ഇടതു സർക്കാരുകളിൽ നിന്നു വ്യത്യസ്തമായി കോർപറേറ്റ് അനുകൂല വികസന മോഡലാണ് പിണറായി സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. വൻതോതിൽ കടം വാങ്ങിക്കൂട്ടുക, ധൂർത്തടിക്കുക, വോട്ട് ബാങ്ക് സൃഷ്ടിക്കുക എന്നിങ്ങനെയാണ് കാര്യങ്ങളുടെ പോക്ക്. വരുമാനം കൂടുന്നില്ല. ക്ഷേമ പെൻഷനുകൾ മുടങ്ങുന്നു, സർക്കാർ ജീവനക്കാർക്ക് ഡിഎ കുടിശിക കൊടുക്കുന്നില്ല, കെഎസ്ആർടിസി ജീവനക്കാർക്ക് ശമ്പളമില്ല, സർക്കാരിനെ വിശ്വസിച്ച് കുറഞ്ഞ വിലയ്ക്ക് ഭക്ഷണം വിളമ്പിയ കുടുംബശ്രീ യൂണിറ്റുകൾക്ക് സ്ബിസിഡിയില്ല, കുട്ടികൾക്ക് ഉച്ചഭക്ഷണം വിളമ്പിയ സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് പണം കൊടുക്കാനില്ല, റോഡ് പണിത കരാറുകാർക്ക് കുടിശിക അങ്ങനെ ഇല്ലായ്മയുടെ തേരോട്ടമാണെങ്കിലും ധൂർത്തിന് കുറവൊന്നുമില്ലെന്ന് ആക്ഷേപമുയരുമ്പോഴാണ് നവകേരളം സൃഷ്ടിക്കണമെന്ന് സർക്കാരിന് ഉൾവിളിയുണ്ടാകുന്നത്. അങ്ങനെയാണെങ്കിലും പറഞ്ഞാൽ പിന്നെ തിരിഞ്ഞുനിൽക്കുന്ന സർക്കാരല്ല ഭരിക്കുന്നത്.

നവകേരള സൃഷ്ടിക്കായി മന്ത്രിസഭ ഒന്നടങ്കം കേരളം സന്ദർശിക്കാനായിരുന്നു തീരുമാനം. അതിന്റെ ആദ്യപടിയായി തിരുവനന്തപുരത്ത്

www.malankaralibrary.com

കേരളീയം എന്ന പേരിൽ വൻ ആഘോഷമാണ് സംഘടിപ്പിച്ചത്. കലാമേള, പുസ്തകമേള തുടങ്ങി ബഹുജോറായിരുന്നു പരിപാടികൾ. കനത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും വകയിരുത്തിയത് 27 കോടി. പോരാത്തത് രസീതില്ലാതെ പിരിച്ചെടുക്കാനും അനുമതി. ഏതായാലും ഗണിപതിക്കുവച്ചതേ കാക്ക കൊണ്ടുപോയി എന്ന സ്ഥിതിയിലായി കാര്യങ്ങൾ. ലിവിങ് മ്യൂസിയം എന്ന പേരിൽ ആദിവാസികളെ പ്രദർശനവസ്തുവാക്കിയത് വ്യാപക വിമർശനത്തിനിടയാക്കി. ആദിവാസികളുടെ ജീവിത രീതി മനസ്സിലാക്കിക്കൊടുക്കാനും അവരുടെ കലാരൂപങ്ങൾ നാട്ടുകാരെ കാണിക്കാനുമായിട്ടാണ് ഇതു ചെയ്തതെന്ന ന്യായീകരണം ആണ് ഉണ്ടായത്. എന്നാൽ ഇടതുപക്ഷം എന്നഭിമാനിക്കുന്ന സർക്കാർ ആദിവാസികളെ പ്രദർശനവസ്തുവാക്കാനും അതിനെ ന്യായീകരിക്കാനും കൂട്ടുനിന്നത് വലിയ വിമർശനത്തിനിടയാക്കി. മറ്റ് ജനവിഭാഗങ്ങളെ ഇങ്ങനെ പ്രദർശന വസ്തുവാക്കാൻ ധൈര്യമുണ്ടാകുമോ എന്നു ചോദിച്ചാൽ ഇല്ല എന്നു തന്നെയാവും ഉത്തരം. അങ്ങനെ വന്നാൽ വലിയ പ്രതിഷേധമുയരുകയും ചെയ്യുമായിരുന്നു. പക്ഷേ, ആദിവാസികളോട് എന്തുമാവാം എന്നതായി സമീപനം. ജീവനുള്ള മനുഷ്യരെ പ്രദർശനവസ്തുവാക്കി മ്യൂസിയത്തിൽ വച്ച അശ്ലീലക്കാഴ്ച കേരളീയത്തെ വല്ലാത്ത പ്രതിസന്ധിയിലാക്കി. എന്നാലും ഈ വിവാദത്തിന്റെ മറവിൽ ദീപാലങ്കാരത്തിന് കോടികൾ കൈമാറിയതും മറ്റു ധൂർത്തുകളും ഒളിപ്പിക്കാൻ സർക്കാരിനായി.

തലസ്ഥാനത്തിനു പുറമേ എല്ലാ നിയോജക മണ്ഡലങ്ങളിലേക്കും മന്ത്രിസഭ ഒന്നടങ്കം എത്തുകയും പരാതി സ്വീകരിക്കുകയും ചെയ്യുന്ന നവകേരള സദസ്സായിരുന്നു ആവനാഴിയിലെ അടുത്ത ഇനം. അതിനായി 1.05 കോടി മുടക്കി പ്രത്യേകം ബസ് തന്നെ ഇറക്കി. ബസിൽ മുഖ്യമന്ത്രിക്കു കയറാനായി പ്രത്യേകം ലിഫ്റ്റ് ഉണ്ടെന്നു റിപ്പോർട്ട് വന്നപ്പോൾ അതെഴുതിയ റിപ്പോർട്ടറെ അധിക്ഷേപിക്കുകയായിരുന്നു ഇടതുപക്ഷം സൈബർ സംഘം. എന്നാൽ മുഖ്യമന്ത്രി ലിഫ്റ്റിലേറി ബസിലെത്തുന്ന കാഴ്ച പിറ്റേദിവസം തന്നെ മലയാള മനോരമ നൽകിയപ്പോൾ സൈബർ സംഘത്തിനു മിണ്ടാട്ടമില്ലായിരുന്നു. പുതിയ ബസ് ധൂർത്തല്ലെന്നും മന്ത്രിസഭ ഒന്നടങ്കം സഞ്ചരിച്ച ബസ് ചരിത്രത്തിലിടം പിടിക്കുമെന്നുമായിരുന്നു സിപിഎം കേന്ദ്ര കമ്മിറ്റി അംഗം എ.കെ. ബാലൻ പറഞ്ഞത്.



ബസ് ഇരട്ടിവിലയ്ക്ക് എടുക്കാൻ ആളുണ്ടാകുമെന്നും അല്ലെങ്കിൽ മ്യൂസിയത്തിൽ വച്ചാൽ കാണാൻ ആളൊഴുകിയെത്തുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. ലിവിങ് മ്യൂസിയം, സഞ്ചരിക്കുന്ന മ്യൂസിയം എന്നിങ്ങനെയാണ് നവകേരളം രൂപപ്പെടുന്നതെന്ന് ആരെങ്കിലും സംശയിച്ചാൽ കുറ്റപ്പെടുത്താനാവില്ല.

മന്ത്രിമാരുടെ വാഹനങ്ങളും അകമ്പടി വാഹനങ്ങളും ഓടുമ്പോഴുണ്ടാകുന്ന ചെലവിലും കുറവാണ് ബസ് ഓടുമ്പോഴെന്നായിരുന്നു മറ്റൊരു ന്യായീകരണം. പക്ഷേ നവകേരള ബസിനു പിന്നാലെ

www.malankaralibrary.com

അതുപോലെ വേറെയൊരെണ്ണം വെറുതേ ഒടുന്നതെന്തിന്, അമ്പതിലേറെ അകമ്പടി വാഹനങ്ങൾ ഓടുന്നതെന്തിന്, എല്ലാ സ്ഥലത്തേക്കും മന്ത്രി വാഹനങ്ങൾ എത്തിയിരിക്കുന്നതെന്തിന് തുടങ്ങിയ ചോദ്യങ്ങൾക്കും ഉത്തരമില്ല. നവ കേരള സദസ്സിനായി ഓരോ നിയോജക മണ്ഡലത്തിലും കോടികളാണ് ചെലവാക്കുന്നത്. അതൊക്കെ പിരിവിലൂടെ കണ്ടെത്താനാണ് നിർദേശം. സ്വാഭാവികമായും ഉദ്യോഗസ്ഥർ വൻകിടക്കാരെ കാണുകയും ചില ഇളവുകൾ അല്ലെങ്കിൽ കണ്ണടയ്ക്കലുകൾ നടത്തി കാശ് വാങ്ങുകയും ചെയ്യും. കൊടുക്കുന്നവനും സന്തോഷം. 1 കോടി കൊടുത്താൽ 100 കോടി ഉണ്ടാക്കാൻ അവർക്കറിയാം.

കേരളം പോലെ ശതകോടികൾ വരുമാനമുള്ള ഒരു സംസ്ഥാനത്ത് നവകേരള സദസ്സിനും മറ്റുമുള്ള ചെലവുകൾ വരുമാനത്തിന്റെ ചെറിയ ശതമാനമേ വരൂ എന്നത് വാസ്തവമാണ്. എന്നാൽ അതു നൽകുന്ന സന്ദേശം അങ്ങനെയല്ല. സാധാരണക്കാരൻ ദുരിതത്തിലായിരിക്കുമ്പോഴും ഭരണാധികാരികൾക്ക് ധൂർത്തടിക്കാൻ പണമുണ്ട് എന്ന സന്ദേശമാണ് ജനങ്ങളിലേക്കെത്തുന്നത്. അതുകൊണ്ടാണ് പെൻഷൻ കിട്ടാതായ മറിയക്കുട്ടിയും അന്നയും അടിമാലിയിൽ പിച്ചച്ചട്ടിയുമായി റോഡിലിറങ്ങി സർക്കാരിനെ വെല്ലുവിളിച്ചത്. നാലുമാസത്തെ പെൻഷൻ കുടിശികയായിരിക്കുന്നതിനാൽ മരുന്നുവാങ്ങാൻ പോലും കഴിയുന്നില്ലെന്നായിരുന്നു പരാതി. എന്നാൽ മറിയക്കുട്ടി സമ്പന്നയാണെന്ന പച്ചക്കള്ളം പറഞ്ഞ് അധിക്ഷേപിക്കാനാണ് പാർട്ടി പത്രം ശ്രമിച്ചത്. ഒടുവിൽ മാപ്പുപറഞ്ഞ് പിൻമാറേണ്ടിവന്നു.

കാസർകോട് നിന്നു യാത്ര തുടങ്ങിയതു മുതൽ വിവാദം കൂടെയുണ്ട്. യാത്രയിൽ പ്രതിഷേധം ഉണ്ടാകുമെന്നു സംശയമുള്ളതിനാൽ പ്രതിപക്ഷ യുവജന സംഘടനകളിലുള്ളവരെ കരുതൽ തടങ്കലിലാക്കുകയായിരുന്നു പൊലീസ് സ്വീകരിച്ച രീതി. അതിൽ പ്രതിഷേധിച്ചവരെ നേരിട്ടത് ഡിവൈഎഫ്ഐ പ്രവർത്തകരാണ്. പൂച്ചട്ടിയും ഹെൽമറ്റും ഉപയോഗിച്ചായിരുന്നു മർദനം. പൊലീസ് കാഴ്ചക്കാരായി. പൊലീസ് സ്റ്റേഷനുള്ളിലും കടന്ന് അതിക്രമം നടത്തി. എന്നാൽ ബസിനു മുന്നിലേക്ക് ചാടാൻ ശ്രമിച്ചവരെ രക്ഷിക്കുന്ന ജീവൻരക്ഷാ പ്രവർത്തനമാണ് ഡിവൈഎഫ്ഐ പ്രവർത്തകർ നടത്തിയതെന്നും ആ മാതൃകാ പ്രവർത്തനം തുടരണമെന്നുമാണ് മുഖ്യമന്ത്രി പറഞ്ഞത്. എല്ലാവരും നേരിൽ കണ്ട അതിക്രമത്തെ ഇങ്ങനെ ന്യായീകരിക്കാൻ കഴിയുന്ന മുഖ്യമന്ത്രി നാടിന് അഭിമാനമോ അപമാനമോ? എന്നിട്ടും ഈ ജീവൻരക്ഷാ പ്രവർത്തകരെ മുഖ്യമന്ത്രിയുടെ കീഴിലുള്ള പൊലീസ് എന്തിനാണ് അറസ്റ്റ് ചെയ്തതെന്നത് ഉത്തരമില്ലാത്ത ചോദ്യമാണ്.

നവകേരള സദസ്സിനായി എല്ലാ സർക്കാർ സംവിധാനങ്ങളെയും ദുരുപയോഗം ചെയ്യുകയാണ് ഇപ്പോൾ. മുഖ്യമന്ത്രിക്ക് ജയ് വിളിക്കാനായി പിഞ്ചുകുഞ്ഞുങ്ങളെ റോഡിൽ ഇറക്കുന്നു. മുഖ്യമന്ത്രി കടന്നുവരുമ്പോൾ വിളിച്ചോ, വിളിച്ചോ എന്ന് അധ്യാപകൻ നിർദേശം നൽകുന്നു. അതുകണ്ട് മുഖ്യമന്ത്രിയും മന്ത്രിമാരും സന്തോഷിക്കുന്നു. എന്തൊരു നാണക്കേടാണിത്. കോളജിലെ കുട്ടികൾ അധ്യയനം മുടക്കി നവകേരള സദസ്സിനെത്താൻ സ്പീക്കറുടെ ഓഫിസ് തന്നെ നിർദേശം നൽകുന്നു. അച്ചടക്കമുള്ള സ്കൂൾ കുട്ടികളെ നവകേരള സദസ്സിനെത്തിക്കാൻ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർമാർ തന്നെ നിർദേശം നൽകുന്നു. ഒടുവിൽ കുട്ടികളെ ഇറക്കുന്നതിനെതിരെ കോടതി തന്നെ നിർദേശം നൽകേണ്ടിവന്നു. ഇതിനു പുറമേ ഭരണത്തിന്റെ എല്ലാ സംവിധാനങ്ങളും ഉപയോഗിക്കുന്നു. സദസ്സിനെ ആളെ എത്തിക്കാൻ സ്കൂൾ ബസ് വിട്ടുകൊടുക്കണമെന്നായിരുന്നു നിർദേശം. കുടുംബശ്രീ, തൊഴിലുറപ്പ് അംഗങ്ങൾ സദസ്സിനെത്തിയില്ലെങ്കിൽ ശമ്പളവും ആനുകൂല്യവും നിഷേധിക്കുമെന്നും ഭീഷണി ഉയർന്നു.

കഴിഞ്ഞ ദിവസം വന്ന മറ്റൊരു ചിത്രവും ഏറെ ഗൗരവമുള്ളതാണ്. യാത്രയ്ക്കെതിരെ പ്രതിഷേധിച്ച ഒരു യൂത്ത് കോൺഗ്രസ് പ്രവർത്തകന്റെ കഴുത്ത് കൈക്കുള്ളിലാക്കി ഞെരിക്കുന്നത് ഒരു ഡി.വൈ.എസ്.പി.യാണ്. മരണം തന്നെ സംഭവിച്ചേക്കാവുന്ന പിടിത്തം. യുഎസ്എയിലെ ഫ്ളോറിഡയിൽ ജോർജ് ഫ്ളോയ്ഡ് എന്ന കറുത്ത വർഗക്കാരന്റെ നെഞ്ചത്ത് കയറിയിരുന്ന് കഴുത്തിൽ കുത്തിപ്പിടിച്ചു കൊന്ന വെളുത്ത വർഗക്കാരനായ പൊലീസുകാരനെ ഓർമിപ്പിക്കുന്നു ഈ ഡിവൈഎസ്പി. ഭരണാധിപന്മാരെ സുഖിപ്പിക്കാനായി ഇത്തരം വൃത്തികേടു കാണിക്കുന്നവരാണ് പൊലീസുകാരിൽ വലിയൊരു പങ്കും. പൊലീസിനെ പൂർണമായും രാഷ്ട്രീയവൽക്കരിച്ചിരിക്കുന്നു എന്നു പറയാതെ വയ്യ.

മുഖ്യമന്ത്രിക്ക് സ്റ്റേജിന് അടുത്തെത്താൻ വിദ്യാലയ മതിൽ പൊളിക്കുന്നു, ഓട മൂടുന്നു തുടങ്ങിയ കലാപരിപാടികളും അരങ്ങേറുന്നുണ്ട്. തിരുവനന്തപുരത്തെത്തുമ്പോഴേക്കും എന്തൊക്കെ പൊളിച്ചടുക്കും എന്ന് അറിയാൻ വയ്യ. മുഖ്യമന്ത്രിയും മന്ത്രിമാരും ഒരു സങ്കൽപ ലോകത്തിൽ ജീവിക്കുകയാണ്. അവർ കരുതുന്നത് കേരളത്തിലെ ജനങ്ങളെല്ലാം ഈ പരിപാടി കണ്ട് സന്തോഷിക്കുകയാണെന്നാണ്.

ഇത്രയൊക്കെ പണം മുടക്കി ഈ നവകേരള യാത്ര എന്ന കെട്ടുകാഴ്ച നടത്തുന്നതെന്തിനാണ് എന്ന ചോദ്യം വീണ്ടുമുയരുന്നു. ഇത്രയൊന്നും ബഹളമില്ലാതെ ഉമ്മൻ ചാണ്ടി എന്ന മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടി നടത്തിയപ്പോൾ വലിയ പരിഹാസമുതിർത്തവരാണ് ഇടതുപക്ഷം. വില്ലേജ് ഓഫിസർ ചെയ്യേണ്ട പണി നടത്താൻ മുഖ്യമന്ത്രി എന്തിന് എന്ന

www.malankaralibrary.com

ചോദ്യമാണ് അന്ന് ഉയർത്തിയത്. അത് ശരിയായ ചോദ്യമാണ്. ഉദ്യോഗസ്ഥർ അവർ ചെയ്യേണ്ട ജോലി ചെയ്യാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്നത് സത്യമാണ്. ഉദ്യോഗസ്ഥരെക്കൊണ്ടു ജോലി ചെയ്യിക്കുന്നതാണ് ഭരണാധികാരിയുടെ കടമ. എന്നാൽ ഉമ്മൻ ചാണ്ടി മാറി പിണറായി മുഖ്യമന്ത്രിയായപ്പോഴും സ്ഥിതിക്കു വ്യത്യാസമില്ല. അതാണല്ലോ നവകേരള സദസ്സിലെത്തുന്ന പരാതികളുടെ പെരുപ്പം കാണിക്കുന്നത്. കണ്ണൂർ കഴിഞ്ഞപ്പോഴേക്കും അരലക്ഷത്തോളം പരാതികൾ ലഭിച്ചുവത്രേ. അത് അഭിമാനകരമായ നേട്ടമാണോ? വർഷങ്ങളായി തീരുമാനം കാത്തുകിടക്കുന്ന കാര്യങ്ങളാവും അതിൽ മിക്കതും. ഉമ്മൻചാണ്ടിയുടെ ജനസമ്പർക്കത്തിൽ പരാതിക്കാരന് മുഖ്യമന്ത്രിയെ നേരിൽ കാണാൻ അവസരമുണ്ടായിരുന്നെങ്കിൽ പിണറായിയുടെ നവകേരളത്തിൽ അതിനും സാധിക്കില്ല. പരാതി ഉദ്യോഗസ്ഥർക്കാണ് കൈമാറേണ്ടത്. എന്നാൽ പിന്നെ സർക്കാർ ഓഫിസിൽ തന്നെ കൊടുത്താൽ പോരേ.

കേരളത്തിലെമ്പാടും സഹകരണ സംഘങ്ങളിൽ നിന്ന് ശത കോടികളാണ് നിക്ഷേപകർക്ക് തിരിച്ചു കിട്ടാനുള്ളത്. ആ കാര്യത്തിൽ മുഖ്യമന്ത്രിക്ക് എന്തു ചെയ്യാൻ കഴിയും എന്നാണ് ജനം ഉറ്റുനോക്കുന്നത്. നിക്ഷേപിച്ചവരുടെയാരുടെയും പണം നഷ്ടമാകില്ലെന്നാണ് പിന്നെയും പിന്നെയും ഉറപ്പ്. ഉറപ്പല്ലാതെ നയാ പൈസ കിട്ടുന്നില്ല.

കടമകൾ ചെയ്യാത്ത ഉദ്യോഗസ്ഥർ, അഴിമതിക്കു കൂട്ടുനിൽക്കുന്ന രാഷ്ട്രീയ നേതൃത്വം, ദീർഘവീക്ഷണമില്ലാത്ത ഭരണാധികാരികൾ ഇതൊക്കെയാണ് കേരളത്തിന്റെ ശാപം. ഇതൊക്കെ മാറ്റിയാൽ നവകേരളം തന്നെ സൃഷ്ടിക്കാം. അതിന് പ്രത്യേക യാത്രയൊന്നും വേണ്ട. കണ്ണുതുറന്നു നോക്കിയാൽ മതി. ചിന്തകൾ സ്വതന്ത്രമാക്കിയാൽ മതി. പഠനത്തിനെന്നു പറഞ്ഞ് കേരളം വിട്ടുപോകുന്ന കുട്ടികളോടു ചോദിച്ചു നോക്കൂ അവർ എന്തുകൊണ്ട് ആ തീരുമാനമെടുക്കുന്നു എന്ന്. കേരളത്തിൽ അവസരങ്ങളില്ല. സ്വാധീനവും പണവും ഉള്ളവർക്കു മാത്രമാണ് അവസരം. വിദ്യാഭ്യാസ സമ്പ്രദായം അറുപഴഞ്ചൻ. തൊഴിലവസരങ്ങളും ഇല്ല. വർഷം 10 ലക്ഷം രൂപ ലഭിക്കാവുന്ന എത്ര തൊഴിലുണ്ടാകുന്നുണ്ട് സ്വകാര്യ മേഖലയിൽ എന്ന് ആലോചിച്ചു നോക്കുക. ഇതേസമയം ജീവിതച്ചെലവ് വിദേശ രാജ്യങ്ങളുടേതിനു തുല്യമായി കുതിച്ചുയരുകയും ചെയ്യുന്നു. കേരളത്തിലെ മിക്കവാറും വീടുകളിൽ ഇപ്പോൾ ചെറുപ്പക്കാരില്ല. അതുകൊണ്ടുതന്നെ സമൂഹത്തിൽ ചലനം സൃഷ്ടിക്കുന്ന യുവത്വം ഇല്ലാതാകുന്നു. അവരില്ലെങ്കിൽ പിന്നെ ആർക്കു വേണ്ടിയാണ് ഈ നവകേരളം. വോട്ട് ബാങ്ക് മാത്രം ലക്ഷ്യമാക്കി രാജ്യാന്തര വിഷയങ്ങൾ ചർച്ച ചെയ്യുന്നവരായി കേരളത്തിലെ രാഷ്ട്രീയ നേതൃത്വം മാറുമ്പോൾ യുവാക്കൾക്ക് പ്രതീക്ഷ നഷ്ടമാകുന്നത് സ്വാഭാവികമാണല്ലോ.

ഏറ്റവും കൂടുതൽ നികുതി പിരിക്കുന്ന സംസ്ഥാനമാണിപ്പോൾ കേരളം. ഇന്ധനത്തിന്, മദ്യത്തിന്, വീടിന്, വൈദ്യുതിക്ക്, ഭൂമി റജിസ്ട്രേഷന്, വെള്ളത്തിന് തുടങ്ങി എല്ലാറ്റിനും വൻ നികുതിയാണ് ഈടാക്കുന്നത്. എന്നിട്ടും ഇല്ലായ്മയുടെ കണക്കാണ് ബാക്കി. നെല്ലുൽപാദിപ്പിക്കുന്ന കർഷകന് പണം കൊടുക്കാൻ കഴിയുന്നില്ല. അവർ ആത്മഹത്യ ചെയ്യുന്ന സ്ഥിതി. കേന്ദ്രം വരിഞ്ഞുമുറുക്കുന്നു എന്ന സ്ഥിരം പല്ലവിയാണ് കേരളത്തിനുള്ളത്. എന്നാൽ ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ നികുതിയിൽ കണ്ണുനട്ടുള്ള നീക്കമല്ലാതെ മറ്റെന്താണ് സംസ്ഥാനം ചെയ്യുന്നതെന്ന ചോദ്യത്തിനും ഉത്തരമില്ല. ആര് ഭരിച്ചാലും സ്ഥിതി ഇതാണ്. കുറുക്കുവഴികളിലൂടെ എങ്ങനെ കടം വാങ്ങി കാര്യം നടത്താമെന്നതിലാണ് സംസ്ഥാനം ഗവേഷണം നടത്തുന്നത്. വികസന പ്രവർത്തനത്തിന് കടമെടുക്കാൻ കിഫ്ബി, ക്ഷേമ പെൻഷൻ നൽകാൻ കടമെടുക്കാൻ മറ്റൊരു കോർപറേഷൻ ഇങ്ങനെ കുറുക്കുവഴികളാണ് ഇഷ്ടം. ഇതൊക്കെ പൊതുകടമായി മാറുമ്പോൾ നിലവിളിയും. ഈ സ്ഥിതി മാറാൻ നവകേരള സദസ്സുപോലെയുള്ള പൊടിക്കൈ കൊണ്ടൊന്നും കഴിയില്ല. അടിസ്ഥാനതലത്തിൽ തന്നെ അഴിച്ചുപണി അനിവാര്യം.

കാതലായ വിമർശനങ്ങൾ ഉന്നയിക്കാനും സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ പോരാടാനും കഴിവുള്ളവരാകണം പ്രതിപക്ഷം. പക്ഷേ, അവർക്കതിനാവുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തേണ്ട സമയമാണിത്. ജനത്തിന്റെ പ്രതീക്ഷയ്ക്കൊത്തുയരാൻ കഴിയാതെ സ്ഥാനമുറപ്പിക്കൽ രാഷ്ട്രീയമാണവർ നടത്തുന്നത്. അത്തരം രാഷ്ട്രീയത്തിന്റെ കാലം കഴിഞ്ഞുപോയി. രാജാവ് നഗ്നനാണെന്ന് വിളിച്ചുപറയാൻ ആളില്ലാതാകുന്നത് ജനാധിപത്യത്തിന്റെ ദൗർബല്യമാണ്. സാസ്കാരിക നായകരൊക്കെ പട്ടും വളയും പ്രതീക്ഷിച്ച് മൗനത്തിലാണ്. പ്രതിപക്ഷം ഉറക്കത്തിലും.

ലോകം മുഴുവൻ രാഷ്ട്രീയ മേഖലയിൽ വലിയ മാറ്റമാണുണ്ടാകുന്നത്. അതു മനസ്സിലാക്കാത്ത കടൽകിഴവന്മാർക്ക് ചവറ്റുകുട്ടയിലാവും സ്ഥാനം. ലോകമെങ്ങുമുണ്ടാകുന്ന ചലനങ്ങൾക്കൊപ്പം നീങ്ങാൻ കഴിയുന്ന കേരളമാണ് നവകേരളം. അതെന്നുണ്ടാകുമെന്നാർക്കറിയാം.

**മേമ്പൊടി**

കാസർകോട് നിന്ന് നവകേരള ബസ് യാത്ര ആരംഭിച്ചപ്പോൾ പത്തനംതിട്ടയിൽ നിന്ന് കോയമ്പത്തൂരിലേക്ക് യാത്ര തിരിച്ച മറ്റൊരു ആഡംബര ബസാണ് ഇപ്പോൾ വാർത്തയിലെ താരം. ഓൾ ഇന്ത്യ പെർമിറ്റുമായി കോയമ്പത്തൂർ ബോർഡ് വച്ച്

www.malankaralibrary.com




റോബിൻ ബസ് ഓടിയത് നിയമത്തിലെ പഴുത് മുതലെടുത്തായിരുന്നു. പക്ഷേ, റോബിൻ ബസിന് എതിരെ സർവ സന്നാഹവും പുറത്തെടുത്തു സർക്കാർ. ഇടയ്ക്കുനിന്ന് ആളെ കയറ്റുന്നു, ഇറക്കുന്നു, ബോർഡ് വയ്ക്കുന്നു എന്നിങ്ങനെ കുറ്റങ്ങൾ പലതായിരുന്നു. യാത്രയ്ക്കിടയിൽ ബസ് തടഞ്ഞിടുക, പിഴയടിക്കുക തുടങ്ങിയ കലാപരി പാടികൾ നിർബാധം അരങ്ങേറി. അപ്പോഴും കേരളത്തിലേക്കും പുറത്തേക്കും സർവീസ് നടത്തുന്ന ഇന്റർ സ്റ്റേറ്റ് ബസുകളെ തൊടില്ല. അവർ നാടാകെ ബുക്കിങ് ഏജന്റുമാരെ വച്ച് ടിക്കറ്റ് കൊടുത്ത് യാത്രക്കാരെ എടുക്കുന്നതിൽ ആർക്കും പരാതിയില്ല. കിട്ടേണ്ടത് കിട്ടുന്നുണ്ടാവണം. തിരുവനന്തപുരത്ത് മുഴുവൻ സമാന്തര സർവീസ് ആണ്. പക്ഷേ നടപടിയില്ല. വണ്ടികളെല്ലാം വേണ്ടപ്പെട്ടവരുടേതാണ്. കെഎസ്ആർടിസിയെ രക്ഷിക്കാനാണ്രേത റോബിൻ ബസിനെതിരെ പടയൊരുക്കം. കെഎസ്ആർടിസിയെ രക്ഷിക്കാൻ ആദ്യം അതു നന്നാക്കണ്ടേ. മര്യാദയ്ക്കു യാത്ര ചെയ്യാവുന്ന ഒറ്റ ബസും ഇല്ല. ദീർഘദൂര സർവീസുകളെല്ലാം സ്വിഫ്റ്റിനു കൊടുത്തു. ജനത്തിനു വേണ്ട സമയത്ത് ബസില്ല. ഒരു സ്ഥലത്തേക്ക് പോകാൻ രണ്ടു ബസിനുള്ള ആള് നിൽക്കുമ്പോഴും മറുവശത്തേക്ക് ആളില്ലാ ബസുകൾ ഓടിക്കുകയാണ് സ്ഥിരം കലാപരിപാടി. സർവീസിനിറക്കിയതിൽ പിന്നെ കഴുകിയിട്ടില്ലാത്ത ബസുകളാണേറെയും. മിക്കതിനും ഫിറ്റ്നസ് ഇല്ല. ഇതൊന്നും നോക്കാൻ സമയമില്ല. സർവീസ് നല്ലതാണെങ്കിൽ ജനം അതിൽ തന്നെ കയറും. അല്ലെങ്കിൽ മറ്റു വഴിതേടും. ഏതായാലും റോബിൻ ബസ് കോയമ്പത്തൂർ സർവീസ് തുടങ്ങിയതോടെ അതിവേഗത്തിലാണ് പത്തനംതിട്ടയിൽ നിന്ന കോയമ്പത്തൂരിലേക്ക് കെഎസ്ആർടിസി രണ്ടു പുതിയ സർവീസുകൾ തുടങ്ങിയത്. ഇത്രയും നാൾ ഈ സാറന്മാരൊക്കെ എന്തു നോക്കിയിരിക്കുവായിരുന്നു എന്നു ചോദിച്ചാൽ ഉത്തരമില്ല. നല്ല രീതിയിൽ സ്വകാര്യ ബസുകൾ സർവീസ് നടത്തുന്ന റൂട്ടികൾ ഏറ്റെടുക്കുകയാണ് മറ്റൊരു കലാപരിപാടി. അതോടെ സ്വകാര്യ ബസുകൾ പിന്മാറും. പിന്നാലെ കെഎസ്ആർടിസും നിർത്തും. ജനം വലയും. ഏതൊക്കെ റൂട്ട് ലാഭകരമായി നടത്താം, അതിന് എത്ര ബസ് വേണം എന്നു പോലും അറിയാത്തവരാണ് കെ.എസ്.ആർ.ടി.സിയെ നയിക്കുന്നത്. സർവീസുകളെല്ലാം സ്വിഫ്റ്റിനു കൈമാറി കെ.എസ്.ആർ.ടി.സി പൂട്ടിക്കെട്ടാൻ അച്ചാരം വാങ്ങിയവർ തന്നെ കെ.എസ്.ആർ.ടി.സിയുടെ രക്ഷകരായി അവതരിക്കുന്ന കാഴ്ചയും കാണേണ്ട അവസ്ഥയിലാണ് ജനം. മികച്ച സർവീസ് നൽകൂ, ജനത്തെ ആകർഷിക്കൂ എന്ന് ഇവരോട് ആരു പറഞ്ഞു മനസ്സിലാക്കും.

www.malankaralibrary.com





# ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്)

റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി.

വിശ്വാസിയുടെ ക്രിസ്തീയ അസ്തിത്വം ആരാധനയിൽ കേന്ദ്രീകൃതമാണ്. പറുദീസായിലേക്കുള്ള തീർത്ഥാടനത്തിന്റെ ഉയിരും പ്രബലതയും നല്കുന്നത് ആരാധനയുടെ സജീവ ആഘോഷമാണ്. ത്രീയേക ദൈവത്തെ കണ്ടുമുട്ടുന്നതും ജീവിതത്തെ അപ്രകാരം ക്രമപ്പെടുത്തുന്നതും പ്രസ്തുത സഭാ ജീവിതമുന്നേറ്റത്തിലാണ്. വി. ഗ്രന്ഥത്തിന്റെ ജീവസഞ്ചരണം ആരാധനയുടെ തിരുവചന അസ്തിവാരം പ്രദാനം ചെയ്യുന്നു. ആരാധന സഭയുടെ ആത്മീയ മുന്നേറ്റമായതിനാൽ സഭയോടൊപ്പം ആയിരിക്കേണ്ടതിന്റെ അനിവാര്യതയും അത് വ്യക്തമാക്കുന്നു. ദൈവീക രഹസ്യങ്ങൾ രഹസ്യാത്മകമായിരിക്കുന്നതിനാൽ അടയാളങ്ങളിലൂടെ ആഘോഷിച്ച് പങ്കാളിത്വം സാധ്യമാക്കുവാൻ ആരാധനാക്രമം സഹായിക്കുന്നു. ദൈവമഹത്വീകരണവും ആരാധകരുടെ വിശുദ്ധീകണവും ക്രിസ്തീയ ആത്മീയതയുടെ അടിസ്ഥാന ലക്ഷ്യമായിരിക്കുന്നതിനാൽ ആരാധന തന്നെ അതിന് വേദിയൊരുക്കുന്നു. ഉന്നതങ്ങളിൽ നിന്നുള്ള മഹോന്നതന്റെ അവരോഹണവും ഭൗമീകതയിൽ നിന്നുള്ള ഭക്തരുടെ ആരോഹണവും സംഭവ്യമാകുന്നു; ഇരുകൂട്ടരും പരസ്പരം കണ്ടുമുട്ടുകയും ചെയ്യുന്നു. ആരാധനയുടെ പൊതുസ്വഭാവങ്ങളുടെ തുടർച്ചയായ വിവരണം താഴെ കൊടുക്കുന്നു:

**വിശ്വാസ പ്രഘോഷണത്തിന്റെ കൃത്യമായ ഇടം**

ക്രിസ്തീയത എന്നത് ചില അമൂർത്തമായ സത്യങ്ങളെ വിവരിക്കുന്ന താത്വികമായ അനുമാനങ്ങളുടെ സംഗ്രഹമല്ല; പിന്നയോ സൃഷ്ടാവും സജീവനുമായ ദൈവത്തോടുള്ള സൃഷ്ടിയുടെ ഐക്യത്തിന്റെ ബന്ധമാണത്. ഐക്യമെന്ന അവസ്ഥ വിവരിക്കുന്നത് സജീവമായ ദൈവത്തോടുള്ള സ്നേഹവും ആരാധനയുമാണ്. ദൈവീകജീവനിലുള്ള പങ്കാളിത്വമാണിത്. ദൈവീക സ്നേഹത്തിന്റെ വിശാലതയിൽ മനുഷ്യന് നല്കപ്പെട്ട ദാനമാണത്. പൗരസ്ത്യസഭയിൽ വിശ്വാസസത്യങ്ങളും അതുമായി ബന്ധപ്പെട്ട പ്രബോധനങ്ങളും ആരാധനയുടെ ഉള്ളടക്കത്തിന്റെ തന്നെ ഭാഗമാണ്. പ്രസ്തുത വിശ്വാസസത്യങ്ങളെ ബൗദ്ധിക തലങ്ങളിൽ ദർശിക്കുവാനും ഇവിടെ വിവക്ഷിക്കുന്നില്ല. ആയതിനാൽ ആരാധനയെ ക്രിസ്തീയ വിശ്വാസസത്യങ്ങളുടെ 'Plastic representation' എന്നും വിളിക്കാറുണ്ട്. ആരാധന ഇവിടെ രഹസ്യങ്ങളുടെ 'പുനരാവിഷ്ക്കരണ ക്രമമായും' അവതരിപ്പിക്കുന്നു. വിശ്വാസ സത്യങ്ങൾ യഥാക്രമമായും ആവർത്തിച്ചും ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത്തരണത്തിലാണ് ആവർത്തനത്തിന്റെ പ്രസക്തി ദർശിക്കേണ്ടത്. അത് ബോധനപരമായ ആന്തരോദ്ദേശ്യം ഉൾക്കൊള്ളുന്നു; അത് സഭയുടെ ദൈവാനുഭവത്തിന്റെ

www.malankaralibrary.com

സാക്ഷ്യ പ്രഘോഷണമാണ്. ക്രിസ്തീയ ജീവിതോദ്ദേശ്യത്തിന്റെയും അർത്ഥത്തിന്റെയും ഉറപ്പുള്ള പ്രഖ്യാപനവുമാണത്. ആരാധന എന്നത് യഥാർത്ഥ വിശ്വാസത്തിന്റെ (Orthodoxia) പ്രഘോഷണ ഇടമാണ്. യഥാർത്ഥ വിശ്വാസ സത്യങ്ങൾ ഉൾക്കൊള്ളുന്ന ആരാധനയുടെ പ്രഘോഷണം വഴി, ക്രിസ്തീയ ജീവിതം വിവക്ഷിക്കുന്ന ദൈവീക പദ്ധതിയോട് വിശ്വസ്തരായിരിക്കാൻ സഹായിക്കുന്നു. മായം ചേർക്കാതെയും കളങ്കപ്പെടുത്താതെയും വിശ്വാസ നിക്ഷേപത്തെ (Deposit of Faith) പരിപാലിക്കുവാൻ ആരാധനയുടെ ആഘോഷം നിർബന്ധിക്കുന്നു. വി. ഐറേനിയോസ്, വി.കുർബാനയും വിശ്വാസസത്യങ്ങളും തമ്മിലുള്ള പാരസ്പര്യത വ്യക്തമാക്കുന്ന ചിന്ത ഇത്തരണത്തിൽ സ്മരണീയമാകുന്നു: 'നമ്മുടെ വിശ്വാസ സത്യങ്ങൾ, വി. കുർബാനയോട് പൊരുത്തപ്പെടുന്നു; വി. കുർബാന ആകട്ടെ വിശ്വാസസത്യങ്ങളെ സ്വീകരിക്കുകയും ചെയ്യുന്നു'. വി. കുർബാന ഉൾപ്പെടുന്ന സഭയുടെ ആരാധനക്രമത്തിന്റെ ഉള്ളടക്കവും, ഉൾപ്പെടുത്തിയിരിക്കുന്ന സാഹചര്യവും വിശ്വാസ സത്യങ്ങളുടെ എതിർ സാക്ഷ്യങ്ങളും അസത്യസിദ്ധാന്തങ്ങളുടെ പശ്ചാത്തലവുമായിരുന്നു. അപ്രകാരം ആരാധനയുടെ ആഘോഷം വിശ്വാസ സത്യങ്ങളിൽ ജീവിക്കുവാനും സാക്ഷ്യമാകുവാനും സഹായിക്കുന്നു.

**യുഗാന്ത്യോന്മുഖമായ ആരാധനാക്രമം**

ശ്രേഷ്ടതയാർന്ന തനിമയിൽ തന്നെ യുഗാന്ത്യോന്മുഖത എന്ന ആശയം ആഘോഷത്തിന്റെ വിഷയമാക്കിയിരിക്കുന്നു. സംഭവ്യമായതും(already) സംഭവ്യമാകുവാൻ പോകുന്നതും (not yet) ആയ രണ്ട് അവസ്ഥകളെ സമന്വയിപ്പിക്കുവാൻ ആരാധനാ ദൈവശാസ്ത്രം ലക്ഷ്യംവെയ്ക്കുന്നു. ക്രിസ്തു എന്ന ആരാധനയുടെ കേന്ദ്രവും മാതൃകയും അവതരിപ്പിക്കപ്പെടുന്നത് 'വന്നവനും വരുവാനിരിക്കുന്നവനും' എന്ന വിശേഷണത്താലാണ്. പൗരസ്ത്യ ദൈവശാസ്ത്രപ്രകാരം, മ്ശിഹായുടെ രണ്ടാം വരവ്, അന്ത്യ വിധി എന്ന ദർശനത്തിന്റെ നീതിപരിപാലനതയല്ല വെളിവാക്കുന്നത്. രണ്ടാം വരവ് പ്രത്യാശയുടെയും രക്ഷയുടെയും അനുഭവമായിട്ടാണ് അവതരിപ്പിക്കപ്പെടുന്നത്. ആരാധനാക്രമം തന്നെ അത് സാക്ഷ്യപ്പെടുത്തുന്നു: 'മ്ശിഹായിൽ മരിച്ചവരേ, നിങ്ങൾ ദു:ഖിക്കണ്ടാ, എന്തെന്നാൽ ഇതാ പുനരുത്ഥാനവും പ്രതിഫലത്തിന്റെ ദിവസവും സമീപിച്ചിരിക്കുന്നു. നിങ്ങൾ കബറുകളിൽ നിന്നു നാശം കൂടാതെ എഴുന്നേല്ക്കുകയും രാജപുത്രന്റെ എതിരേല്പിനു ധൃതിയോടെ പുറപ്പെടുകയും ചെയ്യും. മഹത്വത്തിന്റെ അങ്കി നിങ്ങൾ ധരിക്കയും അവന്റെ മുമ്പിൽ സ്തുതി പാടുകയും ചെയ്യും. ആദാമിന്റെ മക്കളെ ഉയിർപ്പിക്കുന്നവനേ, കരുണ തോന്നി ഞങ്ങളെ അനുഗ്രഹിക്കേണമേ' (ശ്ഹീഹോ നമസ്ക്കാരം, ചൊവ്വ ഒൻപതാം മണി). രണ്ടാം വരവിനെ ആരാധനാക്രമം അവതരിപ്പിക്കുന്നത് പ്രത്യാശയുടെയും ജീവന്റെയും അനുഭവമായിട്ടാണ്. ദൈവജനം ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ട് പാപമോചനം പ്രാപിക്കേണ്ടതാണ്. അനന്യമായ രീതിയിൽ സുറിയാനി ദൈവശാസ്ത്രം പ്രസ്തുത യുഗാന്ത്യോന്മുഖ ദൈവശാസ്ത്രത്തെ പരിശുദ്ധാത്മ കേന്ദ്രീകൃതമായി അവതരിപ്പിക്കുന്നു. എന്തെന്നാൽ പരിശുദ്ധാത്മാവ് അത്തരണത്തിൽ നമ്മൾക്കു വേണ്ടി ആഗ്രഹിക്കുകയും മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്യുന്നത് രക്ഷാകര രഹസ്യങ്ങളുടെ യുഗാന്ത്യപൂർത്തികരണത്തിനാണ്. അപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: 'പരിശുദ്ധാത്മ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാന പ്രത്യേകത അതിന്റെ യുഗാന്ത്യോന്മുഖതതന്നെയാണ്'. യുഗാന്ത്യപുരുഷനായ ക്രിസ്തുവിനെ 'അവസാന ആദമായിട്ടാണ്' ചിത്രീകരിക്കുന്നത്. സാരാംശത്തിൽ, ആരാധനാക്രമം ചിട്ടപ്പെടുത്തിയിരിക്കുന്നത് ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ ആദ്യ വരവിനും മഹത്വപൂർണ്ണമായ രണ്ടാം വരവിനും മുന്നാസ്വാദനത്തിനും മദ്ധ്യത്തിലുമാണ്. കൗദാശിക അനുഗ്രഹങ്ങളാൽ സാധ്യമാകുന്ന ഐക്യത്തിന്റെ പൂർത്തികരണമായിട്ടാണ് യുഗാന്ത്യവസ്ഥ സഭയുടെ ആരാധനാക്രമം വിവരിക്കുന്നത്. സഭ, അവളുടെ ആരാധനാക്രമത്തിന്റെ ആഘോഷത്താൽ ക്രിസ്തുവിൽ ഏവരുടെയും ഐക്യത്തിന്റെ പൂർത്തികരണത്തിന് സാക്ഷ്യം നല്കുന്നത്. ആരാധനയുടെ 'ആഘോഷ സമയം' തന്നെ വിശുദ്ധമാകുന്നു; കാരണം അത് യുഗാന്ത്യത്തിലെ പൂർത്തികരണത്തോട് ചേർന്ന് നില്ക്കുന്നു. വരുവാനിരിക്കുന്ന കാലത്തോട് അത് ബന്ധപ്പെട്ട് നില്ക്കുന്നു. ആരാധനാ, അപ്രകാരം യുഗാന്ത്യ സൗഭാഗ്യങ്ങൾക്കുള്ള തയ്യാറെടുപ്പും മുന്നാസ്വാദനവുമാണ്.

**അസ്തിത്വപരവും ജീവിതാധിഷ്ഠിതവുമായ അനുഷ്ഠാനം**

കാൾ റാഹ്ണർ എന്ന ദൈവശാസ്ത്രജ്ഞൻ പറയുന്ന പ്രകാരം, സഭ, ക്രിസ്തുവിനെ കൗദാശികമായും അസ്തിത്വപരമായും കണ്ടുമുട്ടുന്നു. പ്രാരംഭ കൂദാശകളിൽ തന്നെ ഒരു വിശ്വാസി ക്രിസതുവിന്റെ മരണത്തോട് ചേർന്ന് നിന്നുകൊണ്ട് സ്നാനം ഏല്ക്കുകയും പ്രസ്തുത മരണത്തിന്റെ രഹസ്യം രണ്ടാം വരവുവരെ പ്രഖ്യാപിക്കുകയും ചെയ്യുന്നു. പരിത്യാഗത്തിന്റെ വീഥികളിൽ ക്രിസ്ത്യാനി ക്രിസ്തുവുമായി ബന്ധത്തിലാകുന്നു. സഭയോടൊപ്പമുള്ള ചേർച്ചയിൽ വിശ്വാസി സുവിശേഷ ഉപദേശങ്ങളുടെ പ്രാവർത്തീകരണത്തിന് പരിശ്രമിക്കുന്നു. ആരാധന ജീവിതഗ്രന്ഥിയാണ്; അത് ശരിയായ ജീവിതക്രമത്തിനും വളർച്ചയ്ക്കും വിശ്വാസിയെ സഹായിക്കുന്നു. ആരാധനയിൽ സംഭവ്യമാകുന്ന വിശ്വാസ പരിശീലനം, ജീവിത മുന്നേറ്റത്തിന് ക്രിസ്ത്യാനിയെ പ്രേരിപ്പിക്കുന്നു.

www.malankaralibrary.com





വിശ്വാസമെന്നത് ദൈവത്തിലുള്ള അടിയുറച്ച ബന്ധുത്വവും അനശ്വര ജീവനിലേക്കുള്ള തീർത്ഥാടനവുമാണ്. മാമോദീസായിലൂടെ ആരംഭിക്കുന്ന വിശ്വാസ വളർച്ചയ്ക്ക് ജീവിതത്തിന്റെ സമഗ്രവികസനം കാരണമാകുന്നു. ആരാധകർ ഇവിടെ നിഷ്ക്രിയരല്ല; പിന്നയോ ദൈവമഹത്വീകരണത്തിലൂടെ ജീവിതത്തെ പ്രകാശീകൃതമാക്കുവാൻ പരിശ്രമിക്കുന്നു. വിശുദ്ധമായ ജീവിതക്രമം ആരാധനയുടെ ഒരുക്കവും ഫലവുമാണ്. പ്രാർത്ഥിക്കാൻ വന്നിടുമ്പോൾ ആത്മ ശരീരങ്ങളെ പവിത്രീകരിക്കണമെന്നും, അപ്പോൾ കർത്താവ് അവന്റെ പ്രാർത്ഥന കേൾക്കുകയും അവന്റെമേൽ കരുണയായിരിക്കുകയും ചെയ്യുമെന്നും അനുദിന പ്രാർത്ഥനാക്രമം സാക്ഷ്യപ്പെടുത്തുന്നു. ആരാധന ദൈവരാജ്യത്തിന്റെ പ്രഘോഷണവും ജീവിതാനുഭവവും പകർന്ന് നല്കുന്നു. രണ്ട് ആരാധനാക്രമങ്ങൾക്കാണ് ഭക്തൻ സാക്ഷിയാകുന്നതും ആഘോഷിക്കുന്നതും: ആഘോഷിക്കുന്ന ആരാധനയും ജീവിക്കുന്ന ആരാധനയും. രണ്ടാം ക്രമം ആദ്യത്തിന്റെ തുടർച്ചയും ജീവിതാവിഷ്ക്കാരവുമാണ്. ആയതിനാൽ അതിനെ 'ആരാധനയ്ക്കു ശേഷമുള്ള ആരാധന' എന്നും വിശേഷിപ്പിച്ചിരിക്കുന്നു. അതിലാണ് ദൈവശാസ്ത്ര വിശകലനമായ' 'lex orandi-lex credendi-lex vivendi''- പ്രാർത്ഥന വിശ്വാസത്തിലേക്കും വിശ്വാസം ജീവിതത്തിലേക്കും' യാഥാർത്ഥ്യമായിരിക്കുന്നത്.

**മിശിഹാനുകരണത്തിന് ഇടയാക്കുന്ന താപസ ജീവിത വീക്ഷണം**

സ്വയം ശൂന്യവല്ക്കരണത്തിന് വിധേയമായ ദൈവീക രഹസ്യത്തിന്റെ ആഘോഷമാണ് ആരാധന. ജീൻ കോർബോൺ എന്ന ദൈവശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നത് ഇപ്രകാരമാണ്: സൃഷ്ടികർമ്മമാണ് ദൈവം പ്രകടമാക്കിയ ആദ്യത്തെ ശൂന്യവല്ക്കരണം. രണ്ടാം ശൂന്യവല്ക്കരണം രക്ഷാകര ചരിത്രമാണ്. മനുഷ്യാവതാര രഹസ്യം ശൂന്യവല്ക്കരണം യാഥാർത്ഥ്യമാക്കിയപ്പോൾ ഒരു സ്വർഗ്ഗീയ പ്രവേശനവും ഇടയാക്കി തീർത്തു. മാനവനെ ഉന്നതിയിലേക്ക് പ്രവേശിപ്പിക്കുകയായിരുന്നു ക്രിസ്തുവിന്റെ ശൂന്യവല്ക്കരണത്തിന്റെ ലക്ഷ്യം. അപ്രകാരം ആരാധന വഴിയായി ദൈവമനസ്സിനോട് വിധേയത്വപ്പെടുവാൻ പ്രസ്തുത ശൂന്യവല്ക്കരണത്തിന്റെ ആഘോഷം ഇടയാക്കുന്നു. ജീവിതഗ്രന്ഥിയായ ആരാധന, അപ്രകാരം താപസജീവിത വീക്ഷണവും മ്ശിഹാനുകരണവും പ്രോത്സാഹിപ്പിക്കുന്നു. ക്രിസ്തുവിലേക്കുള്ള ഒരു പരിവർത്തനമാണിവിടെ വിവക്ഷിക്കുന്നത്. ക്രിസ്തുവിന്റെ പാതകളെ അനുഗമിക്കുന്ന തീർത്ഥാടനത്തിന്റെ അനുഭവമാണ് ആരാധന. ക്രിസ്തുവിനോടുള്ള വ്യക്തിപരമായ സംസർഗ്ഗത്തിനും ചങ്ങാത്തത്തിനും അനുഷ്ഠാനം ഇടയാകുന്നു. ഭക്തനിൽ ക്രിസ്തു രൂപപ്പെടുകയാണിവിടെ. ആയതിനാൽ ആരാധനയുടെ അനുഷ്ടാനം ജീവിതത്തിന്റെ ആഘോഷമാണ്. ക്രിസ്തുവിന്റെ മനസ്സിനോടുള്ള സദൃശീകരണത്തിനും ആരാധന വേദിയാകുന്നു. ക്രിസ്താനുകരണമെന്നത് അനുഗമനത്തെക്കാളധികം ക്രിസ്തുവുമായുള്ള ഐക്യമാണ്. ദൈവീകരണമാണ് ആരാധനയിൽ സംഭവ്യമാകുന്നത്. അവിടെ പവിത്രീകരണവും പ്രകാശീകരണവും അത്യന്ത്യാപേക്ഷിതമാണ്; താപസചര്യങ്ങൾ ഭക്തന്റെ മാർഗ്ഗത്തിലും ദർശനത്തിലും അനിവാര്യഘടകങ്ങൾ തന്നെയാണ്. ക്രിസ്തു രൂപപ്പെടുന്നതിനുള്ള 'ഈറ്റ് നോവ്', താപസമാർഗ്ഗമാണ് വിവക്ഷിക്കുന്നത്; അത് ആരാധനാക്രമം ഉൾക്കൊള്ളുന്നു.



www.malankaralibrary.com




BOOK REVIEW

# *The Contemporary Family:*
## *What Parents and Children Need to Know*

**Rev. Dr. Thomas Kuzhinapurath**

The Most Relevant and Holistic Guidebook
on Tackling the Challenges of
Contemporary Family Life

**Anju Devadas**

Every book that has tried to reflect on the structural changes, chaotic internal relations and the pressing issues confronting contemporary families often overlooks or fails to discuss certain contentious questions making us realize the urgent need for a comprehensive and integrated volume. The spanking new publication *The Contemporary Family: What Parents and Children Need to Know* edited by Dr. Thomas Kuzhinapurath is unique in the catalogue of books imparting family values as it provides a balanced research-based analysis exploring the diverse and complex aspects of the pressures of modern family relationships. This insightful text is a considerable accomplishment for it integrates biblical, ethical, sociological, and clinical perspectives into the understanding of present-day families.

Put together by an outstanding group of scholarly intellectuals from a wide array of disciplines, this all-encompassing and absorbing handbook chews over varied talking points on every facet of family life. Divided into 20 topic-specific sections, this compilation of academic essays offers profound wisdom and understanding on how to transform one's home into a place of abiding love, happiness and prosperity. The introductory chapter concerns family as the most precious and greatest gift to mankind,the bedrock upon which society is built and the common challenges families face today. The succeeding string of chapters ponder over the pro-life convictions and the sanctity of life, the developmental stages that every human being passes through – infancy, childhood, adolescence, youth, adulthood and old age and the dangers and traps in store for us in each stage.

This book devotes chapters to deliberate about the perils and risks commonly encountered in children's development. It discusses at length the effective ways to discipline the child, the guidelines for media use and screen time, derailed adolescence and juvenile delinquency, healthy parenthood and parenting styles, the role of parents in the education of their children as well as in growing into responsible and disciplined citizens, and the importance of teaching confidence, determination, hardwork and self-reliance.The book also delves into the significance of family health, the benefits of reading as a family, the need for a farming culture in each family for self-sufficiency, the importance of family counselling, the need for family budget and money management, and the utmost need of developing a media culture in families.

Considering what this book has masterly achieved, it will definitely be widely assigned as well as widely read. I learned a lot from reading it and it would be the most essential and educational read to every family stepping into parenthood and childcare. This book instils in us the indispensable values families should strive to embrace for the betterment and well-being of each member of the family. The book is organised and designed in such an accessible way that we just follow the path it has laid out. Each essay boasts high-quality writing as it earns the trust of the reader with its clarity, coherence, comprehensibility and unity. At a time when we witness a culture of divisiveness in our families, this book is relevant and invaluable for it not only teaches how to strengthen family bonds but also to live intentionally, making a difference in the world.

www.malankaralibrary.com





റവ. ഫാ. ജോഷി മയ്യാറ്റിൽ


# ഈ നരകത്തിന് ഈ മാലാഖമാരുടെ ആവശ്യമുണ്ട്

പ്രതീക്ഷകൾ അസ്ഥാനത്തായ സായാഹ്നമായിരുന്നു അത്. വിചാരിക്കാത്തത് കാണേണ്ടിവന്നതിന്റെ ഷോക്ക് ഇതുവരെ മാറിയിട്ടില്ല!

ഒരു വിശുദ്ധയുടെ ജീവചരിത്രം എന്ന ചിന്തയോടെയാണ് *Face of the Faceless* എന്ന സിനിമ കാണാൻ കൂട്ടുകാരായ വൈദികരോടൊപ്പം ഞാൻ പോയത്. വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെട്ട സി. റാണി മരിയയുടെ ജീവിതം കാണാൻ പോയ ഞാൻ സത്യത്തിൽ കണ്ടത് എന്റെ മാതൃരാജ്യത്തിലെ സഹപൗരന്മാരുടെ ദുരവസ്ഥ ആണ്! ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും ഇന്ത്യയിലെ ചിലയിടങ്ങളിൽ ആദിവാസിജീവിതം എത്ര നരകതുല്യമാണ് എന്നതിന്റെ നേർക്കാഴ്ചയാണ് മുഖമില്ലാത്തവരുടെ മുഖം... ജന്മിമാർക്കും അവരുടെ ശിങ്കിടികൾക്കും മുന്നിൽ ഓച്ഛാനിച്ചു നില്ക്കേണ്ടവർ, കുടിവെള്ളം എടുക്കാൻ അനുവാദം ഇല്ലാത്തവർ, ചെയ്ത തൊഴിലിനു കൂലി ചോദിക്കാൻ സ്വാതന്ത്ര്യം ഇല്ലാത്തവർ, വായനയറിയാതെ മുദ്രപ്പത്രത്തിൽ തള്ളവിരൽ കൊണ്ട് ഒപ്പു ചാർത്തി ജീവിതവും കുടുംബവും വസ്തുവകകളും തുലയ്ക്കാൻ വിധിക്കപ്പെട്ടവർ, സ്ത്രീകളുടെ മാനവും പുരുഷന്മാരുടെ ആത്മാഭിമാനവും കുട്ടികളുടെ സുരക്ഷിതത്വവും അന്യമായവർ - ഇങ്ങനെ സിനിമ മുന്നോട്ടുവയ്ക്കുന്ന ആദിവാസിപ്രശ്നങ്ങൾ നിരവധിയാണ്.

'ആദിവാസികൾ നരകിക്കാൻ വേണ്ടി ജനിച്ചവരാണ്' എന്ന് ആക്രോശിക്കുന്ന ഒരു പഞ്ചായത്തു പ്രസിഡണ്ടിനെയും ജന്മിയായ മാലിക്കിനു മുന്നിൽ ഓച്ഛാനിച്ചു നില്ക്കുന്ന ഉന്നത പോലീസുദ്യോഗസ്ഥനെയും 'ഇവിടത്തെ രീതികളെ എനിക്കു ഭയമാണ്' എന്നു തുറന്നുപറയുന്ന ഒരു ഡോക്ടറെയും കണ്ടപ്പോൾ സത്യത്തിൽ എനിക്ക് ഓർമ വന്നത് സ്റ്റാൻ സാമിയച്ചന്റെ അനുഭവമാണ്. ആദിവാസികൾക്കുവേണ്ടി സുധീരം നിലകൊണ്ട് അവരെ ശക്തിപ്പെടുത്തിയ ആ വൃദ്ധവൈദികനെ മോദിസർക്കാർ അന്യായമായി ജയിലിലടയ്ക്കുകയും പാർക്കിൻസൺസ് ബാധിച്ച അദ്ദേഹത്തിന് വെള്ളം കുടിക്കാൻ ഒരു സ്ട്രോപോലും കൊടുക്കാതിരിക്കുകയും ചെയ്ത സംഭവം പാരമ്യത്തിലെത്തിയത് അദ്ദേഹത്തിന്റെ കസ്റ്റഡിമരണത്തിലാണ്.

www.malankaralibrary.com




**ഇവർ നിങ്ങളുടെ ആരാണ്?**

'ഇവർ നിങ്ങളുടെ ആരാണ്? നിങ്ങൾ എന്തിനാണ് അവർക്കു വേണ്ടി ഇത്ര വിഷമിക്കുന്നത്? അവർ നിങ്ങളുടെ വീട്ടുകാരൊന്നുമല്ലല്ലോ' എന്ന ഡോക്ടറുടെ ചോദ്യത്തിന് സി. റാണി മരിയ കൊടുത്ത മറുപടി 'കുറച്ചു സ്നേഹത്തോടെ നോക്കിയാൽ നമ്മളെല്ലാവരും ഒന്നല്ലേ?' എന്നായിരുന്നു. സത്യത്തിൽ, ഈ ബോധ്യമാണ് ജീവൻ പണയം വച്ചും വിവിധ ദേശങ്ങളിലേക്കും സംസ്കാരങ്ങളിലേക്കും കടന്നുചെന്ന് മനുഷ്യർക്കു വേണ്ടി വലിയ റിസ്കുകളെടുക്കാൻ ആയിരക്കണക്കിനു മിഷനറിമാരെ എന്നും പ്രേരിപ്പിച്ചിട്ടുള്ളത്. ഈ ബോധ്യം തന്നെയാണ് സിനിമ കഴിഞ്ഞിറങ്ങുന്ന പ്രേക്ഷകനെ വിടാതെ പിന്തുടരുന്നതും.

**സുപരിചിതം, ജനഭരിതം**

വാഴ്ത്തപ്പെട്ട സി. റാണി മരിയയുടെ ജീവിതം അഭ്രപാളികളിൽ പുനർജനിച്ചപ്പോൾ തിയേറ്ററുകൾ നിറഞ്ഞുകവിയുകയാണ്. പല തിയേറ്ററുകളിലും ഹൗസ് ഫുൾ ആയിരുന്നു. കഴിഞ്ഞ ദിവസം ആലുവ സീനത്ത് തീയേറ്ററിൽ ഞങ്ങൾ ചെന്നപ്പോൾ അവിടെ കാണികളായുണ്ടായിരുന്ന വൻ ജനാവലി അതിശയിപ്പിക്കുന്നതായിരുന്നു. ചില സന്യാസിനികളെയും അക്കൂട്ടത്തിൽ കാണാമായിരുന്നു.

ഈ ജനത്തിരക്കിന്റെ കാരണം വ്യക്തമാണ്: 1995ൽ മധ്യപ്രദേശിലെ ഉദയ്നഗറിൽ ഒരു ബസ്സിൽ വച്ച് സമന്ദർ സിങ് എന്ന വാടകക്കൊലയാളി സി. റാണി മരിയയെ കൊന്നപ്പോൾ 54 കത്തിക്കുത്തുകളുടെ പാടുകൾ ആ ശരീരത്തിൽ ഉണ്ടായിരുന്നു. പാവപ്പെട്ട ആദിവാസികൾക്കുവേണ്ടി ഭൂജന്മിമാരുടെ അപ്രീതി സമ്പാദിച്ച ഒരു സന്യാസിനി അത്ര ക്രൂരമായി കൊലചെയ്യപ്പെട്ടത് അന്ന് ഏവരെയും വിഷമിപ്പിച്ച സംഭവമാണ്. എന്നാൽ, അതിനു ശേഷം നടന്ന കാര്യങ്ങളും വാർത്തകളിൽ നിറഞ്ഞു നിന്നിരുന്നു. രക്തസാക്ഷിയുടെ സഹോദരി ജയിലിൽ പോയി ഘാതകനെ കണ്ടു മാപ്പു നല്കിയതും 'സഹോദരാ' എന്നു വിളിച്ചു രാഖി കെട്ടിയതും അയാൾ സി. റാണി മരിയയുടെ വീട്ടിൽ വന്നതും സിസ്റ്ററിന്റെ അമ്മ അയാളോടു ക്ഷമിച്ചതും 2017-ൽ വാഴ്ത്തപ്പെട്ടവളായി നാമകരണം ചെയ്യപ്പെട്ടപ്പോൾ സിസ്റ്ററിന്റെ ഘാതകൻ മുൻനിരയിലെ ഇരിപ്പിടത്തിൽ ത്തന്നെ ഉണ്ടായിരുന്നതുമെല്ലാം പിന്നീട് വാർത്തകളിലൂടെ നമ്മൾ അറിഞ്ഞതാണ്. അതിനാൽത്തന്നെ ഈ സിനിമ ഏവരും സന്തോഷത്തോടെ ഏറ്റെടുത്തു. എന്നാൽ, സത്യത്തിൽ പ്രേക്ഷകർ ഈ സിനിമയിൽ കാണാൻപോകുന്നത് സി. റാണി മരിയയെ അല്ല, സമകാലികഭാരതത്തെ ആണ്! വിവിധ നരകങ്ങൾ ഭാരതഭൂമിയിലുണ്ടെന്നും ഇത്തരം നരകങ്ങളിൽ ഫാ. സ്റ്റാൻ സാമിയെയും സി. റാണി മരിയയെയും പോലുള്ള മാലാഖമാരുടെ ആവശ്യമുണ്ടെന്നും അവർ തീർച്ചയായും തലകുലുക്കി സമ്മതിക്കും.

**അത്യധികം അഭിനന്ദനാർഹം**

അല്പംപോലും വലിച്ചിലില്ലാതെ മുന്നോട്ടു പോകുന്ന രണ്ടര മണിക്കൂർ ദൈർഘ്യമുള്ള സിനിമയാണിത്. ഉദയ്നഗറിൽ ആദിവാസികളെത്തന്നെ കഥാപാത്രങ്ങളാക്ക നിർമിച്ച ചിത്രത്തിന്റെ കാസ്റ്റിങ് പ്രാഗല്ഭ്യം എടുത്തു പറയാതെ വയ്യാ. മുഖമില്ലാത്തവരുടെ മുഖമാകുന്ന റാണി മരിയയെ തന്മയത്വത്തോടെ അവതരിപ്പിക്കാൻ വിൻസി അലോഷ്യസിന് സാധിച്ചു. ഒഡീഷയിൽ നിന്നുള്ള കലാകാരിയായ സോനലി മൊഹന്തിയാണ് കെർലിയായി പ്രേക്ഷക മനസ്സ് കീഴടക്കുന്നത്. പതിനാറ് സംസ്ഥാനങ്ങളിലെ കലാകാരികളും കലാകാരന്മാരുമാണ് ചിത്രത്തിൽ അഭിനയിച്ചിട്ടുള്ളത്. സംവിധായകൻ ഷെയ്സൻ പി. ജോസഫ് തന്റെ ആദ്യചിത്രത്തിലൂടെ തന്നെ കഴിവു തെളിയിച്ചിരിക്കുന്നു. തിരക്കഥാകൃത്ത് ജയപാൽ അനന്തനും അഭിനന്ദനം അർഹിക്കുന്നു. ഛായാഗ്രാഹകൻ മഹേഷ് ആനിയുടെ കലാവൈഭവം പ്രകടംതന്നെ. കൈതപ്രം ദാമോദരൻ നമ്പൂതിരി രചിച്ച ഗാനങ്ങൾക്ക് അൽഫോൺസ് ജോസഫ് ഹൃദയസ്പശിയായ സംഗീതം നല്കിയിരിക്കുന്നു. ചിത്രത്തിലെ ശബ്ദസംയോജനം പലയിടത്തും നിലവാരമില്ലാത്തതായിപ്പോയി എന്നു നിരീക്ഷിക്കാതെ വയ്യാ.

www.malankaralibrary.com

# ഉപകാരസ്മരണകൾ







ജോസഫ് കോശി





അബ്രഹാം ഫിലിപ്പ്
പൊൻമേലിൽ, തോട്ടുങ്കൽ

www.malankaralibrary.com

# മേജർ ആർച്ചുബിഷപ്സ് ചാരിറ്റി പ്രോജക്റ്റ് 2024

## സെന്റ് ജോൺസ് കമ്മ്യൂണിറ്റി ഹോസ്പിറ്റൽ കാരമ്മൂട്, തിരുവനന്തപുരം



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അധ്യക്ഷനുമായ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ നാമഹേതുകത്തിരുന്നാളിനോട് അനുബന്ധിച്ച് എല്ലാ വർഷവും ഓരോ ജീവകാരുണ്യ പദ്ധതികൾ സഭാമക്കളുടേയും പൊതുസമൂഹത്തിന്റെയും നിർലോഭമായ സഹകരണത്തോടെ അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ നേതൃത്വത്തിൽ മേജർ അതിഭദ്രാസനം നടപ്പിലാക്കുന്ന കാര്യം ഏവർക്കും അറിവുള്ളതാണല്ലോ! 2008 മുതൽ കഴിഞ്ഞ വർഷം വരെ 16 പദ്ധതികളാണ് ഇത്തരത്തിൽ സമാരംഭിച്ച് അനുഗ്രഹകരമായി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. അതിൽ സഹകാരികളായവരെ നന്ദിപുരസ്സരം സ്മരിക്കുന്നു.

2024-ലെ മേജർ ആർച്ചുബിഷപ്സ് ചാരിറ്റി പ്രോജക്ടായി തെരഞ്ഞെടുത്തിരിക്കുന്നത് കാരമ്മൂട്, സെന്റ് ജോൺസ് കമ്മ്യൂണിറ്റി ഹോസ്പിറ്റൽ ആണ്. കാരമ്മൂട് പ്രവർത്തിച്ചിരുന്ന മലങ്കര ബോയ്സ് ഹോമിന്റെ 8000 ചതുരശ്ര അടി ഉള്ള നാലുനില കെട്ടിടത്തിൽ 2023 ഏപ്രിൽ മുതൽ എളിയ രീതിയിൽ പ്രവർത്തനം ആരംഭിച്ച ഈ കമ്മ്യൂണിറ്റി ആശുപ്രതി, 25 കിടക്കകളുള്ളതും 24 മണിക്കൂർ കാഷ്വാലിറ്റി സൗകര്യങ്ങൾ ഉള്ളതും സ്ത്രീകളുടെയും കുട്ടികളുടെയും പുരുഷന്മാരുടെയും പ്രത്യേക വാർഡുകൾ, പത്ത് മുറികൾ എന്നിവയുള്ള അത്യാവശ്യ സൗകര്യങ്ങളോടുകൂടിയതും സാധാരണക്കാർക്ക് സമീപിക്കാവുന്നതുമായ ഒരു സംവിധാനമായി ഉയർത്തുന്നതിന് ആഗ്രഹിക്കുന്നു. പിരപ്പൻകോട്, സെന്റ് ജോൺസ് മലങ്കര മെഡിക്കൽ വില്ലേജിലെ വിദഗ്ധരായ ഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമാക്കുന്നതാണ്. അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ നാമഹേതുകത്തിരുന്നാളിനോടനുബന്ധിച്ച് 2024 ജനുവരി മുതൽ പുതിയ സംരംഭത്തിന് തുടക്കം കുറിക്കുന്നതാണ്. നമ്മുടെ മേജർ അതിഭദ്രാസനാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ തിരുമേനി പ്രസിഡന്റും പെരിയ ബഹു. ജോസ് കിഴക്കേടത്ത് അച്ചൻ സെക്രട്ടറിയുമായ സൊസൈറ്റിയാണ് മേജർ അതിരൂപതയുടെ ഈ സ്ഥാപനത്തിന്റെ ചുമതല നിർവ്വഹിക്കുന്നത്. 2024-ലെ മേജർ ആർച്ചുബിഷപ്സ് ചാരിറ്റി പ്രോജക്ടിന്റെ ഭാഗമായി കാരമ്മൂട്, സെന്റ് ജോൺസ് കമ്മ്യൂണിറ്റി ഹോസ്പിറ്റലിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നിങ്ങൾ ഏവരുടെയും ഔദാര്യപൂർണ്ണമായ സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

97477 07997 (Finance Officer)

85478 56764 (Secretary to His Beatitude)

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2021-2023
Date of Publication 29-11-2023

www.malankaralibrary.com

Christavakahalam Monthly, DECEMBER 2023
Annual Subscription Rs. 150/-
Single Copy Rs. 15/-

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം.
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും....

ക്രൈസ്തവ കാഹളം




വായിക്കുക
വരിക്കാരാകുക
പ്രചരിപ്പിക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com